# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാമനപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ റ്റി വി എം / ജി പി- 13/1620/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/11/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാമനപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ റ്റി വി എം / ജി പി- 13/1620/23 തീയ്യതി: 16/11/2023

## തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 59 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 46 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ ( ഹ ഗ്രേ) | 23-09-2023 | 04-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-09-2023 | 04-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ലിഷ.കെ.വി(ഓഡിറ്റ് ഓഫീസർ)
ശാലിനി.വി.കെ(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
അൻവർരാജ്.എം(സീനീയർ ഗ്രേഡ് ഓഡിറ്റർ)
റീന.ആർ(ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീവിദ്യ.ജി.ഒ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| മനോജ് .എസ് | സെക്രട്ടറി | 01-04-2022 | 01-10-2022 |
| സബീന ബീവി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-10-2022 | 11-10-2022 |
| ഓമന ദേവദാസ് | സെക്രട്ടറി | 12-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അംല.ശക്തിധരൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അജു | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ലേഖ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 09-01-2023 |
| പ്രഭ ബാബു | ഐ സി ഡി എസ് സൂപ്പർവൈസർ | 09-01-2023 | 31-03-2023 |
| ലീന.ജോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| രഞ്ജിത്ത്.ആർ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| സബീന ബീവി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| അൻസി.എ.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ജീജോ മാത്യു | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2022 | 31-03-2023 |
| സരിത വിജയൻ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശാരിക ജെ.എസ്. | വി.ഇ.ഒ. (സർക്കിൾ 1) | 01-04-2022 | 31-03-2023 |
| സുബി വി.എസ്. | വി.ഇ.ഒ. (സർക്കിൾ 2) | 01-04-2022 | 30-05-2022 |
| ശാരിക ജെ.എസ്. | വി.ഇ.ഒ.( സർക്കിൾ 2)ചാർജ്ജ് | 31-05-2022 | 15-11-2022 |
| റിയാസ് | വി.ഇ.ഒ. (സർക്കിൾ 2) | 16-11-2022 | 31-03-2023 |
| ഡോ. രജനി ആർ.വി. | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 31-03-2023 |

..

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൌണ്ടിംഗ് ചട്ടങ്ങള്‍ പ്രകാരമുള്ള എല്ലാ പത്രികകളും വാര്‍ഷിക കണക്കില്‍ ഉള്‍പ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാര്‍ഷിക കണക്കുകളുടെ ഷെഡ്യൂളുകള്‍ ഇതോടൊപ്പമുള്ള പത്രിക സമര്‍പ്പിച്ചിട്ടില്ല | 1-1-2 |
| 4 | കഴിഞ്ഞ വര്‍ഷത്തെ ജനറല്‍ ലഡ്ജര്‍ ട്രയല്‍ ബാലന്‍സ് പ്രകാരമുള്ള ആസ്തി /ബാധ്യതകള്‍ തന്‍വര്‍ഷത്തെ ജനറല്‍ ലഡ്ജര്‍ ട്രയല്‍ ബാലന്‍സുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തന്‍വര്‍ഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയില്‍ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേര്‍ത്തിരിക്കുന്ന തുകയും തമ്മില്‍ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ചെക്ക് നിക്ഷേപിച്ചു- ബാങ്കില്‍ ക്രെഡിറ്റ് ആയില്ല | 1-1-5 |
| 7 | നല്കി മൂന്നുമാസത്തില്‍ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകള്‍ Stale Cheque എന്ന ശീര്‍ഷകത്തിലേയ്ക്ക് മാറ്റിയില്ല | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് എന്‍ട്രികള്‍ രേഖപ്പെടുത്തുന്നില്ല. | 1-1-7 |
| 9 | ഡെപ്പോസിറ്റ് വര്‍ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമായി- ആസ്തിശീര്‍ഷകത്തിലേയ്ക്ക് മാറ്റിയില്ല | 1-1-8 |
| 10 | നീക്കിയിരിപ്പില്‍ നിലവിലില്ലാത്ത അക്കൌണ്ട് ഉള്‍പ്പെട്ടിരിക്കുന്നു | 1-1-9 |
| 11 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് ശേഷം തിരികെ ലഭ്യമായ തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് ക്രമീകരിച്ചിട്ടില്ല | 1-1-10 |
| 12 | വാര്‍ഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയില്‍ ആവശ്യമായ രജിസ്റ്ററുകള്‍ സൂക്ഷിക്കുന്നില്ല | 1-1-11 |
| 13 | ബാങ്ക് ബുക്ക് നെഗറ്റീവ് ബാലന്‍സ് രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-12 |
| 14 | വരവിനേക്കാള്‍ ചെലവ് കൂടി നില്‍ക്കുന്നു | 1-1-13 |
| 15 | ബാങ്ക് ബുക്കില്‍ രേഖപ്പെടുത്തുന്നതിനു മുന്‍പ് ചെക്ക് മുഖേന തുകകള്‍ പിന്‍വലിക്കുന്നു | 1-1-14 |
| 16 | വാര്‍ഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേര്‍ത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-15 |
| 17 | ബാലന്‍സ് ഷീറ്റില്‍ തുക ഉള്‍പ്പെടുത്തിയില്ല | 1-1-16 |
| 18 | സാമ്പത്തിക വര്‍ഷത്തിനുള്ളില്‍ പൂര്‍ത്തീകരിക്കാനുള്ള ചെലവുകള്‍ക്ക് പ്രൊവിഷന്‍ രേഖപ്പെടുത്തിയിട്ടില്ല. | 1-1-17 |
| 19 | ICDS Central Share ന്റെ ചെലവില്‍ തനത്ഫണ്ടിലെ ചെലവു കൂടി ഉള്‍പ്പെടുത്തി ജേണല്‍ ചെയ്തിരിക്കുന്നു. | 1-1-18 |
| 20 | ചെലവഴിക്കാന്‍ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകള്‍ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-19 |

| | | |
|---|---|---|
| 21 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല. | 1-1-20 |
| 22 | വാർഷിക ധനകാര്യപത്രിക- മറ്റ് പരാമർശങ്ങൾ | 1-1-21 |
| 23 | ബജറ്റ് | 1-2 |
| 24 | സാമ്പത്തിക വിശകലനം | 1-3 |
| 25 | ഗ്രാന്റ് വിനിയോഗ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം | 1-4 |
| 26 | പദ്ധതി അവലോകനം | 1-5 |
| 27 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 28 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 29 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 30 | ആറായിരം ജംഗ്ഷൻ നിലമേൽകുന്നം പുതിയ റോഡ് നിർമ്മാണം- എം.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-8-1 |
| 31 | XIII മേലാറ്റമൂഴി വാർഡിൽ മണ്ണ് ജലസംരക്ഷണം- മസ്റ്റ് റോളും വേജ് ലിസ്റ്റും പൊരുത്തപ്പെടുന്നില്ല | 1-8-2 |
| 32 | MNREGS Account -വരവിൽ വ്യക്തതയില്ല | 1-8-3 |
| 33 | പോർട്ട് ലാന്റ് സിമന്റ്- മിഷൻ ഡയറക്ടറുടെ നിർദ്ദേശം പാലിക്കാതെ തുക നൽകി | 1-8-4 |
| 34 | സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ട നികുതികൾ കുറവ് ചെയ്തിട്ടില്ല. | 1-8-5 |
| 35 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 36 | രസീത് പരിശോധന-അപാകതകൾ | 1-10 |
| 37 | നികുതി വരുമാന ശേഖരണം - അവലോകനം | 1-11 |
| 38 | വസ്തു നികുതി അപാകതകൾ | 1-12 |
| 39 | തൊഴിൽ നികുതി അപാകതകൾ | 1-13 |
| 40 | സ്ഥാപനത്തിന്റ ഉടമസ്ഥതയിലുള്ള എല്ലാ കടമുറികളും വാടകയ്ക്ക് നൽകിയിട്ടില്ല. | 1-14 |
| 41 | വാണിജ്യ വ്യവസായ ലൈസൻസ് അപാകതകൾ | 1-15 |
| 42 | എൽ.എസ്.ജി.ഡി എ.ഇ യുടെ വാല്യുവേഷൻ തുകയെക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ഉപയോഗശൂന്യമായ സാധനങ്ങൾ കൈയൊഴിഞ്ഞു | 1-16 |
| 43 | പെർമിറ്റ് അപാകതകൾ | 1-17 |
| 44 | സോളാർ ഫെൻസിങ് - തുടർ പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ് | 1-18 |
| 45 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - കാലഹരണ തീയതിക്ക് ശേഷവും മരുന്നുകൾ വിതരണം ചെയ്തു | 1-19 |
| 46 | പേ വിഷ പ്രതിരോധം, എ.ബി.സി. പ്രോഗ്രാം പദ്ധതികൾ നടപ്പിലാക്കിയില്ല | 1-20 |
| 47 | ഹോമിയോ ഡിസ്പെൻസറിക്ക് ഔഷധം വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല | 1-21 |
| 48 | കമ്മിറ്റി തീരുമാനം - തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ് | 1-22 |
| 49 | പാഥേയം 2022-23 - ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-23 |
| 50 | വാതിൽപ്പടി സേവനം - പദ്ധതി നടപ്പിലായില്ല | 1-24 |
| 51 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്-പദ്ധതികളിലെ | 1-25 |

| | | |
|---|---|---|
| | അപാകത | |
| 52 | മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ഹെൽത്ത് ഗ്രാന്റ് പദ്ധതികളിലെ അപാകതകൾ | 1-26 |
| 53 | മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ക്യാൻസർ നിയന്ത്രണ പദ്ധതി നിർവഹണത്തിലെ അപാകതകൾ | 1-27 |
| 54 | പാലിയേറ്റീവിൽ ഉൾപ്പെട്ട വൃദ്ധജനങ്ങൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങി നൽകൽ 57315/- രൂപയുടെ ടാക്സ് ഇൻവോയിസ് ലഭ്യമല്ല. | 1-28 |
| 55 | ദുരിതാശ്വാസ നിധി രൂപീകരണം മറുപടി ലഭ്യമാക്കിയില്ല | 1-29 |
| 56 | സർക്കാർ അനുമതിയില്ലാതെ വാട്ടർ അതോറിറ്റിയുടെ ആസ്തിയിൽ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനായി തുക ചെലവഴിച്ചു. | 1-30 |
| 57 | വിനിയോഗ വിവരം ലഭ്യമല്ല- ചെലവു തുക 570000 രൂപ തടസ്സപ്പെടുത്തുന്നു. | 1-31 |
| 58 | എസ്റ്റിമേറ്റില്ലാതെയും കരാറിലേർപ്പെടാതെയും ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക കൈമാറൽ-217532/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-32 |
| 59 | പൊതു ടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യുന്നതിന് തുക അടവാക്കൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല- ചെലവു തുക 260000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-33 |
| 60 | ലൈഫ് ഭവന നിർമ്മാണം - പൊതുവായ അപാകങ്ങൾ | 1-34 |
| 61 | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾക്ക് അധിക തുക നൽകി- 240000 രൂപ തിരികെ ഈടാക്കേണ്ടതാണ്. | 1-35 |
| 62 | ലൈഫ് ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-36 |
| 63 | വാല്യൂവേഷന്റെ അഭാവത്തിൽ രണ്ടാം ഗഡു അനുവദിച്ചു- 50000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-37 |
| 64 | വാട്ടർ ടാങ്ക് വിതരണം- അപാകങ്ങൾ | 1-38 |
| 65 | ആസ്തി സംരക്ഷണം, ആസ്തി രജിസ്റ്റർ കാലികമാക്കൽ എന്നിവ പൂർണ്ണമായും നടപ്പിലായില്ല | 1-39 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് സർചാർജ് നടപടി വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25.7.2023 തീയതിയിലെ 1(1) -ാം നമ്പർ ജനറൽ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വാമനപുരം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വാമനപുരം ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

.അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ഉദാ റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ, ,

### 1-1-2 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ ഇതോടൊപ്പമുള്ള പത്രിക സമർപ്പിച്ചിട്ടില്ല

തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ പത്രിക വാർഷിക കണക്കുകളുടെ B1- ഷെഡ്യൂളിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-3 കഴിഞ്ഞ വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരമുള്ള ആസ്തി /ബാധ്യതകൾ തൻവർഷത്തെ ജനറൽ ലഡിജർ ട്രയൽ ബാലൻസുമായി പൊരുത്തപ്പെടുന്നില്ല

കഴിഞ്ഞവർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരമുള്ള ആസ്തി/ബാധ്യതകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസമുണ്ട്. എന്നാൽ മുൻവർഷത്തെ ബാലൻസ്ഷീറ്റുമായി തൻവർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസിലെ മുന്നിരിപ്പ് പൊരുത്തപ്പെടുന്നുണ്ട്.. വിശദാംശം ചുവടെ

| ഹെഡ്ഡ് കോഡ് | 2021-22 വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരം നീക്കിയിരിപ്പ് | 2022-23 വർഷത്തെ എ.എഫ്.എസ് പ്രകാരമുള്ള മുന്നിരിപ്പ് | 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| 320800101 | 134127 | 124227 | 124227 |

| | | | |
|---|---|---|---|
| 340100102 | 71782 | 18657 | 18657 |
| 340100103 | 53766 | 70276 | 70276 |
| 340100301 | 66292 | 87314 | 87314 |
| 340200101 | 297436 | 262381 | 262381 |
| 340200102 | 725 | 8325 | 8325 |
| 340200199 | 1419 | 3054 | 3054 |
| 350109999 | 4715687 | 4344377 | 4344377 |
| 350110102 | 0 | 517588 | 517588 |
| 350110104 | 3901 | 82866 | 82866 |
| 350110108 | 96 | 0 | 0 |
| 350200101 | 60 | 28060 | 28060 |
| 350200102 | 0 | 125770 | 125770 |
| 350200103 | 0 | 15150 | 15150 |
| 350200104 | 0 | 13600 | 13600 |
| 350200105 | 0 | 8285 | 8285 |
| 350200108 | 0 | 10000 | 10000 |
| 350200111 | 3000 | 13000 | 13000 |
| 350200112 | 3000 | 0 | 0 |
| 350200114 | 12000 | 0 | 0 |
| 350200115 | 1750 | 7250 | 7250 |
| 350200199 | 15655 | 0 | 0 |
| 350200204 | 280 | 15839 | 15839 |
| 350200205 | 9758 | 53542 | 53542 |
| 350200206 | 8114 | 53789 | 53789 |
| 350200207 | 5582 | 518 | 518 |
| 350200208 | 309 | 0 | 0 |
| 350300101 | 193335.55 | 179458.55 | 179458.55 |
| 350300112 | 485 | 320 | 320 |
| 350410101 | 855 | 834 | 834 |
| 350410401 | 9218 | 5888 | 5888 |
| 414130001 | 27121 | 0 | 0 |
| 415120008 | 96322 | 92825 | 92825 |
| 415140001 | 11950 | 0 | 0 |
| 416100108 | 0 | -645708 | -645708 |
| 431100101 | 158016 | 0 | 0 |
| 431100102 | 392 | 0 | 0 |
| 431400109 | 54000 | 0 | 0 |
| 431400115 | 2150 | 0 | 0 |
| 450100101 | 390306 | 47418 | 47418 |
| 450210101 | 1753553 | 8831140 | 8831140 |
| 450210102 | 189131 | 0 | 0 |
| 450210104 | 2786450 | 1000000 | 1000000 |
| 450210201 | 962530 | 1000000 | 1000000 |
| 460500501 | 1796836 | 1661177 | 1661177 |
| 460500801 | 1348658 | 812840 | 812840 |

മുൻ വർഷ എ.എഫ്.എസ് പ്രകാരം ജനറൽ ലഡ്ജർ ട്രയൽ ബാലൻസിന്റെ ആകെ നീക്കിയിരിപ്പ് 336792683 ഉം തൻവർഷ ജനറൽ ലഡ്ജർ ട്രയൽ ബാലൻസിന്റെ മുന്നിരിപ്പ് 134182730 രൂപയുമാണ്. മുൻവർഷ ജനറൽ ലഡ്ജർ ട്രയൽ ബാലൻസിലെ

നീക്കിയിരിപ്പുകൾ ബാലൻഷീറ്റുമായി പൊരുത്തപ്പെടാത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4 ന് ബാലൻസ് ഷീറ്റ് പ്രകാരമുള്ള റിപ്പോർട്ടാണ് ശരിയായിട്ടുള്ളതെന്നും ട്രയൽ ബാലൻസ് പ്രകാരമുള്ള റിപ്പോർട്ട് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത് സാങ്കേതിക തകരാറാണെന്നും സോഫ്റ്റ് വെയറിലെ സാങ്കേതിക തകരാറുകൾ പരിഹരിക്കാൻ ഐ.കെ.എം ന് നിർദ്ദേശം നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (5938105/-) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും(5225808) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ILGMS സോഫ്റ്റ് വെയറിലെ പ്രശ്നം കാരണമാണ് അപാകത സംഭവിച്ചതെന്നാണ് ഓഡിറ്റ് എൻക്വയറി 4 ന മറുപടി നൽകിയിട്ടുണ്ട്. അപാകത പരിഹിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-5 ചെക്ക് നിക്ഷേപിച്ചു- ബാങ്കിൽ ക്രെഡിറ്റ് ആയില്ല

എസ്.ബി.ഐ.തനത് ഫണ്ട് അക്കൌണ്ട് നം.57056735744 ന്റെ മാർച്ച് 2023 ലെ റീകൺസിലിയേഷൻ പത്രിക പ്രകാരം Cheque Deposited But Not Cleared എന്ന ഇനത്തിൽ ആകെ 45167/- രൂപ ചെക്ക് നം. രേഖപ്പെടുത്താതെ രസീത് നമ്പരും തീയതിയും മാത്രം രേഖപ്പെടുത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. 12.2.2022 മുതൽ 01.12.2022 വരെയുള്ള രസീത് നമ്പരുകളിലുള്ള തുകകളാണ് ഇപ്രകാരം ഉൾപ്പെട്ടിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 4 ന് സിവിൽ രജിസ്ട്രേഷന വേണ്ടി അപേക്ഷ അക്ഷയ കേന്ദ്രങ്ങൾ വഴി സമർപ്പിക്കുന്ന സമയത്ത് തന്നെ ഫീസ് ഇനത്തിൽ അടവാക്കുന്ന തുകയുടെ വരവ് രേഖപ്പെടുത്തുമെങ്കിലും ബന്ധപ്പെട്ട ബാങ്ക് അക്കൌണ്ടിൽ തുക ലഭ്യമായിട്ടില്ലാത്തതിനാലാണ് റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റിൽ ചെക്ക് നമ്പർ രേഖപ്പെടുത്താൻ കഴിയാത്തതെന്നും തുക അക്കൌണ്ടിൽ ലഭ്യമാകുന്ന മുറയ്ക്ക് റീകൺസിലിയേഷൻ നടപടി പൂർത്തീകരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുക അക്കൌണ്ടിൽ ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-6 നല്കി മൂന്നുമാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല

നല്കി മൂന്നുമാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

| ബാങ്ക് അക്കൗണ്ട് | വൗച്ചർ നം. തീയതി | ചെക്ക് നം. | തുക |
|---|---|---|---|
| State Bank Of India (Life) A/C No. 38065025350 | 21900299/2.7.2019 | 69369/2.7.2019 | 60000 |
| State Bank Of India(own Fund) A/C No. 7056735744 | 22200007/6.4.2022 | 3999373/30.3.2022 | 230 |
| | 22200135/24.5.2022 | 076267/5.5.22 | 130620 |
| | 22100602/31.3.2022 | 393374/30.3.22 | 25470 |
| | 22100620/31.3.2022 | 393362/25.3.2022 | 450 |
| | 22100619/30.09.2022 | 3933364/30.05.2022 | 10000 |
| | 22100638/31.03.22 | 048290/1.2.2022 | 9113 |
| | 22100640/31.03.2022 | 393385/3.2.22 | 877 |
| | 22100649/31.03.2022 | 393362/25.3.22 | 1700 |
| | 22100651/31.03.2022 | 393375/30.3.22 | 500 |
| | 22100652/31.03.2022 | 393375/30.3.22 | 500 |
| | 22100653/31.03.2022 | 393376/30.3.22 | 2520 |
| | 222100161/30.5.2022 | 076287/27.5.22 | 1657 |
| | 22200031/26.4.2022 | 076238/18.4.22 | 1150 |
| | 22100596/5.4.2022 | 393337/21.3.22 | 2000 |
| | 22100253/1.7.2021 | 123341/30.6.21 | 350 |
| | 22100294/7.7.2021 | 23361/6.7.21 | 1050 |
| | 22000501/27.10.21 | 977264/27,10.2020 | 190 |
| | 21900882/18.12.2019 | 60468/18.12.2019 | 450 |
| | 22000279/22.7.2020 | 977164/22.7.2020 | 120 |
| | 21900247/24.6.2021 | 926934/24.6.2019 | 759 |

| | | | |
|---|---|---|---|
| | 21901098/28.2.2020 | 475129/28.2.2020 | 900 |
| | 22000176/9.6.2020 | 977116/9.6.2020 | 260 |
| | 21901169/20.03.2020 | 475162/20.3.2020 | 740 |
| | 21900093/19.5.2019 | 926867/7.5.2019 | 212 |
| | 21901168/20.03.2020 | 475161/8.9.2020 | 399 |
| | 21900202/14.06.2019 | 926915/13.6.2019 | 2000 |
| | 21901171/20.05.2020 | 475164/20.03.2020 | 131 |
| | 220001704/15.01.2021 | 591516/15.1.2021 | 2197 |
| | 32000369/11.2.2021 | 217783/11.2.2021 | 2354 |
| | 22100262/10.12.2021 | 633154/9.12.2021 | 450 |
| | 22200006/6.4.2022 | 393375/30.03.2022 | 500 |
| | 22200008/16.4.2022 | 393372/30.03.2022 | 731 |
| ആകെ | | | 260580 |

തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-1-7 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾ – ചട്ടം 17 (2) പ്രകാരം പ്രതിമാസ സമ്മറി തയ്യാറാക്കുന്നില്ല. വസ്തുനികുതി ലഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി വരുത്തുന്നില്ല. 31.3.2023 ൽ മാത്രമാണ് എൻട്രി വരുത്തിയിട്ടുള്ളത്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 4 ന് ഡിമാന്റുകൾ വിവിധ സെക്ഷനുകളിൽ നിന്നും ലഭ്യമായ മുറയ്ക്കാണ് എൻട്രി ചെയ്യുന്നതെന്നും വസ്തുനികുതി ഉൾപ്പെടെയുള്ളവ വാർഷിക ഡിമാന്റായാണ് രേഖപ്പെടുത്തി വരുന്നതെന്നും സാമ്പത്തിക വർഷാരംഭത്തിൽ ഡിമാന്റ് രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ വരുംവർഷങ്ങളിൽ സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്.

### 1-1-8 ഡെപ്പോസിറ്റ് വർക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമായി- ആസ്തിശീർഷകത്തിലേയ്ക്ക് മാറ്റിയില്ല

RP-49 (R) പ്രകാരം Advance To Implementing Agencies Deposit With Kerala Water Authority പ്രകാരം 3124257/-രൂപ വരവിനത്തിൽ ബുക്ക് ചെയ്തിട്ടുണ്ട്. ആകെ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 6105967 രൂപയിൽ 2981710 രൂപയുടെ വിനിയോഗസാക്ഷ്യപത്രമാണ് ലഭ്യമായിട്ടുള്ളത്. വിനിയോഗിക്കാതെ തിരികെ ലഭിച്ച തുക 3124257 രൂപ ( 6105967-2981710= 3124257) ഇത് ഏതൊക്കെ പദ്ധതിയ്ക്കായി വാട്ടർഅതോറിറ്റിയിൽ നിക്ഷേപിച്ച തുകയാണെന്നും ഏത് വർഷമാണ് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചതെന്നും വിനിയോഗസാക്ഷ്യപത്രത്തിൽ നിന്നും വ്യക്തമല്ല. വിനിയോഗസാക്ഷ്യപത്രം പ്രകാരം Drinking Water Sources ഇനത്തിൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ച 2981710/- രൂപ ആസ്തിശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 18 ന് വിനിയോഗിക്കാതെ അവശേഷിച്ച 3124257/- രൂപയുടേയും അഡ്വാൻസായി ഡെപ്പോസിറ്റ് ചെയ്ത 6105967/- രൂപയുടേയും വിശദാംശങ്ങൾ വാട്ടർ അതോറിറ്റിയിൽ നിന്ന് ശേഖരിച്ച് ലഭ്യമാക്കുന്നതാണെന്നാണ് മറുപടി നൽകിയത്. അപാകത പരിഹരിക്കേണ്ടതാണ്.

### 1-1-9 നീക്കിയിരിപ്പിൽ നിലവിലില്ലാത്ത അക്കൌണ്ട് ഉൾപ്പെട്ടിരിക്കുന്നു

തൻവർഷത്തെ RP-40(b) പ്രകാരം Nationalised Bank Account Of Own Revenue Fund A/C ഇനത്തിൽ 13924/- രൂപ നീക്കിയിരിപ്പുണ്ട്. ആയതിന്റെ ബാങ്ക് ബുക്ക്, റീകൺസിലിയേഷൻ പത്രികകൾ എന്നിവ ഐ.എൽ.ജി.എം.എസിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.4 ന് 2021-22 ൽ ILGMS Software ഉപയോഗിച്ച് തുടങ്ങിയപ്പോൾ രൂപപ്പെട്ട ഡമ്മി അക്കൌണ്ടാണിതെന്നും ആയത് ബാങ്ക് അക്കൌണ്ടിന്റെ പട്ടികയിൽ നിന്ന് നീക്കം ചെയ്യാൻ ഐ.കെ.എം ന് അറിയിപ്പ് നൽകുന്നതാണെന്നുമാണ് മറുപടി. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-1-10 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് ശേഷം തിരികെ ലഭ്യമായ തുക ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് ക്രമീകരിച്ചിട്ടില്ല

RP-49 പ്രകാരം Advance To Implementing Agencies -Deposit With Kerala Water Authority പ്രകാരം- 3124257/-രൂപ വരവിനത്തിൽ തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് ലഭിച്ചിട്ടുണ്ട്. മേൽത്തുക ലഡ്ജർ പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് -ടൈഡ് ഇനത്തിലെ തുക വാട്ടർഅതോറിറ്റിയിൽ നിക്ഷേപിച്ചതിൽ ചെലവഴിക്കാതെ അവശേഷിച്ച തുക തിരികെ ലഭിച്ചതാണ്. മേൽത്തുക B-4 ഷെഡ്യൂൾ പ്രകാരമുള്ള ധനകാര്യകമ്മീഷൻ ഗ്രാന്റ് Liability Head ലേയ്ക്ക് ക്രമീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 18 ന് 2017-18 വർഷം മുതൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്ക വേണ്ടി തുക വാട്ടർഅതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത വരുന്നുണ്ടെന്നും അപ്രകാരം ഡെപ്പോസിറ്റ് ചെയ്ത തുകകൾ ഉപയോഗിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുകയും വിനിയോഗിക്കാതെ അവശേഷിച്ച തുക 2022-23 ൽ തിരികെ ലഭ്യമാക്കുകയാണ് ചെയ്തതെന്നും

സി.എഫ്.സി ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക അക്കൗണ്ട് ആരംഭിച്ചത് 2021 ലാണെന്നും ഇഗ്രാം സ്വരാജ് വഴിയുള്ള പേമെന്റുകൾക്കായി പ്രത്യേക അക്കൌണ്ട് ആരംഭിക്കുന്നതിനു മുൻപ് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ വിനിയോഗിക്കാതെ തിരികെ ലഭിക്കുന്ന തുക ഇ-ഗ്രാം അക്കൌണ്ടിൽ നിക്ഷേപിക്കണമെന്നുള്ള നിർദ്ദേശങ്ങൾ ലഭിക്കാതിരുന്നതിനാലുമാണ് അത് തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നതെന്നാണ് മറുപടി നൽകിയത്. തുക തനത് ഫണ്ടിൽ നിന്നും ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-1-11 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. ഉദാഹരണം കേന്ദ്രാവിഷ്കൃതഫണ്ടുകൾ, സംസ്ഥാനാവിഷ്കൃതഫണ്ടുകൾ എന്നിവയുടെ ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 18 ന് വിവിധതരം ഗ്രാന്റുകളുടെ എ.സി.ആർ, ലോൺരജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ തുടങ്ങിയവ പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കേണ്ടതില്ലായെന്നും എല്ലാ രജിസ്റ്ററുകളും ILGMS ൽ വർഷം തിരിച്ച് ദൃശ്യമാകുന്നതാണെന്ന് വിവിധ ട്രെയിനിംഗുകളിൽ അറിയിപ്പ് ലഭിച്ചതിനെ തുടർന്നാണ് ഇവ മാന്വലായി എഴുതി സൂക്ഷിക്കാതിരുന്നതെന്നും എന്നാൽ കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഗ്രാന്റുകൾ വരുംവർഷങ്ങളിൽ എഴുതി സൂക്ഷിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

### 1-1-12 ബാങ്ക് ബുക്ക് നെഗറ്റീവ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.

1. Sub Treasury (Joint Venture) 799011400001344 ന്റെ ബാങ്ക് ബുക്ക് 31.03.2023 ൽ 90903/- രൂപയുടെ നെഗറ്റീവ് ബാലൻസ് കാണിക്കുന്നു. 29.3.2023 ൽ പേമെന്റ് നൽകുന്നതിനു വേണ്ടി ചെക്ക് നൽകിയിരുന്നുവെന്നും മാർച്ച് 31 തീയതിയിൽ അക്കൌണ്ടിൽ ഉണ്ടായിരുന്ന തുക സർക്കാർ പിൻവലിച്ചതിനെ തുടർന്നാണ് നെഗറ്റീവ് ബാലൻസ് ആയതെന്നുമാണ് മറുപടി.
2. Sub Treasury Kilimanoor(LGTSB) ന്റെ ബാങ്ക് ബുക്ക് 31.03.2023 ൽ 340022/- രൂപയുടെ നെഗറ്റീവ് ബാലൻസ് കാണിക്കുന്നു. 30.3.2023 ൽ പേമെന്റ് നൽകുന്നതിനു വേണ്ടി ചെക്ക് നൽകിയിരുന്നുവെന്നും മാർച്ച് 31 തീയതിയിൽ അക്കൌണ്ടിൽ ഉണ്ടായിരുന്ന തുക സർക്കാർ പിൻവലിച്ചതിനെ തുടർന്നാണ് നെഗറ്റീവ് ബാലൻസ് ആയതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

### 1-1-13 വരവിനേക്കാൾ ചെലവ് കൂടി നിൽക്കുന്നു

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ ചെലവ് ഉയർന്ന് നിൽക്കുന്നു. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് 176410305/- രൂപയും ചെലവ് 176410994/- രൂപയുമാണ്.

### 1-1-14 ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നതിനു മുൻപ് ചെക്ക് മുഖേന തുകകൾ പിൻവലിക്കുന്നു

ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നതിനു മുൻപ് ചെക്ക് മുഖേന തുകകൾ പിൻവലിക്കുന്നു. ഉദാഹരണം ചുവടെ

| വൗച്ചർ നം. തീയതി | ഇനം | തുക | ചെക്ക് നം. തീയതി | ബാങ്കിൽ നിന്ന് തുക പിൻവലിച്ച തീയതി |
|---|---|---|---|---|
| 22200366/10.8.22 | Subhiksha Hotel Inaguration Sound System | 10000 | 152507/1.7.22 | 1.7.22 |
| 22200134/23.5.22 | Purchasing Vehicle Accessories | 11950 | 076248/27.4.22 | 27.4.22 |
| 22200118/19.5.22 | IT Return Filing Charge | 500 | 076249/29.4.22 | 30.4.2022 |
| 22200245/27.6.22 | Burrial Of Unclaimed Dead Bodies | 500 | 152482/6.6.22 | 6.6.22 |
| 22200382/22.8.22 | Culvert Maintanance-Eruloor Ward | 8461 | 152487/7.6.2 | 9.6.22 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 18 ന് പേമെന്റ് നടപടികളുടെ അംഗീകാരത്തിനായി ഫയൽ ILGMS മുഖേന ബന്ധപ്പെട്ടവർക്ക് സമർപ്പിക്കുമ്പോൾ യഥാസമയം അംഗീകാരം നൽകി തിരികെ ലഭ്യമാക്കാൻ ഔദ്യോഗികകാരണങ്ങളാൽ ചിലദിവസങ്ങളിൽ പ്രസിഡന്റിന് കഴിയാതെ വരുന്നതിനാലും ഗുണഭോക്താക്കൾക്ക് തുക ലഭിക്കുന്നതിനുവേണ്ടി നിരന്തരമായി ബന്ധപ്പെടുന്ന സാഹചര്യങ്ങളിൽ അപൂർവ്വമായി പ്രസിഡന്റിന്റെ അനുമതിയ്ക്ക് മുൻപ് പേമെന്റ് നടപടികൾ സ്വീകരിക്കേണ്ടിവന്നിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ വരുത്തുന്നതിനു മുൻപ് ചെക്ക് മുഖേന തുക പിൻവലിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

### 1-1-15 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| ഇനം | ഡിമാന്റ്(രജിസ്റ്റർ പ്രകാരം)/സഞ്ചയ പ്രകാരം | ഡിമാന്റ് (എ.എഫ്.എസ് പ്രകാരം) | കളക്ഷൻ(രജിസ്റ്റർ പ്രകാരം)/സഞ്ചയ പ്രകാരം | കളക്ഷൻ (എ.എഫ്.എസ് പ്രകാരം) | ബാലൻസ്(രജിസ്റ്റർ പ്രകാരം)/സഞ്ചയ പ്രകാരം | ബാലൻസ് (എ.എഫ്.എസ് പ്രകാരം) |
|---|---|---|---|---|---|---|
| വസ്തു നികുതി (തൻവർഷം) | 1920586 | 1920586 | 1905027 | 1905100 | 14490 | 14921 |
| വസ്തു നികുതി Arrear | 6309 | 0 | 6316 | 6316 | 0 | 0 |
| ഷോപ്പിംഗ് കോംപ്ലക്സ് വാടക | 1135886 | 1135886 | 1135886 | 1141774 | 0 | 0 |
| തൊഴിൽ നികുതി -ഇൻസ്റ്റിറ്റ്യൂഷൻസ്/ ട്രേഡേഴ്സ് | 145800 | 204270 | 145800 | 145800 | 0 | 0 |
| ലേലം | 6939 | 697530 | 596435 | 604380 | 0 | 92750 |
| ലൈസൻസ് | 111800 | 146025 | 146100 | 146025 | 0 | 0 |

വസ്തു നികുതി തൻവർഷത്തിൽ സഞ്ചയയിൽ മുൻ അഡ്വാൻസുകൾ ബുക്ക് അഡ്ജസ്റ്റ്മെന്റായത് കാരണമാണ് വ്യത്യാസം കാണപ്പെട്ടതെന്നും വസ്തുനികുതി അരിയറിൽ 7/- രൂപയുടെ വ്യത്യാസത്തിന് കാരണം സഞ്ചയ സോഫ്റ്റ് വെയറിലെ മേൽ അപാകതകൾ കാണപ്പെടുന്നതെന്നമാണ് മറുപടി. അപാകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-16 ബാലൻസ് ഷീറ്റീൽ തുക ഉൾപ്പെടുത്തിയില്ല

1. തൊഴിൽനികുതി ഇൻസ്റ്റിറ്റ്യൂഷൻസ്/ട്രേഡേഴ്സ് ഇനത്തിൽ എ.എഫ്.എസ് പ്രകാരം ഡിമാന്റ് 204270 രൂപയും കളക്ഷൻ 145800 രൂപയുമാണ്. ബാലൻസ് 58740 രൂപ വരേണ്ടതാണെങ്കിലും ബാലൻസ് ഷീറ്റിൽ ഈയിനത്തിൽ പൂജ്യമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
2. Sale Of Usufructs Of Trees ഇനത്തിൽ ഡിമാന്റ് 3560 രൂപയും കളക്ഷൻ 3160/- രൂപയും ആണ്. വ്യത്യാസം 400/- രൂപ. ആയത് തൻവർഷ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-17 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനുള്ള ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി 2023 മാർച്ചിലെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-18 ICDS Central Share ന്റെ ചെലവിൽ തനത്ഫണ്ടിലെ ചെലവു കൂടി ഉൾപ്പെടുത്തി ജേണൽ ചെയ്തിരിക്കുന്നു.

ICDS Central Share ഇനത്തിൽ മുന്നിരിപ്പ് 236268 രൂപയും തൻവർഷവരവ് 1536072 രൂപയും അനുപൂരക പോഷകാഹാര പരിപാടിയ്ക്കുള്ള ഈയിനത്തിലെ ചെലവ് 592784 രൂപയുമാണ് (സുലേഖപ്രകാരം). എന്നാൽ ശീർഷകം 320100196 ന്റെ ലഡ്ജറിൽ 592784 ന് പകരം 797630 രൂപയാണ് ജേർണൽ ചെയ്തിരിക്കുന്നത്. ആയതിനാൽ 320100196 ശീർഷകത്തിൽ 974710 രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 38 ന് 204846 രൂപ തനത് ഫണ്ട് വിഹിതമായി അംഗൻവാടി പോഷകാഹാരത്തിനായി വിനിയോഗിച്ചിരുന്നുവെന്നും ടി തുക തെറ്റായി ജേണൽ ചെയ്തതാണെന്നും അപാകത പരിഹരിക്കുന്നതാണെന്നുമാണ് മറുപടി. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-19 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

B-4 Schedule പ്രകാരം ജോയിന്റ് വെഞ്ചർ എന്ന ശീർഷകത്തിൽ 1546619/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ B-17 പ്രകാരം പ്രസ്തുത അക്കൌണ്ടിലെ നീക്കിയിരിപ്പ്-(90903)/- രൂപയാണ്. 2023 മാർച്ച് മാസത്തിൽ 90903/- രൂപയുടെ ചെക്ക് പാസാകാതിരിക്കുകയും അക്കൌണ്ടിൽ ബാലൻസ് ഉണ്ടായിരുന്ന തുക Redemption ആയ സാഹചര്യത്തിലാണ് ഗ്രാന്റ് തുകകളും അക്കൌണ്ട് ബാലൻസുകളും തമ്മിൽ പൊരുത്തപ്പെടാത്തതെന്നാണ് മറുപടി.

## 1-1-20 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല.

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമായി ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്തേണ്ടതാണ്.

## 1-1-21 വാർഷിക ധനകാര്യപത്രിക- മറ്റ് പരാമർശങ്ങൾ

1.സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നൽകിയ ഇനത്തിൽ തനത് ഫണ്ടിൽ നിന്ന് ആകെ ചെലവഴിച്ചിരിക്കുന്നത് 61990/- രൂപയാണ്. എന്നാൽ 210100106 എന്ന ശീർഷകം പ്രകാരം ഈയിനത്തിൽ ആകെ 371940/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 18 ന് യഥാസമയം സാംഖ്യ വെബിൽ ബിൽ തയ്യാറാക്കി അംഗീകാരം വാങ്ങാതിരുന്നതിനാലാണ് സാംഖ്യയിൽ പേമെന്റ് ചെയ്യാൻ കഴിയാതിരുന്നതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

2. മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ് ) ചെലവ് എ.സി.ആർ പ്രകാരം 3807230 രൂപയും എ.എഫ്.എസ് പ്രകാരം 3750484 രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. മെയിന്റനൻസ് ഗ്രാന്റിനത്തിൽ 56746 രൂപയുടെ ബില്ല് ട്രഷറിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും ബിൽ 2022-23 ൽ മാറി നൽകാത്തതിനാലാണ് എ.സി.ആർ, എ.എഫ്.എസ് എന്നിവ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നതെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

3. വികസനഫണ്ട് (ജനറൽ) ചെലവ് എ.സി.ആർ പ്രകാരം 12892677 രൂപയും എ.എഫ്.എസ് പ്രകാരം 16176169 രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ജി.ഒ പ്രോജക്ടുകളുടെ ചെലവ് എ.സി.ആറിൽ പ്രതിഫലിക്കാത്തതിനാലാണ് ഇവയുടെ എ.സി.ആർ, എ.എഫ്.എസ് എന്നിവയിലെ സംഖ്യകളിൽ വ്യത്യാസം കാണുന്നതെന്നാണ് ഓഡിറ്റ് എൻക്വയറി നം. 18 ന് മറുപടി നൽകിയിട്ടുള്ളത്.

4. വികസനഫണ്ട്(എസ്.സി.പി) ചെലവ് എ.സി.ആർ പ്രകാരം 4429750 രൂപയും എ.എഫ്.എസ് പ്രകാരം 4872492 രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല ജി.ഒ പ്രോജക്ടുകളുടെ ചെലവ് എ.സി.ആറിൽ പ്രതിഫലിക്കാത്തതിനാലാണ് ഇവയുടെ എ.സി.ആർ, എ.എഫ്.എസ് എന്നിവയിലെ സംഖ്യകളിൽ വ്യത്യാസം കാണുന്നതെന്നാണ് ഓഡിറ്റ് എൻക്വയറി നം. 18 ന് മറുപടി നൽകിയിട്ടുള്ളത്.

5. A.Eസാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ രേഖകൾ പ്രകാരം പ്രോജക്ട് നം. 82/23 പ്രകാരം 109600 രൂപ ആസ്തി സൃഷ്ടിക്കുന്നതിനായി പാർട്ട് ബിൽ പേമെന്റ് നൽകിയിട്ടുണ്ട്. എന്നാൽ B-11(b) പ്രകാരം Capital Work In Progress ൦ ആണ്. അസിസ്റ്റന്റ് എഞ്ചിനീയർ പാർട്ട് ബിൽ സംബന്ധിച്ച വിവരം ലഭ്യമാക്കിയിരുന്നില്ലായെന്നാണ് ഓഡിറ്റ് എൻക്വയറി നം.18 ന് മറുപടി നൽകിയിട്ടുള്ളത്.

6. 2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) ൽ ഉൾപ്പെടുത്തിയിട്ടില്ല. വാല്യൂബെസ്ഡ് ആയി സ്റ്റോക്ക് ഉൾപ്പെടുത്തുന്നതിനുള്ള പ്രൊവിഷൻ സോഫ്റ്റ് വെയറിൽ ലഭ്യമാകുന്ന മുറയ്ക്ക് ഉൾപ്പെടുത്തുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറി നം18 ന് മറുപടി നൽകിയിട്ടുള്ളത്.

7. ബി-18 Schedule പ്രകാരം ശീർഷകം 460100103 പ്രകാരം 684776 രൂപയും ശീർഷകം 460100199 പ്രകാരം 25000 രൂപയും ശീർഷകം460500501 പ്രകാരം 1719716 രൂപയും 460500601പ്രകാരം 1935 രൂപയും 460509901 പ്രകാരം 92068 രൂപയും ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. മേൽത്തുകകൾ ക്രമീകരിച്ചിട്ടില്ലായെന്നും ക്രമീകരിക്കുന്ന മുറയ്ക്കോ വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്കോ ക്രമീകരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

8. B-8 Schedule പ്രകാരം 341300101 എന്ന ശീർഷകത്തിൽ 2673672 രൂപ നീക്കിയിരിപ്പുണ്ട്. അത് മുൻവർഷവും ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പുള്ള തുകയാണ്. ആയതിന്റെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 38 ന് കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് വിനിയോഗിക്കാതെ അവശേഷിച്ച തുക തിരികെ ലഭ്യമായതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മേൽത്തുക ഏത് പ്രോജക്ട് പ്രകാരമുള്ളതാണെന്നും ഫണ്ടിനം, വിനിയോഗിച്ച തുക ആസ്തിശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുണ്ടോ എന്നീ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

9. B-4 Schedule ശീർഷകം 320700205 പ്രകാരം Contribution For Joint Venture Projects (For Revenue Expenditure) -From District Panchayath ഇനത്തിൽ243237 രൂപ നീക്കിയിരിപ്പുണ്ട്. ആയതിന്റെ ലെഡ്ജർ പ്രകാരം മുന്നിരിപ്പായ 581894/- രൂപയിൽ 338657/- രൂപ തൻവർഷം ആസ്തി സൃഷ്ടിക്കുന്നതിനായി വിനിയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ബഡ്സ് സ്കൂളിൽ, റാമ്പ്, കമ്പ്യൂട്ടർ, അനുബന്ധുപകരണങ്ങൾ എന്നിവ വാങ്ങുന്നതിലേക്കായാണ് 338657/- രൂപ ചെലവഴിച്ചിട്ടുള്ളതെന്ന് ഓഡിറ്റ് എൻക്വയറി 38 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ റവന്യൂ എക്സ്പെൻഡിച്ചറിനായി ലഭിച്ച തുകയിൽ നിന്ന് ആസ്തി സൃഷ്ടിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

10. B-9 Schedule പ്രകാരം അവശേഷിക്കുന്ന 350300102, 350300101, 350300106, 350300103, 35030104, 350300107,350300111, 350200202, 350400199, 350409901 എന്നീ ഹെഡ്ഡുകളിൽ അവശേഷിക്കുന്ന തുകകൾ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 38 ന് ജി.എസ്.ടി ഇനത്തിലുള്ള തുക അടവാക്കിയിട്ടുണ്ടെന്നും മറ്റുള്ളവ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

11. B-9 Schedule പ്രകാരം ശീർഷകം 350400401 പ്രകാരം Refunds Payable Rent From Buildings ഇനത്തിൽ 58990 രൂപ അവശേഷിക്കുന്നുണ്ട്. അത് ഏതിനത്തിലേതാണെന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 38 ന് കെ.എസ്.ഇ.ബി ഓഫീസ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ വാടക അനുവദിച്ച് ഉത്തരവായെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിൽ മാർച്ച് 2023 നകം തുക എത്താത്തതിനാൽ 100% പിരിവ് കൈവരിക്കുക എന്ന ലക്ഷ്യത്തോടെ സെക്ഷൻ ക്ലർക്ക് വാടകത്തുക കൈയിൽ നിന്ന് അടവാക്കുകയും 100% പിരിവ് കൈവരിക്കുകയുമുണ്ടായി എന്നും കെ.എസ്.ഇ.ബിയുടെ വാടകത്തുക തനത്ഫണ്ടിൽ ലഭ്യമായപ്പോൾ ജീവനക്കാരിക്ക് തുക തിരികെ നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി/

നികുതിയേതര വരുമാനത്തിൽ 100% പിരിവ് കൈവരിക്കേണ്ടത് ആവശ്യമാണെങ്കിലും ഇപ്രകാരം തുക അടവാക്കി ലക്ഷ്യം കൈവരിക്കുന്നത് ആശാസ്യമല്ല. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് 100% നികുതി പിരിവ് കൈവരിക്കുന്നതിന് പ്രോത്സാഹനം എന്ന നിലയ്ക്കാണ് ഇൻസെന്റീവ് ഉൾപ്പെടെ സംസ്ഥാനസർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. കൃത്യമായി ഡിമാന്റ് ചെയ്ത് നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിന് സ്ഥാപനം ശ്രദ്ധ ചെലുത്തേണ്ടതും ഇപ്രകാരമുള്ള പ്രവൃത്തികൾ ഒഴിവാക്കേണ്ടതുമാണ്.

12. MNREGS ന്റെ ക്യാഷ് ബുക്ക് പ്രകാരം ആകെ മുന്നിരിപ്പ് 70937.02 രൂപയും ആകെ വരവ് 2245875.97 രൂപയും ആകെ ചെലവ് 491716 രൂപയും ആകെ നീക്കിയിരിപ്പ് 1825187.05 രൂപയുമാണ്. വാർഷിക ധനകാര്യപത്രിക പ്രകാരം മുന്നിരിപ്പ് 70936 രൂപയും വരവ് 2235000 രൂപയും ചെലവ് 333376 രൂപയും നീക്കിയിരിപ്പ് 1825186 രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

വാർഷിക ബജറ്റ് 26.3.2022 ലെ 1/1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. റിവൈസ്ഡ് ബജറ്റ് 25.03.2023 ലെ 2/1 നം. തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 735131 |
| വരവ് | 360383600 |
| ആകെ | 361118731 |
| ചെലവ് | 359929440 |
| നീക്കിയിരിപ്പ് | 1189291 |

റിവൈസ്ഡ് ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1688159 |
| വരവ് | 312010924 |
| ആകെ | 313699083 |
| ചെലവ് | 312968025 |
| നീക്കിയിരിപ്പ് | 731058 |

1. ബജറ്റ് രൂപീകരണം

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ, ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ (Annexure 6)

3. പെർഫോമൻസ് ബജറ്റ് (Annexure 10)

4. ജെൻഡർ ബജറ്റ് (Annexure 11)

5. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

എന്നാൽ മേൽപ്പറഞ്ഞവ ബജറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 23 ന് ഇവയെല്ലാം ഉൾപ്പെടുത്തിയാണ് ബജറ്റ് പ്രസംഗം തയ്യാറാക്കിയിട്ടുള്ളതെന്നും എന്നാൽ ഇവ പ്രത്യേകമായി ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നും ഭാവിയിൽ ആയത് ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 214, ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന ചട്ടങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23 ന് മേൽ ചട്ടങ്ങൾ പാലിച്ചാണ് ബജറ്റ് തയ്യാറിക്കിയിട്ടുള്ളതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അവ ഫയലിനൊടൊപ്പം ലഭ്യമല്ല.

I) വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയോ കുറവായോ ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ

| ക്രമ | ശീർഷകം | ഇനം | ബജറ്റ് | റിവൈസ്ഡ് | എ.എഫ്.എസ് |
|---|---|---|---|---|---|

| നം, | | | പ്രകാരം | ബജറ്റ് പ്രകാരം | പ്രകാരം |
|---|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 2600000 | 2600000 | 1920586 |
| 2 | 1102001 | തൊഴിൽ നികുതി | 1400000 | 1400000 | 1026220 |
| 3 | 1301001 | സ്ഥലങ്ങളുടേയും കെട്ടിടങ്ങളുടേയും വാടക | 1400000 | 1400000 | 1135886 |
| 4 | 1401101 | ലൈസൻസ് ഫീസ് | 230000 | 230000 | 150115 |

പ്രതീക്ഷിച്ച വർദ്ധനവ് മേൽ ഇനങ്ങളിൽ ഉണ്ടാകാത്തതാണ് ബഡ്ജറ്റിൽ വകയിരുത്തലും വരവും തമ്മിൽ വ്യത്യാസം ഉണ്ടാകാൻ കാരണം എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ബജറ്റ് തയ്യാറാക്കുമ്പോൾ വൻ അന്തരം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

Ii) 22-23ലെ ബജറ്റ്, 22-23 ലെ റിവൈസ്ഡ് എന്നിവയിൽ വകയിരുത്താതെ / വകയിരുത്തിയതിനേക്കാൾ അധികമായി തുക ചെലവഴിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട്. | ഇനം | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരം |
|---|---|---|---|---|---|
| 1. | 2201003 | Vehicle Tax | 0 | 0 | 109520 |
| 2 | 2501000 | Paddy Seed Distribution | 0 | 0 | 272000 |
| 3 | 2511014 | Promotion Of Arts Cultureand Sports-games Festival Related Activities-rural And Urban Government | 0 | 0 | 40000 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 23 ന് ILGMS ബഡ്ജറ്റ് തയ്യാറാക്കാനായി നൽകിയിരുന്ന ടൂളിൽ ഉപയോഗിച്ചിരുന്ന ഹെഡ് ഓഫ് അക്കൗണ്ടുകൾ ലോക്കൽ സാംഖ്യയിലുള്ളവയാണെന്നും ILGMS , Local Sankhya എന്നിവയിലെ ഹെഡ്ഡുകളിൽ വ്യത്യാസം ഉള്ളതിനാലാണ് തുക വകയിരുത്താതെ ചെലവഴിച്ച എന്ന പരാമർശത്തിന് ഇടയായതെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

Receipt &Payment Schedule പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 10946544 |
| വരവ് | 47483803 |
| ആകെ | 58430347 |
| ചെലവ് | 42257995 |
| നീക്കിയിരിപ്പ് | 16172352 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 176410305/- രൂപയും ചെലവ് 176410994 /- രൂപയുമാണ് .

## 1-4 ഗ്രാന്റ് വിനിയോഗ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 14943555 | 1494355 | 16127026 | -1183471 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 5148558 | 5148558 | 4872492 | 276066 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 0 | 16871000 | 16871000 | 14848718 | 2022282 |
| മെയിന്റനൻസ് ഗ്രാന്റ്(നോൺറോഡ്) | 0 | 6090000 | 6090000 | 3783147 | 2306853 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 * | 5124339 | 5124339 | 2365928 | 2758411 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(അൺടൈഡ് ഗ്രാന്റ്) | 0 ** | 2941454 | 2941454 | 2873013 | 68441 |
| CSS | 0 | 0 | 0 | 1694089 | -1694089 |
| SSS | 0 | 0 | 0 | 3629434 | -3629434 |

* ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) എ.എഫ്.എസ് പ്രകാരം മുന്നിരിപ്പുണ്ട്

** ധനകാര്യകമ്മീഷൻ ഗ്രാന്റ് ( അൺടൈഡ് ഗ്രാന്റ്) എ.എഫ്.എസ് പ്രകാരം മുന്നിരിപ്പുണ്ട്

ഗ്രാന്റ് യൂട്ടിലൈസേഷൻ-അപാകതകൾ

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | എ.സി.ആർ പ്രകാരം ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരം ( I 6+ Corresponding Capital Contribution) |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 16127026 | 12892677 | 16327026 |
| വികസന ഫണ്ട് (എസ്.സി.പി) | 4872492 | 4429750 | 4872492 |
| വികസന ഫണ്ട് (CFC Tied) | 2365928 | 2374928 | 2494896 |
| മെയിന്റനൻസ് ഫണ്ട്(നോൺറോഡ്) | 3783147 | 3807230 | 3783147 |

2) കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി എന്നിവയുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശം പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല

3) ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 5503817 | 3533674 | 64.20 |
| | പട്ടിക ജാതി | 399800 | 0 | 0 |
| സേവനം | പൊതുവിഭാഗം | 52796522 | 26679439 | 50.53 |
| | പട്ടിക ജാതി | 13342442 | 8012492 | 60 |
| പശ്ചാത്തലം | പൊതുവിഭാഗം | 22764900 | 16840928 | 73.97 |

ചെലവു ശതമാനം കുറയാനിടയായ സാഹചര്യം വ്യക്തമല്ല

4) B-4 Schedule പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

A) വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം അവശേഷിക്കുന്ന താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ 2021-22 മുതൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്നവയാണ്. അവ വിനിയോഗിക്കുകയോ ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ്ഡ് കോഡ് | തുക |
|---|---|
| 320100162 | 529 |
| 320100200 | 500000 |
| 320200399 | 102530 |
| 320400101 | 1550 |
| 320700105 | 1250000 |
| 320700204 | 53382 |

B) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ തൻവർഷംവിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ഹെഡ്സ് കോഡ് | തുക |
|---|---|
| 320100139 | 221962 |
| 320100145 | 225261 |
| 320100160 | 200000 |
| 320100198 | 3317825 |
| 320200104 | 1334413 |
| 320200113 | 2674715 |
| 320300199 | 2059787 |
| 320400199 | 9022 |
| 320700205 | 243237 |
| 320800101 | 171877 |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. . തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ചെലവ് ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയ്ക്ക് കാരണവും ബന്ധപ്പെട്ട പ്രോജക്ടുകൾ സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.

5) 2022-23 സാമ്പത്തിക വർഷത്തിൽ സംരക്ഷണഫണ്ട് (റോഡിതരം) ലാപ്സായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ചെലവ് തുക (സുലേഖ പ്രകാരം) | നീക്കി യിരിപ്പ് തുക | ചെലവ് ശതമാനം | 2022-23 ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | ലാപ്സായ തുക |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 6090000 | 3783147 | 2306853 | 62.12 | 1218000 | 1088853 |

6) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അനുബന്ധം 2 | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം(%) |
|---|---|---|---|---|
| വനിത ഘടക പദ്ധതി | 2086820 | 4468773 | 1668094 | 37.32 |
| കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്ക് വേണ്ടിയുള്ള പദ്ധതി | 1043410 | 2504671 | 1776248 | 71.05 |
| വൃദ്ധർ (പാലിയേറ്റീവ് കെയർ ഉൾപ്പെടെ) | 1043410 | 1043750 | 455952 | 43.68 |
| അതിദാരിദ്രർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാനുകൾ | 200000 | 200000 | 31390 | 15.69 |

7) പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ സന്നദ്ധ പ്രവർത്തകർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് "വാതിൽപ്പടി സേവനം". ഇതിനായി ആവശ്യമായ ലാപ്ടോപ്, ബയോമെടിക് ഉപകരണങ്ങൾ, അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപയിൽ അധികരിയ്ക്കാത്ത തുക വാർഷിക പദ്ധതിയിൽ നീക്കിവയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ തൻവർഷം പ്രസ്തുത പദ്ധതിയ്ക്കായി പ്രോജക്ട് നം. 202 പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ആയത് ചെലവഴിച്ചിട്ടുള്ളതായി കാണുന്നില്ല. ആയതിനായി ബാങ്ക്

അക്കൗണ്ട് ആരംഭിച്ചതിന്റെ വിശദാംശം ലഭ്യമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.16 ന് പലവിധ കാരണങ്ങളാൽ പ്രോജക്ട് തൻവർഷം പൂർത്തീകരിക്കാൻ കഴിയാതെ വരികയും സ്പിൽ ഓവർ ആക്കുകയും ചെയ്യുതിനാലാണ് മേൽ അപാകതകൾ സംഭവിച്ചിട്ടുള്ളതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ സമഗ്രവികസനത്തിനതകേണ്ടുന്ന തുക ഇപ്രകാരം പാഴാക്കുന്നത് ആശാസ്യമല്ല. പ്രോജക്ടുകൾ ആവശ്യകതയ്ക്ക് അനുസരിച്ച് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഭരണസമിതി ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം


### 1ഫണ്ട് വിനിയോഗം

(എ) 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.


| ഫണ്ടിനം | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സ് തുക |
|---|---|---|---|
| വികസനഫണ്ട് സാധാരണ വിഹിതം | 18724000 | 16127026 | 2596974 |
| പട്ടികജാതി ഉപപദ്ധതി | 5889000 | 4872492 | 1016508 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 6090000 | 3783147 | 2306853 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 16871000 | 14848718 | 2022282 |
| ആകെ | 47574000 | 39631383 | 7942617 |

ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.

1)




2)




(ബി) 2022-23 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| സെക്രട്ടറി | 39 | 34 | 5 | 13999724 | 10994464 | 78.53 |
| കൃഷി ഓഫീസർ | 10 | 9 | 1 | 1790617 | 1388914 | 77.56 |
| വെറ്റിനറി സർജൻ | 12 | 7 | 5 | 2863000 | 1397289 | 48.80 |
| മെഡിക്കൽ ഓഫീസർ FHC | 13 | 12 | 1 | 4014844 | 3593123 | 89.49 |
| മെഡിക്കൽ ഓഫീസർ ആയുർ വേദം | 4 | 4 | 0 | 1280000 | 1278461 | 99.87 |
| വി ഇ ഒ-2 | 8 | 7 | 1 | 22460000 | 7033000 | 31.31 |
| വി ഇ ഒ-1 | 17 | 14 | 3 | 6441520 | 4461113 | 69.25 |
| ICDS | 13 | 11 | 2 | 5245671 | 3931431 | 74.94 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 70 | 47 | 23 | 33240500 | 18452940 | 55.51 |
| ഹെഡ് മാസ്റ്റർ | 4 | 1 | 3 | 425000 | 49078 | 11.54 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 800000 | 749823 | 93.72 |
| അസിസ്റ്റന്റ് സെക്രട്ടറി | 20 | 17 | 3 | 2246605 | 1736897 | 77.31 |

(സി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 22304445 | 16127026 | 72.3 |
| എസ്.സി.പി. | 6642442 | 4872492 | 73.35 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 10169516 | 5238941 | 51.51 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3114000 | 1694089 | 54.40 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 14618600 | 3629434 | 24.82 |
| തനത് ഫണ്ട് | 4159336 | 2897755 | 69.66 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 2928000 | 667000 | 22.78 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 3656000 | 1124798 | 30.76 |
| മെയിന്റനൻസ് നോൺ റോഡ് | 6649902 | 3783147 | 56.89 |

| | | | |
|---|---|---|---|
| മെയിന്റനൻസ് റോഡ് | 20165507 | 14848718 | 73.63 |
| മറ്റുള്ളവ | 33503230 | 6914000 | 20.63 |
| ആകെ | 128310711 | 61980533 | 48.30 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 211 | 164 | 47 | 94807481 | 55066533 | 58.08 |

<u>ആസൂത്രണ സമിതി</u>

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1പ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 10.1.2022ലെ 2/2-ാം നമ്പർ തീരുമാനപ്രകാരം പുനഃ സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധീകരിച്ചതായി മറുപടി ലഭ്യമാക്കിയെങ്കിലും നിലവിൽ ഒരു വർഷമായി പഞ്ചായത്ത് വെബ് സൈറ്റ് പ്രവർത്തിക്കുന്നില്ല എന്നറിയിച്ചിട്ടുണ്ട്

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

<u>വർക്കിംഗ് ഗ്രൂപ്പ്</u>

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം 13വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതുണ്ട് 10.1.2022 തീയതിയിലെ പഞ്ചായത്ത് കമ്മറ്റിയുടെ 2/3 നം തീരുമാന പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പുന.സംഘടിപ്പിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ നാമ മാത്രമായ പ്രാതിനിധ്യമാണ് യോഗങ്ങളിലുള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. പദ്ധതി രൂപീകരണത്തിനു ശേഷം നിർവ്വഹണ ഘട്ടത്തിൽ ഓരോ വർക്കിംഗ് ഗ്രൂപ്പുകളും മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിച്ച് പ്രോജക്ട്കളുടെ നിർവ്വഹണ പുരോഗതി വിലയിരുത്താറുണ്ട് എന്നറിയിച്ചുവെങ്കിലും വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സിൽ ഇപ്രകാരം മോണിറ്ററിംഗ് നടന്നതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് ഭാഗികമായ മറുപടിയാണ് ലഭ്യമാക്കിയത് (ഓഡിറ്റ് എൻക്വയറി നമ്പർ 25/30.09.2023ന്റെ മറുപടി)

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | അഭിപ്രായം |
|---|---|---|---|---|
| 1 | പൊതുഭരണവും ധനകാര്യവും | 12-1.2022 | 1.എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുക്കുക | 1.എല്ലാസ്ഥാപനങ്ങളും ലൈസൻസ് എടുത്തതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. |
| 2 | ആരോഗ്യം | 8.7.2022 | തെരുവ് നായ നിയന്ത്രണം | തെരുവ് നായ നിയന്ത്രണവുമായി ബന്ധപ്പെട്ട് എ ബി സി പ്രോഗ്രാം എന്ന പദ്ധതി ഏറ്റെടുത്തിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും സുലേഖ പ്രകാരം ചെലവില്ല. |

<u>ഗ്രാമസഭ</u>

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. എന്നാൽ ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല.

വായ്പ

മാർഗ്ഗരേഖ 3.4.1.8(എ) പ്രകാരം ആസൂത്രണ സമിതിയുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും സംയുക്ത യോഗത്തിൽ തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് പ്രവർത്തന മേഖലയുള്ള ബാങ്ക് പ്രതിനിധികളുമായി പ്രോജക്ടുകൾ പ്രകാരമുള്ള വായ്പാ ആവശ്യങ്ങൾ ചർച്ച ചെയ്ത് നിലവിലുള്ള സാദ്ധ്യതകൾ സംബന്ധിച്ച് വ്യക്തത വരുത്തണമെന്നുണ്ട്. ഓഡിറ്റ് എൻക്വയറി നമ്പർ 25/30.09.2023ന്റെ മറുപടിയിൽ അപ്രകാരം ചെയ്തതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) പ്രകാരം ഗ്രാമപഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. തൻവർഷം അപ്രകാരം തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല

CSR ഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല.

ആസ്തി സംരക്ഷണ പദ്ധതി

മാർഗ്ഗരേഖ ഖണ്ഡിക 6.8 പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കണമെന്നുണ്ട്.

ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും എല്ലാ ആസ്തികളും പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.
ലഭ്യമാകുന്ന പദ്ധതിപ്പണം മാർഗ്ഗരേഖ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരമാവധി വികസനത്തിനുതകുന്ന വിധം ആവശ്യകതാ നിർണ്ണയം നടത്തി തുക പാഴാക്കാതെ ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.10.2023 തീയതിയിൽ 2.55 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4181/- (നാലായിരത്തി ഒരുന്നൂറ്റി എൺപത്തിയൊന്ന് )രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. ശ്രദ്ധയൂന്നേണ്ട വിഷയങ്ങൾ/നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1.രസീതികളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

രസീത് ബുക്കുകളിൽ ഡബിൾ കാർബൺ ഉപയോഗിച്ചല്ല രേഖപ്പെടുത്തലുകൾ വരുത്തിയിരിക്കുന്നത്. നിർവ്വഹണോദ്യോഗസ്ഥൻ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനായി ഉപയോഗിക്കുന്ന രസീതുകളിൽ കൃത്യതയും സാക്ഷ്യപ്പെടുത്തലും ആവശ്യമാണ്.

2. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ചെയ്ത മെറ്റീരിയൽ പ്രവർത്തിക്ക് പോർട്ട് ലാന്റ് സിമന്റിന് മിഷൻ ഡയറക്ടറുടെ ഉത്തരവ് പ്രകാരമുള്ള അനുവദനീയമായ നിരക്കിനെ അധികരിച്ച് തുക നൽകിയതായും തൊഴിലെടുക്കാത്ത ദിനങ്ങൾക്ക് കൂലി അനുവദിച്ചതായും കണ്ടു.

3. പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയതായി പരിശോധനയിൽ കണ്ടു.

4. വസ്തു നികുതി നിർണയിക്കുന്നതിലും ഈടാക്കുന്നതിലും അപാകതങ്ങൾ കണ്ടെത്തിയിട്ടുണ്ട്.ഉദാ- നിലവിലുള്ള കെട്ടിടത്തിനോടൊപ്പം പുതുതായി കൂട്ടിചേർക്കൽ നടത്തിയപ്പോൾ സഞ്ചയയിൽ പ്ലിന്ത് ഏരിയയിൽ മാറ്റം വരുത്തിയില്ല.

5.മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി ഊർജ്ജിത പ്പെടുത്തേണ്ടതാണ്.

6.കെട്ടിട നമ്പർ ലഭിക്കാതെയും വസ്തു നികുതി ഒടുക്കാതെയും മൊബൈൽ ടവർ പ്രവർത്തിക്കുന്നു.

7.റേഷൻ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കുന്നില്ല

8. സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ കടമുറികളും വാടകയ്ക്ക് നൽകിയിട്ടില്ല.

9.തനത് വരുമാനം പൂർണമായി പിരിച്ചെടുത്ത് വരുമാന വർദ്ധനവുണ്ടാക്കുന്ന നടപടികളുണ്ടാകണം.

10. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

11. രജിസ്റ്ററുകളുടെ പരിപാലനം കുറ്റമറ്റതാക്കേണ്ടതാണ്.

12.സർക്കാർ അനുമതിയില്ലാതെ വാട്ടർ അതോറിററിയുടെ ആസ്തിയിലുൾപ്പെട്ട ഇനങ്ങളുടെ പുനരുദ്ധാരണത്തിനായി തുക

ചെലവഴിച്ചിട്ടുണ്ട്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 70936 | 2235000 | 2305936 | 333376 | 1825186 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 60564189 | 60564189 | 60564189 | 0 |
| ആകെ | 30710 | 43024224 | 43054934 | 43054934 | 0 |

MNREGS ന്റെ ക്യാഷ് ബുക്ക് പ്രകാരം ആകെ മുന്നിരിപ്പ് 70937.02 രൂപയും ആകെ വരവ് 2245875.97 രൂപയും ആകെ ചെലവ് 491716 രൂപയും ആകെ നീക്കിയിരിപ്പ് 1825187.05 രൂപയുമാണ്. വാർഷിക ധനകാര്യപത്രിക പ്രകാരം മുന്നിരിപ്പ് 70936 രൂപയും റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം വരവ് 2235000 രൂപയും I 14 (F) ഷെഡ്യൂൾ പ്രകാരം ഭരണ ചെലവ് 333376 രൂപയും B 4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 1825186 രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. കൂടാതെ എ.എഫ്.എസ് പ്രകാരമുള്ള മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവിൽ നിന്ന് ചെലവിൽ കുറയ്ക്കുമ്പോൾ ലഭിക്കുന്നത് 1972560 രൂപയാണ്. വ്യത്യാസം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-8-1 ആറായിരം ജംഗ്ഷൻ നിലമേൽകുന്നം പുതിയ റോഡ് നിർമ്മാണം- എം.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ നിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ആറായിരം ജംഗ്ഷൻ നിലമേൽകുന്നം പുതിയ റോഡ് നിർമ്മാണം |
| എം.ബുക്ക് നം. | 55/2022-23 |
| പ്രവൃത്തിയുടെ കോഡ് നം. | RC/350873 |
| കരാറുകാരൻ | അനി. സി.ബി |
| പദ്ധതിയുടെ അടങ്കൽ തുക | 495328 |

പ്രസ്തുത പദ്ധതിയുടെ പ്രവൃത്തിയിൽ മെറ്റീരിയൽ വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും 2% കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അനി.സി.ബി എന്ന വ്യക്തിയുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. Consolidated Material List പ്രകാരം ആകെ 418828.96 രൂപയാണ് മെറ്റീരിയൽ കോസ്റ്റ് എന്നിരിക്കെ ടെണ്ടർ ക്ഷണിക്കാതെ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ കാരണം വ്യക്തമല്ല

2. 26.07.2021 ലെ 957/E.G.S/16/REGS നം. സർക്കുലർ പ്രകാരം ആസ്തി നിർമ്മാണ പ്രവൃത്തികളിൽ ഓരോ പ്രവൃത്തിയ്ക്കും ആവശ്യം ഉള്ള സാധനസാമഗ്രികൾ സൈറ്റിൽ എത്തിയാലുടൻ ബന്ധപ്പെട്ട എഞ്ചിനീയർ/ ഓവർസിയർ അവ സ്റ്റാക്ക് ചെയ്യുന്നതിനും സ്റ്റാക്ക് ചെയ്ത സാധനങ്ങളുടെ അളവുകൾ കൃത്യമായി എംബുക്കിൽ രേഖപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കണമെന്നും സ്റ്റാക്ക് ചെയ്ത സാധനങ്ങളുടെ അളവുകൾ എംബുക്കിൽ രേഖപ്പെടുത്തി കഴിഞ്ഞാൽ അവ വിതരണം ചെയ്ത വിതരണക്കാരനെ അളവുകൾ കാണിച്ച് ബോധ്യപ്പെടുത്തുകയും ടിയാന്റെ ഒപ്പ് എം.ബുക്കിൽ രേഖപ്പെടുത്തുകയും വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പ്രവൃത്തി പൂർത്തിയായിക്കഴിഞ്ഞാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്പെസിഫിക്കേഷനിലും ഗുണനിലവാരത്തിലുമുള്ള സാധനങ്ങളാണോ ഉപയോഗിച്ചിട്ടുള്ളതെന്ന് ഉറപ്പു വരുത്തിയതിനു ശേഷം ഓരോ സാധനവും എത്രഅളവിൽ ചെലവായി എന്ന വിവരം എം.ബുക്കിൽ രേഖപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തിയിൽ എം.ബുക്ക് പേജ് നം.1 ൽ മെറ്റീരിയൽ സ്റ്റാക്ക് ചെയ്തതിന്റെ അളവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിതരണക്കാരന്റെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

3. എം.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 17.8.2022 ലെ കത്ത് പ്രകാരം SECURE Software- ൽ സിമന്റിന് ഉള്ള LMR നിരക്ക് 614/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും എന്നാൽ യഥാർത്ഥ മാർക്കറ്റ് റേറ്റ് പരമാവധി 430 /- ൽ താഴെയാണെന്നും പരാതി ലഭിച്ചതിനെ തുടർന്ന് ആലപ്പുഴ ഓംബുഡ്സമാൻ, SECURE Software – ൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ് നിരക്ക് നൽകാൻ പാടില്ലായെന്നും യഥാർത്ഥ മാർക്കറ്റ് വില മാത്രമേ നൽകാവൂയെന്നും ഇതിനു കർശന നിർദ്ദേശം നൽകണമെന്നും നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു ആസ്തികൾക്കും വ്യകതിഗത ആസ്തികൾക്കും ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ FTO Generate ചെയ്യാൻ പാടുള്ളൂവെന്നും 8.7.22 ലെ OMB/ALP/AW/20/2022 നം. അവാർഡിൽ നിർദ്ദേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ എം.ബുക്ക് പേജ് നം. 21 പ്രകാരം 16.126 ടൺ പോർട്ട് ലാന്റ് സിമന്റിന് ടെണ്ടർ കിഴിവ് കഴിച്ച് 182078.67 രൂപ

നിരക്കിലാണ് നൽകിയിരിക്കുന്നത്. അതായത് ഒരു ചാക്ക് സിമന്റിന് 564.48 രൂപ നിരക്കിൽ (ബിൽ നം. 55/11.9.22). ഇപ്രകാരം മിഷൻ ഡയറക്ടറുടെ സർക്കുലറിന് വിരുദ്ധമായി പോർട്ട് ലാന്റ് സിമന്റിന് തുക നൽകിയതിന്റെ കാരണം വ്യക്തമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 29 ന് പ്രസ്തുത പ്രവൃത്തി 2 തവണ ടെണ്ടറിംഗിന് വിധേയമാക്കിയിട്ടും ടെണ്ടർ ലഭിക്കാത്തതിനാലാണ് ക്വട്ടേഷൻ സ്വീകരിച്ചതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. ക്രമ നം. 2 ൽ പരാമർശിച്ചിട്ടുള്ള ഉത്തരവ് നാളിതുവരെയും ലഭ്യമായിട്ടില്ലായെന്നും എന്നാൽ സ്റ്റാക്ക് ചെയ്ത മെറ്റീരിയലിന്റെ വിവരം സ്റ്റാക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും മേറ്റിന് ചുമതല നൽകുകയും ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ഉത്തരവ് ലഭ്യമായിട്ടില്ലായെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. മേൽ പരാമർശച്ചിട്ടുള്ള ഉത്തരവ് പ്രകാരം മെറ്റീരിയൽ സ്റ്റാക്ക് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വെണ്ടറുമായി കരാറിലേർപ്പെടുമ്പോൾ ക്രമനം. 3 ൽ പരാമർശിച്ചിട്ടുള്ള ഉത്തരവ് നിലവിലില്ലായിരുന്നുവെന്നും സർക്കുലറിൽ പറയുന്ന പ്രകാരം സിമന്റ് ഒരു പാക്കേജ്ഡ് കമ്മോഡിറ്റി ആയതിനാൽ മെറ്റീരിയൽ സ്റ്റാക്ക് ചെയ്തപ്പോൾ പാക്കറ്റ് റേറ്റ് 575 രൂപയായിരിക്കേ 563 രൂപയാണ് നൽകിയതെന്നാണ് മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നത്. മേൽ പരാമർശിച്ചിട്ടുള്ള ഉത്തരവിൽ നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു ആസ്തികൾക്കും വ്യക്തിഗത ആസ്തികൾക്കും ഉത്തരവിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ FTO Generate ചെയ്യാൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ മേൽ മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല. മേൽ ഉത്തവിനനുസൃതമായി മാത്രം പോർട്ട് ലാന്റ് സിമന്റിന് തുക നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-8-2 XIII മേലാറ്റമൂഴി വാർഡിൽ മണ്ണ് ജലസംരക്ഷണം- മസ്റ്റ് റോളും വേജ് ലിസ്റ്റും പൊരുത്തപ്പെടുന്നില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | XIII മേലാറ്റമൂഴി വാർഡിൽ മണ്ണ് ജലസംരക്ഷണം |
| എംബുക്ക് നം. | 48/2022-23, 169/2022-23 |
| ഭരണാനുമതി തുക | 520165 |

XIII മേലാറ്റമൂഴി വാർഡിൽ മണ്ണ് ജലസംരക്ഷണം എന്ന പ്രവൃത്തിയിൽ 27.1. 23 മുതൽ 2.2.23 വരെ പ്രവൃത്തിയെടുത്തിട്ടുള്ള തൊഴിലാളികൾക്ക് അവരുടെ മസ്റ്റർ റോൾ പ്രകാരമുള്ള അറ്റൻഡൻസിനനുസൃതമായല്ല വേജ് ലിസ്റ്റ് പ്രകാരം വേതനം നൽകിയതായി കാണുന്നത്. വിശദാംശം ചുവടെ

| തൊഴിലാളിയുടെ പേര് | മസ്റ്റർ റോൾ പ്രകാരം പ്രവൃത്തി എടുത്ത ദിനങ്ങൾ | വേജ് ലിസ്റ്റ് പ്രകാരം വേതനം നൽകിയ ദിനങ്ങൾ |
|---|---|---|
| രാധമ്മ | 6 | 5 |
| മിനി | 3 | 2 |
| കുഞ്ഞൻ | 6 | 5 |
| കെ.ബിന്ദു | 4 | 3 |
| ലീല | 6 | 5 |
| തങ്കമണി | 6 | 5 |
| അനിതാകൃഷ്ണൻകുട്ടി | 5 | 4 |

വേജ് ലിസ്റ്റ് പ്രകാരം തുക കുറവായി നൽകിയതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 37 ന് പട്ടികയിൽ പരാമർശിച്ച വ്യക്തികൾ മസ്റ്റർറോളിൽ ഒപ്പിട്ട് ജോലി ചെയ്തെങ്കിലും NNMS App ന്റെ സാങ്കേതിക തകരാറ് മൂലം ഹാജർ Nrega Software ൽ കാണിക്കുന്നില്ലായെന്നും നിലവിൽ Edit Option ഇല്ലാത്തതിനാൽ ടി ദിവസത്തെ വേതനം നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും നെറ്റ് വർക്കിന്റെ അഭാവവും ഫോണിന്റെ ഫിസിക്കൽ ഡാമേജ്, മേറ്റുമാരുടെ സാങ്കേതിക പരിചയക്കുറവ് എന്നിവയും ഇതിന് കാരണമാകുന്നുണ്ടെന്നും മറുപടിയി ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തി ചെയ്തിട്ടും വേതനം നൽകാതിരിക്കുക എന്നത് 2005 ലെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-8-3 MNREGS Account -വരവിൽ വ്യക്തതയില്ല

കേരള ഗ്രാമീൺബാങ്ക് അക്കൗണ്ട് നം. 40343101086469 RP(40a), RP(40b) എന്നിവ പ്രകാരം Own Fund Account എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത അക്കൌണ്ടിൽ ഏതിനത്തിലെ വരവാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.40 ന് എം.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ഇഷ്ടിക നിർമ്മാണം നടത്തിയിരുന്ന കാലത്ത് Admin Expense നടത്തുന്നതിനുവേണ്ടി ആരംഭിച്ച അക്കൌണ്ട് ആണെന്നും നിലവിലുള്ള തുക എം.എൻ.ആർ.ഇ.ജി.എസ് ഭരണച്ചെലവുകൾക്കായി വിനിയോഗിക്കുകയാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ വാർഷിക ധനകാര്യപത്രികയിൽ Ownfund എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ഒഴിവാക്കേണ്ടതാണ്. പ്രസ്തുത അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 14.3.2019 ൽ 196.84 രൂപ, 02.4.2019 ൽ 196.84 രൂപ 1.7.2019 ൽ 231.08, രൂപ ,13.8.2019 ൽ 41.67 രൂപ എന്നിങ്ങനെ IOC Ref നം. രേഖപ്പെടുത്തി വരവ് വച്ചിട്ടുണ്ട്. ഇത് ഏതിനത്തിലെ വരവാണെന്ന് വ്യക്തമല്ല. ആയത് ഏതിനത്തിലെ വരവാണെന്ന് വ്യക്തമാക്കേണ്ടതാണ്

## 1-8-4 പോർട്ട് ലാന്റ് സിമന്റ്- മിഷൻ ഡയറക്ടറുടെ നിർദ്ദേശം പാലിക്കാതെ തുക നൽകി

എം.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 17.8.2022 ലെ കത്തു പ്രകാരം SECURE Software- ൽ സിമന്റിന് ഉള്ള LMR നിരക്ക് 614/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും എന്നാൽ യഥാർത്ഥ മാർക്കറ്റ് റേറ്റ് പരമാവധി 430 /- ൽ താഴെയാണെന്നും പരാതി ലഭിച്ചതിനെ തുടർന്ന് ആലപ്പുഴ ഓംബുഡ്സമാൻ, SECURE Software – ൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ്നിരക്ക് നൽകാൻ പാടില്ലായെന്നും യഥാർത്ഥ മാർക്കറ്റ് വില മാത്രമേ നൽകാവൂയെന്നും ഇതിനു കർശന നിർദ്ദേശം നൽകണമെന്നും നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു ആസ്തികൾക്കും വ്യകതിഗത ആസ്തികൾക്കും ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ FTO Generate ചെയ്യാൻ പാടുള്ളൂവെന്ന് 8.7.22 ലെ OMB/ALP/AW/20/2022 നം. അവാർഡിൽ നിർദ്ദേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | പ്രവൃത്തി | എം. ബുക്ക് നമ്പർ | കരാറുകാരൻ | എഗ്രിമെന്റ് പ്രകാരം പോർട്ട് ലാന്റ് സിമന്റ് ഒരു ചാക്കിന് നൽകിയ തുക , തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | കൈരളി ജംഗ്ഷൻ ശിവക്ഷേത്രം റോഡ് കോൺക്രീറ്റിംഗും അനുബന്ധപ്രവൃത്തികളും | 15/22-3 | വാമനപുരം സ്കിൽ ഡവലപ്മെന്റ് മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 576/- FTO Bill Generate ചെയ്തിരിക്കുന്ന തീയതി 22.10.22, 7.11.22 | ക്വട്ടേഷൻ പ്രകാരം എസ്റ്റിമേറ്റ് നിരക്കാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. 15.84 Tonne @11520. ലഭ്യമാക്കിയ ഫയലിൽ വാമനപുരം സ്കിൽ ഡവലപ്മെന്റ് മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ സൊസൈറ്റിയുടെ ക്വട്ടേഷൻ മാത്രമാണ് ലഭ്യമായിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരം മെറ്റീരിയൽ കോസ്റ്റ് 412848രൂപ ആയിരിക്കെ മേൽ പദ്ധതി ടെണ്ടർ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും സിംഗിൾ ക്വട്ടേഷൻ അംഗീകരിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്. |
| 2 | തിരുവാമനപുരം ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് | 54/22-23 | അനി.സി.ബി | 564.45/- FTO Bill Generate ചെയ്തിരിക്കുന്ന തീയതി 21.04.2022- 128675.373 /- 4.11.22- 151906.4/- | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 2% കുറച്ചാണ് കരാറുകാരൻ ക്വാട്ട് ചെയ്തിരിക്കുന്നത്.10.80@11289.537 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 30 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ XII- കൈരളി ജംഗ്ഷൻ പമ്മത്തിൻകീഴ് റോഡ് (RC/351146) കരാറുകാരൻ വാമനപുരം സ്കിൽ ഡവലപ്മെന്റ് മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി സിമന്റിന് നൽകിയ തുക ഒരു ടണ്ണിന് 8600/- രൂപ. ഒരു ചാക്കിന് 430/- രൂപ നിരക്കിൽ മാത്രമാണ് നൽകിയിരിക്കുന്നത്. മിഷൻ ഡയറക്ടറുടെ ഉത്തരവിനനുസൃതമായല്ലാതെ പോർട്ട് ലാന്റ് സിമന്റിന് തുക നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-8-5 സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ട നികുതികൾ കുറവ് ചെയ്തിട്ടില്ല.

1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ

കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികമുള്ള കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ആദായ നികുതി,ജി.എസ്.ടി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമല്ല

| ക്രമ നം. | പ്രവൃത്തി | എം. ബുക്ക് നമ്പർ | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|---|
| 1 | തിരുവാമനപുരം ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് | 54/22-23 | അനി.സി.ബി | 277583 |
| 2 | കൈരളി ജംഗ്ഷൻ ശിവക്ഷേത്രം റോഡ് കോൺക്രീറ്റിംഗും അനുബന്ധപ്രവൃത്തികളും | 15/22-3 | വാമനപുരം സ്കിൽ ഡവലപ്മെന്റ് മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 411079.12 |
| 3 | കൈരളി ജംഗ്ഷൻ പമ്മത്തുംകീഴ് റോഡ് കോൺക്രീറ്റിംഗ് | 363/22-23 | വാമനപുരം സ്കിൽ ഡവലപ്മെന്റ് മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 418650.59 |
| 4 | ആറായിരം ജംഗ്ഷൻ നിലമേൽ കുന്നം പുതിയറോഡ്നിർമ്മാണവും അനുബന്ധ പണികളും | 55/22-23 | അനി.സി.ബി | 479004 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 30 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.04.2022 മുതൽ 13.04.2022 വരെ | 01.08.2021 മുതൽ 31.03.2022 വരെ | 3.05.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.03.22 മുതൽ 31.03.2022 വരെ | 2019-20 സപ്ളിമെന്ററി ഓഡിറ്റ് | 3.05.2022 |

## 1-10 രസീത് പരിശോധന-അപാകതകൾ

രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 20(C) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകളിൽ അസൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്. വി.ഇ.ഒ നിർവ്വഹണഉദ്യോഗസ്ഥയായ പദ്ധതിക്കായി ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി നൽകിയ രസീത് ബുക്ക് നം. 14005ലെ രസീത് നം. 31/10.03.2023 മുതൽ 85/ തീയതി രേഖപ്പെടുത്തിയിട്ടില്ല വരെയുള്ള രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് ആണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

2. രസീത് ബുക്ക് നം 14005, രസീത് നം. 64/തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് ലഭ്യമാക്കിയതിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഒറിജിനൽ രസീത് ബുക്കിനൊടൊപ്പം ലഭ്യമല്ല.

3. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം20 പ്രകാരം എല്ലാ മാർഗ്ഗങ്ങളിലൂടെയും ലഭിച്ച പണം വരവുകൾക്കും ഇൻസ്ട്രുമെന്റ് രേഖപ്പെടുത്തി വീഴ്ച കൂടാതെ രസീത് നൽകേണ്ടതാണ്. എന്നാൽ രസീത് ബുക്ക് നം. 14005 ൽ രസീത് നം. 6/(തീയതി രേഖപ്പെടുത്തിയിട്ടില്ല മുതൽ 24 /10.03.2023 വരെ ഒന്നിലധികം ഗുണഭോക്താക്കൾക്കാണ്(ഒരേ സമയം 5 ഗുണഭോക്താക്കൾക്ക് വരെ) ഒരു രസീത് നൽകിയിരിക്കുന്നത്.

4. വി.ഇ. ഒയ്ക്ക് നൽകിയ രസീത് ബുക്ക് നം. 14007 ഉപയോഗിക്കുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്തിട്ടില്ല.

5. രസീത് ബുക്ക് നം. 14005 ,രസീതിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വി.ഇ.ഒയ്ക്ക് നൽകിയിരിക്കുന്നത് 20.01,2023 ലാണ്. ഗുണഭോക്തൃവിഹിതത്തിന്റെ ശീർഷകം 320200101 പ്രകാരം 20.01.2023 മുതൽ ഈയിനത്തിലെ ആകെ കളക്ഷൻ 80410/- രൂപയാണ്. രസീത് ബുക്ക് നം. 14005 പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ ആകെ ഈടാക്കിയിരിക്കുന്ന തുക 88195/- രൂപയാണ്. തനതുഫണ്ടിൽ അടവാക്കിയിരിക്കുന്ന തുകയും ഗുണഭോക്തൃവിഹിതമിനത്തിൽ രസീത് പ്രകാരം പിരിച്ചെടുത്ത തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. രസീതുകളിൽ എല്ലാം തന്നെ തുക പിരിച്ചെടുത്ത തീയതി കൃത്യമായി

രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഒടുക്കിന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

6. രസീത് ബുക്കുകളിൽ ഡബിൾ കാർബൺ ഉപയോഗിച്ചല്ല രേഖപ്പെടുത്തലുകൾ വരുത്തിയിരിക്കുന്നത്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 49 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11 നികുതി വരുമാന ശേഖരണം - അവലോകനം

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശം അനുസരിച്ച് വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് സ്വീകരിച്ച നടപടി വിശദാംശങ്ങൾ രജിസ്റ്ററുകളുടെയും രേഖകളുടേയും അടിസ്ഥാനത്തിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന്( ഓഡിറ്റ് എൻക്വയറി 1/2022-23, 23.09.2023) സ്ഥാപനം ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലെ അവലോകനം ചുവടെ ചേർക്കുന്നു.

A തനത് വരുമാനം .

1) സാമ്പത്തിക വർഷാരംഭത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കണ്ടെത്തിയ സ്ഥാപനത്തിന്റെ പുതിയ തനതുവരുമാന സ്രോതസ്സ് ആയി അറിയിച്ചരിക്കുന്നത് വസ്തു നികുതി പരിഷ്കരണവും, ആയത് സമാഹരിക്കുന്നതിനുള്ള മാർഗ്ഗവും പരിഷ്കരണത്തിൻ മേലുള്ള തുടർനടപടിയുമാണ്.

2) തനതുവരുമാനങ്ങൾ പിരിച്ചെടുക്കാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി 2023 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നികുതി പിരിവിനു ചുമതലയുള്ള ജീവനക്കാരെ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിലേക്ക് ക്ഷണിച്ച് നികുതി പിരിവ് പുരോഗതി വിലയിരുത്തയതിന്റെ അടിസ്ഥാനത്തിൽ 100% നികുതി പിരിവ് സാധ്യമായതായി അറിയിച്ചിട്ടുണ്ട്. തനത് വരുമാനമായി ലഭിക്കുന്ന ഇനങ്ങളിൽ മാർച്ച് 31-ന് ലഭിക്കേണ്ട തുക കുടിശ്ശിക ഇല്ലായെന്നും അറിയിച്ചിട്ടുണ്ട്.

3) 1-4-2023-ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കുവാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 10.04.2023 ലെ 3(3) നം തീരുമാന പ്രകാരം ശുപാർശ ചെയ്തിട്ടുള്ളതായും, നികുതി നികുതിയേതര വരുവുകളുടെ ഡിമാൻഡ്, പിരിവ് പുരോഗതി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി 10.04.2023 ൽ വിലയിരുത്തിയതായും, തനത് വരവ് രജിസ്റ്ററുകൾ സ്റ്റാൻഡിംഗ് കമ്മിറ്റി 10.04.2023 ൽ പരിശോധിച്ചതായും അറിയിച്ചിട്ടുണ്ട്.

B. വസ്തുനികുതി .(വാസ/വാസേതര കെട്ടിട നികുതികൾ ഉൾപ്പടെ )

ബജറ്റിലെ പ്രതീക്ഷിത വസ്തു നികുതി വരവ് ,ILGMS വരവ്,സഞ്ചയ പ്രകാരമുള്ള വരവ് എന്നിവയുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ടെന്നും 1-4-2023-ലെ പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾക്കായി കരട് വിജ്ഞാപനം ചെയ്തിട്ടുള്ളതായും 1-4-2022-ലെ ആകെ കെട്ടിട നികുതി ഡിമാൻഡ് 1925785 രൂപയാണെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച നികുതി നിരക്കുകൾ അടിസ്ഥാനപ്പെടുത്തി തദ്ദേശസ്ഥാപനം വിജ്ഞാപനത്തിലൂടെ ഓരോ കെട്ടിടത്തിനും അടിസ്ഥാന നികുതി നിരക്ക് 28.04.2023 ലെ 2(1) നം തീരുമാന പ്രകാരം നിശ്ചയിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തികരിച്ച് ഡാറ്റാ ലോക്ക് ചെയ്തതായും തദ്ദേശസ്ഥാപനം മേഖലാ വിഭജനം നടത്തി കരട് വിജ്ഞാപനം ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

റിസൊല്യൂഷൻ നം 2(1) തീയതി 28.04.2023 പ്രകാരം റോഡ് മാപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദ്ദേശസ്ഥാപനത്തിന്റെ അനുമതിയില്ലാതെയും,അനുമതി വാങ്ങിയശേഷവും കൂടുതൽ വിസ്തീർണം വർദ്ധിപ്പിക്കുന്നത് മൂലം ഉണ്ടാകുന്ന നികുതി ചോർച്ച കണ്ടെത്തുന്നതിനായി ഫീൽഡ് തല അന്വേഷണത്തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്. വാണിജ്യാവശ്യകെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നതിനായി വിജ്ഞാപനം ചെയ്തിട്ടുണ്ടെന്നും, അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ വസ്തു നികുതി നിർണയ രജിസ്റ്റർ പ്രകാരം സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സ്ഥാപനം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകൾ യഥാവിധി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അനധികൃത കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കുന്നുണ്ടോ എന്ന അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. തദ്ദേശ സ്ഥാപന പരിധിയിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ മൊബൈൽ ടവറുകളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെന്നും തദ്ദേശ സ്ഥാപനം നൽകുന്ന സേവനങ്ങൾക്ക് നികുതി കുടിശ്ശികയില്ലായെന്നും നികുതിയിളവ് നൽകിയ കെട്ടിടങ്ങുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

തദ്ദേശസ്ഥാപന പരിധിയിലെ സർക്കാർ/കേന്ദ്ര സർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിക്കുകയോ, സ്ഥാപനങ്ങളിൽ നിന്നും സേവന-ഉപനികുതി ഈടാക്കുകയോ ചെയ്യുന്നില്ലായെന്ന് അറിയിച്ചിട്ടുണ്ട്

ILGMS-ൽ ക്യാൻസൽ ചെയ്ത എല്ലാ രസീതുകളും സഞ്ചയയിൽ ക്യാൻസൽ ചെയ്തതായും എല്ലാ മാനുവൽ രസീതുകളും സഞ്ചയയിൽ രേഖപ്പെടുത്തുന്നതായി സെക്രട്ടറി ഉറപ്പുവരുത്തിയിട്ടുണ്ടെന്നും, തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ കെട്ടിടങ്ങളും ഓരോ വർഷവും സെക്രട്ടറിയോ ,സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സാമ്പത്തിക വർഷാവസാനത്തിന് മുമ്പ് പരിശോധിച്ച് സഞ്ചയയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

C. സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി, വസ്തുനികുതി ഒഴിവാക്കിയ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സേവനനികുതി എന്നിവ ഈടാക്കിയിട്ടില്ലായെന്നും പുതിയ സേവനനികുതി മാർഗ്ഗങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്.

D. തൊഴിൽ നികുതി

തദ്ദേശസ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ,അർദ്ധ സർക്കാർ,പൊതുമേഖല സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങളുടെയും രജിസ്റ്റർ പഞ്ചായത്ത് തലത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വാർഡ് തിരിച്ച് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി,(സ്ഥാപന തൊഴിൽ നികുതി ഉൾപ്പടെ) ഡിമാൻഡ് ചെയ്തുകൊണ്ടുള്ള ഡിമാൻഡ് നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നും, തൻവർഷം തൊഴിൽ നികുതിയിൽ കുടിശ്ശിക ഇല്ലായെന്നും സ്വകാര്യ സ്ഥാപനങ്ങൾ,അഭിഭാഷകർ,സ്വകാര്യ ഡോക്ടർമാർ, പ്രൊഫഷണലുകൾ,കരാറുകർ,ഹെവി വാഹന ഉടമകൾ,റേഷൻ വ്യാപാരികൾ,സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ എന്ന അന്വേഷണത്തിന് പഞ്ചായത്ത് തലത്തിൽ ആകെ ലഭ്യമാകേണ്ട തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടെന്നും തൊഴിൽ നികുതി പത്രികയിലെ രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ടെന്നും വ്യാപാര സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററിലേയും തൊഴിൽ നികുതി ഡിമാൻഡ്-കളക്ഷൻ-ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ടെന്നും വാർഡ് തല ട്രയിഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

E. വിനോദ നികുതി

തദ്ദേശ സ്ഥാപന പരിധിയിൽ സിനിമാ തീയറ്ററുകൾ പ്രവർത്തിക്കുന്നില്ലായെന്നും അമ്യൂസ്മെന്റ് പാർക്ക്,ടർഫ് കേർട്ട്,ഇൻഡോർ ക്ലബ് /സ്റ്റേഡിയം,നീന്തൽ കുളങ്ങൾ, കേബിൾ ടി.വി നെറ്റ് വർക്ക്, ഹൗസ് ബോട്ടുകൾ,പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത ധനകാര്യസ്റ്റൻഡിംഗ് കമ്മിറ്റിയോ, ഭരണസമിതിയോ ശുപാർശ ചെയ്തിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

F. നികുതിയേതര വരവുകൾ

ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടെന്നും കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ എന്നിവ കൃത്യസമയത്ത് ലേലം ചെയ്ത് നൽകി മുഴുവൻ തുകയും വരവായി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് ശുപാർശകൾ

പഞ്ചായത്തിന്റെ നികുതി / നികുതിയേതര വരവുകൾ യഥാസമയം കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നുണ്ടെന്നും, തനത് വരുമാനത്തിന് ചോർച്ച സംഭവിക്കുന്നില്ലായെന്നും ഉറപ്പാക്കേണ്ടതും സേവന ഉപനികുതി തുടങ്ങിയ അധിക വരുമാന മാർഗ്ഗങ്ങൾക്കുള്ള സാധ്യത കൂടി പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12 വസ്തു നികുതി അപാകതകൾ

2022-23 സാമ്പത്തിക വർഷത്തെ വസ്തു നികുതി സംബന്ധിച്ച് ലഭ്യമാക്കിയ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിമുക്ത ഭടൻമാരുടെ നികുതിയിളവ് - രജിസ്റ്റർ പരിപാലനത്തിലെ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം കെട്ടിട നികുതിയിളവിന് അർഹരായ വിമുക്തഭടന്മാർക്ക്/ വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക് / വിധവകൾക്ക് നികുതി സംബന്ധമായി ഒരു പ്രത്യേക രജിസ്റ്റർ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണെന്നും കെട്ടിട നികുതി ഇളവ് അനുവദിക്കപ്പെട്ട കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് എന്തെങ്കിലും മാറ്റം വരുന്ന പക്ഷം ആയത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെ യഥാസമയം ഗുണഭോക്താക്കൾ അറിയിക്കേണ്ടതാണെന്നും, പ്രസ്തുത വിവരം ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ അനുയോജ്യമായ കോളത്തിൽ / പേജിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും ,നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ പരിപാലിക്കുന്ന രജിസ്റ്റർ പ്രകാരം TC XIII/ 481 എന്ന കെട്ടിടത്തിന്റെ അപേക്ഷകൻ പത്മിനി പ്ലാവിളവീട് ആയിരവല്ലികോണം ആനാകുടി പിഒ എന്നും സഞ്ചയ പ്രകാരം അംബികാ മോഹൻ മുളമനവീട് ഈട്ടിമൂട് എന്നുമാണ്. വ്യത്യാസത്തിനുള്ള കാരണം സംബന്ധിച്ച നൽകിയ അന്വേഷണകുറിപ്പിന് (39/03.10.2023) മറുപടി ലഭ്യമാക്കിയില്ല.

വ്യത്യാസത്തിനുള്ള കാരണം സംബന്ധിച്ച വിശദാംശങ്ങൾ രേഖാമൂലം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

2) മൊബൈൽ ടവറുകളുടെ വസ്തു നികുതി പുനർ നിർണ്ണയ ം- മറുപടി ലഭ്യമാക്കിയില്ല .

സർക്കാരിൽ നിന്നുള്ള 26/02/2022 ലെ 787652/2022/C(DP)PAN നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി പുനർ നിർണ്ണയിക്കാൻ നിർദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളുടെയും വസ്തു നികുതി അടിയന്തിരമായി പുനർ നിർണ്ണയിച്ച് നൽകാൻ L.S.G.D AE ക്ക് നിർദേശം നൽകാൻ ഭരണസമിതി യോഗത്തിൽ തീരുമാനം കൈകൊണ്ടിരുന്നു. അപ്രകാരം നികുതി പുനർ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യ തീയതി ഉൾപ്പെടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (39/03.10.2023) മറുപടി ലഭ്യമാക്കിയില്ല.

ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

3) കെട്ടിട നമ്പർ ലഭിക്കാതെ യും വസ്തു നികുതി ഒടുക്കാതെയും മൊബൈൽ ടവ ർ പ്രവർത്തിക്കുന്നു .

വാമനപുരം ഗ്രാമ പഞ്ചായത്തിൽ വാമനപുരം വില്ലേജിൽ ആനാകുടി കുന്നുംപുറത്ത് വീട്ടിൽ താമസിക്കുന്ന ശ്രീമതി.ചന്ദ്രികാ ദേവിയുടെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 840/2-4 ൽ പ്പെട്ട 10 സെൻറ് വസ്തുവിൽ റിലയൻസ്, ജിയോ ഇൻഫോകോം

ലിമിറ്റഡിന് മൊബൈൽ ടവർ സ്ഥാപിക്കാൻ 12/01/2018 ലെ ലീസ് കരാർ പ്രകാരം അനുവദിക്കുകയും ടി കമ്പനി ബന്ധപ്പെട്ട രേഖകൾ സഹിതം 28/03/2018 ടി സ്ഥലത്ത് മൊബൈൽ ടവർ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് 05/05/2018 ൽ മൊബൈൽ ടവർ സ്ഥാപിക്കാൻ ഗ്രാമപഞ്ചായത്ത് പെർമിറ്റ് അനുവദിക്കുകയും ടി സ്ഥലത്ത് മൊബൈൽ ടവർ സ്ഥാപിക്കുകയും KSEB വാമനപുരം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ഇലക്ട്രിക് കണക്ഷൻ നേടി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ടി മൊബൈൽ ടവർ നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ സർട്ടിഫിക്കറ്റ് സഹിതം ഗ്രാമ പഞ്ചായത്തിൽ നമ്പറിംഗിനായി അപേക്ഷ സമർപ്പിച്ച് കെട്ടിട നമ്പർ ലഭിക്കാതെയും ഗ്രാമ പഞ്ചായത്തിൽ വസ്തു നികുതി ഒടുക്കാതെയുമാണ് ഇത്തരത്തിൽ ഇലക്ട്രിക് കണക്ഷൻ നേടിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ഓണർഷിപ്പ് സർട്ടിഫിക്കറ്റ് അനുവദിക്കാതെ ഇലക്ട്രിക് കണക്ഷൻ അനുവദിച്ചത് സംബന്ധിച്ച് KSEB വാമനപുരം ഇലക്ട്രിക്കൽ സെഷനിൽ അന്വേഷിച്ചതിൽ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ആവശ്യമില്ലായെന്നും, ടി സ്ഥാപനം ടി സ്ഥലത്താണ് പ്രവർത്തിക്കുന്നത് എന്നു ബോധ്യപ്പെട്ടാൽ മതിയെന്നുമാണ് KSEB അധികൃതർ അറിയിച്ചത്. എന്നു മുതലാണ് ടി കെട്ടിടത്തിന് ഇലക്ട്രിക് കണക്ഷൻ അനുവദിച്ചത് എന്ന വിവരം അടിയന്തിരമായി അറിയിക്കാനും , ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഇല്ലാതെ അനുവദിച്ച പ്രസ്തുത വൈദ്യുത കണക്ഷൻ വിച്ഛേദിക്കാൻ KSEB വാമനപുരം ഇലക്ട്രിക് സെക്ഷനോട് ആവശ്യപ്പെടാനും, ടി മൊബൈൽ ടവറിന് ഇലക്ട്രിക് കണക്ഷൻ ലഭിച്ച തീയതി മുതൽ വസ്തു നികുതി നിർണയിച്ച് നൽകാനാവശ്യമായ രേഖകൾ സഹിതം നമ്പറിംഗിനായി അപേക്ഷ സമർപ്പിക്കാൻ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന് നിർദേശം നൽകാനും ലീസ് എഗ്രിമെൻറിലെ വ്യവസ്ഥ ലംഘിച്ചിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്ത വസ്തു ഉടമ ശ്രീമതി. ചന്ദ്രികാദേവിയ്ക്ക് നോട്ടീസ് നൽകാനും അടിയന്തിരമായി ടി മൊബൈൽ ടവറിന് കെട്ടിട നമ്പർ നേടി കുടിശ്ശിക സഹിതം വസ്തു നികുതി ഒടുക്കാത്ത പക്ഷം ടി രണ്ടു പേരെയും കക്ഷിയാക്കി നിയമ നടപടികൾ ആരംഭിക്കാനും ഭരണസമിതി യോഗത്തിൽ തീരുമാനം കൈകൊണ്ടിരുന്നു. പ്രസ്തുത മൊബൈൽ ടവറിന് നം നൽകി വസ്തു നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ടെങ്കിൽ നൽകിയ നമ്പർ ഉൾപ്പെടെ വിശദാംശങ്ങൾ ലഭ്യമാക്കുവാനും വസ്തു നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാനും ഇല്ലായെങ്കിൽ മേൽ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിശദാംശങ്ങൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (39/03.10.2023) മറുപടി ലഭ്യമാക്കിയില്ല.

മൊബൈൽ ടവറിന് നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ച് നൽകിയതിന്റെയും വസ്തു നികുതി ഒടുക്കിയതിന്റെയും ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

4) ഒറ്റത്തവണ കെട്ടിട നികുതി ഒടുക്കുന്നില്ല

സ.ഉ(എം.എസ്) നം.231/15/ത.സ്വ.ഭ.വ തീയതി 9.7.2015-ാം നമ്പർ ഉത്തരവ് പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും 1975 ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതി അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ്. ചുവടെ ചേർക്കുന്ന ഫയലുകളിൽ മേൽ ഉത്തരവ് പാലിച്ചതായി കാണുന്നില്ല.

| ക്രമ നം | ഫയൽ നം | കെട്ടിട നം/ വില്ലേജ് | ഉടമയുടെ പേര് | നികുതി പ്രാബല്യ തീയതി | ഉപയോഗക്രമം | പ്ലിന്ത് ഏര്യ |
|---|---|---|---|---|---|---|
| 1 | A2/3601/22 15.07.2022 | XI /135 B Vamanapuram | വിഷ്ണു നായർ. ആർ | 2023 Ist | പാർപ്പിടാവശ്യം | 255.8M$^2$ |
| 2 | A2/2656/22 28.05.2022 | VP IV/659A | രാഹുൽ.എൽ.ആർ | 2022 Ist | “ | 114.51m$^2$ |
| 3 | A2/6664/22 17.11.22 | XIII/263 | സൂനം, | 2022 Ist | “ | 240.17m$^2$ |
| 4 | A2/3559/22 13.07.2022 | IV/225A Vamanapuram | Rahul R | 2022 IInd | “ | 137.61m$^2$ |
| 5 | A2/5828/22 26.10.2022 | XV/145A | Sobhana G | “ | “ | 189.44m$^2$ |
| 6 | A2/1543/21 23.05.2022 | IV/379D | Manidas | 2022 Ist | Commercial | 112.36m$^2$ |

മേൽ പരാമർശിത കെട്ടിട ഉടമകളിൽ നിന്നും ഒറ്റത്തവണ നികുതി ഈടാക്കി സർക്കാരിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

5) നിലവിലുള്ള കെട്ടിടത്തിനോടൊപ്പം പുതുതായി കൂട്ടിചേർക്കൽ നടത്തിയപ്പോൾ സഞ്ചയയിൽ പ്ലിന്ത് ഏരിയയിൽ മാറ്റം വരുത്തിയില്ല.

നിലവിലുള്ള 120 M$^2$ കെട്ടിടത്തിനോടൊപ്പം കൂട്ടിച്ചേർക്കൽ വരുത്തിയപ്പോൾ പുതുതായി നിർമിച്ച 120.17m2 വിസ്തീർണം

സഞ്ചയയിൽ ആകെ പ്ലിന്ത് ഏരിയയിൽ ഉൾപ്പെടുത്തിയില്ല. തൻമൂലം വസ്തു നികുതി ഈടാക്കിയിരിക്കുന്നതു 120 M2 ന് മാത്രമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം | കെട്ടിട നം/ വില്ലേജ് | ഉടമയുടെ പേര് | നികുതി പ്രാബല്യ തീയതി | ഉപയോഗക്രമം | നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം | കൂട്ടിച്ചേർക്കൽ വരുത്തിയ ഭാഗത്തിന്റെ വിസ്തീർണം | ആകെ പ്ലിന്ത് ഏര്യ | നികുതി നിർണ്ണയിച്ച ഏര്യ |
|---|---|---|---|---|---|---|---|---|---|
| 1 | A2/6664/22 17.11.22 | XIII/263 | സൂനം, | 2022 Ist | Residential | $120m^2$ | $120.17m^2$ | $240.17m^2$ | $120m^2$ |

അപാകത സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (39/03.10.2023) മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർ നിർണ്ണയിച്ചതിന്റെയും ഒടുക്കിയതിന്റെയും രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി അപാകതകൾ

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ശേഖരണത്തിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. റേഷൻ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കുന്നില്ല

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി. എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (2/23.09.2023) മുഴുവൻ കടകൾക്കും നോട്ടീസ് നൽകിയതായി നോട്ടീസിന്റെ പകർപ്പ് സഹിതം അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ARD നം. |
|---|---|
| 1 | ARD-367 കണിച്ചോട് |
| 2 | ARD-303 കളമച്ചൽ |
| 3 | ARD-159 ആനച്ചൽ |
| 4 | ARD-153 ചാമ്പല്ലവിള |
| 5 | ARD-160 കുറ്റിമൂട് |

മേൽ പട്ടികയിലെ റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

2. സ്ഥാപന തൊഴിൽ നികുതി ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല .

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

| ക്രമ നം. | സ്ഥാപനം | സ്ഥാപന തൊഴിൽ നികുതി |
|---|---|---|
| 1 | കല്ലറ ഹൗസിങ് കോപ്പറേറ്റീവ് സൊസൈറ്റി | I അർദ്ധവർഷം |
| 2 | കണിച്ചോട് ക്ഷീരോല്പാദക സഹകരണ സംഘം | Ii അർദ്ധവർഷം |

മേൽ സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

3) അക്ഷയ സെന്ററുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല .

പഞ്ചായത്ത് പരിധിയിൽ എത്ര അക്ഷയ സെന്ററുകൾ പ്രവർത്തിക്കുന്നുവെന്നും ഇവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് അന്വേഷണകുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം. 8/2022-23, തീയതി. 26.09.2023). അക്ഷയ സെന്ററുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-14 സ്ഥാപനത്തിന്റ ഉടമസ്ഥതയിലുള്ള എല്ലാ കടമുറികളും വാടകയ്ക്കു നൽകിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള 51 കടമുറികളിൽ 2022-23 സാമ്പത്തിക വർഷം 44 കടമുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളതായി കാണുന്നത് . കൂടാതെ വിവിധ സ്ഥാപനങ്ങൾ വാടക രഹിതമായും പ്രവർത്തിച്ച് വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. BNSEP ചെയർപേഴ്സണ 4 വർഷമായി വാടക രഹിതമായി നല്കിയിരുന്ന ഗ്രാമപഞ്ചായത്ത് വക ഷോപ്പിംങ് കോംപ്ലക്സിലെ ഒരു മുറി 31.3.2022 ൽ കാലാവധി അവസാനിച്ചതിനാൽ ഒഴിഞ്ഞു നൽകാൻ ഗ്രാമപഞ്ചായത്തിൽ നിന്നും നോട്ടീസ് നല്കുകയും തുടർന്നും മുറി ടി സ്ഥാപനത്തിന് ആവശ്യമുള്ള പക്ഷം LSGD AE നിശ്ചയിക്കുന്ന വാടക 01.04.2022 മുതൽ നല്കി ഗ്രാമപഞ്ചായത്തുമായി

കരാറിൽ ഏർപ്പെട്ട് തുടരുന്നതിനും അല്ലാത്തപക്ഷം 15.04.2022 ൽ മുറി ഒഴിഞ്ഞു നൽകാൻ നിർദ്ദേശം നൽകാനും ഭരണസമിതി യോഗത്തിൽ തീരുമാനം കൈകൊണ്ടിരുന്നു.

2. ഭക്ഷ്യസുരക്ഷ ആഫീസ് വാമനപുരം ഗ്രാമപഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള OSC 9, OSC 10, OSC 11 നമ്പർ മുറികളിലാണ് ഗ്രാമപഞ്ചായത്തിൻറെ അനുമതി പ്രകാരം വാടക രഹിതമായി പ്രവർത്തിച്ചു വരുന്നത് ഇതിൻറെ കാലാവധി 2022 ഏപ്രിൽ മാസത്തിൽ അവസാനിക്കുന്നതിനാൽ ടി ആഫീസ് പ്രവർത്തിപ്പിക്കുന്നതിന് തുടർന്നും ടി കെട്ടിടം സൗജന്യമായി നൽകണമെന്ന വാമനപുരം സർക്കിൾ ഭക്ഷ്യസുരക്ഷ ആഫീസറുടെ 01.04.2022 ലെ 256/2018/ SFO/വാമനപുരം നമ്പർ കത്ത് കമ്മിറ്റി പരിശോധിക്കുകയും ഈ വിഷയം ചർച്ച ചെയ്തു ഗ്രാമപഞ്ചായത്തിൻറെ ധനസ്ഥിതി വളരെ മോശമായതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൻറെ അധീനതയിലുള്ള എല്ലാ കടമുറികളും ലേലം ചെയ്യാൻ തീരുമാനിച്ചതിനാൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന വാടകയോടുകൂടി ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട് ആഫീസ് പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകാൻ യോഗം തീരുമാനിച്ചിരുന്നു.

3. ഗ്രാമപഞ്ചായത്തു വക ഷോപ്പിംങ് കോപ്ലക്സിലെ OSC-6-ം നമ്പർ മുറി 02/04/2022 ലെ 4(9)-ം നമ്പർ തീരുമാന പ്രകാരം ഒഴിഞ്ഞു നല്കുന്നതിനായി 11.04.2022 ൽ KSEB വാമനപുരം ഇലക്ട്രിക്കൽ സെഷൻ അസിസ്റ്റൻ്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും മുറി ഒഴിഞ്ഞ് നൽകാത്തതിനാൽ ടി കടമുറി KSEB യ്ക്ക് തുടർന്ന ആവശ്യമുള്ള പക്ഷം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ പ്രതിമാസ വാടക നൽകി ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട് ഉപയോഗിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം അടിയന്തിരമായി ഒഴിഞ്ഞു നൽകാനും KSEB വാമനപുരം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റൻറ് എഞ്ചിനീയറോട് ആവശ്യപ്പെടാനും, ടി മുറിയുടെ ലേല നടപടികൾ ആരംഭിക്കാനും യോഗം തീരുമാനിച്ചിരുന്നു.

4. ഗ്രാമപഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള OSC-8,MS-20,MS-23 കടമുറികൾ വാടകയ്ക്ക് നല്കുന്നതിനായി പ്രതിമാസ വാടക നിശ്ചയിച്ചു നൽകുന്നതിനായി LSGD AE യ്ക്ക് നിർദേശം നൽകാനും തീരുമാനിച്ചിരുന്നു.

5. വിശപ്പ് രഹിത കേരളം പദ്ധതി പ്രകാരം വാമനപുരം ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന സുഭിഷ ഹോട്ടലിനായി വിട്ടു നല്കിയ NSC-8,NSC-9 നമ്പർ കടമുറിയുടെയും പുതുതായി നിർമ്മാണം നടത്തിയ NSC-8-A നമ്പർ കടമുറിയുടെയും പ്രതിമാസ വാടക നിശ്ചയിച്ചു നൽകാൻ LSGD AE യ്ക്ക് നിർദേശം നൽകാൻ യോഗം തീരുമാനിച്ചിരുന്നു.

മേൽ കെട്ടിടങ്ങളുടെ പ്രതിമാസ വാടക നിശ്ചയിച്ചതിന്റെയും വാടക ഈടാക്കിയതിന്റെയും വിശദാംശങ്ങൾ ആവശ്യപ്പെട്ടെങ്കിലും അന്വേഷണകുറിപ്പിന് (19/30.09.2023) മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിൽ അക്ഷയ സെൻറർ പ്രവർത്തിക്കുന്ന മുറിയുടെ വാടക LSGD AE പ്രതിമാസം 1133/-രൂപയായി നിശ്ചയിച്ച് നൽകുകയും ടി അക്ഷയ സെൻറർ നിലവിൽ നടത്തുന്ന ശ്രീമതി.ബിനി.എസ്, മുട്ടത്തറവീട്,കളമച്ചൽ,കളമച്ചൽ പി.ഒ എന്നയാൾക്ക് പ്രതിമാസം 1133/-രൂപ വാടക നൽകി 3 മാസത്തെ വാടക അഡ്വാൻസ് ഈടാക്കി ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട് 01.04.2022 മുതലുള്ള വാടകയ്ക്ക് നല്കുന്നതിന് യോഗം തീരുമാനിക്കുകയും ടിയാൾ ടി കെട്ടിടം മുൻവർഷങ്ങളിൽ ഗ്രാമപഞ്ചായത്തിന് വാടകയൊന്നും നൽകാതെ പ്രവർത്തിപ്പിച്ചിരുന്നതിനാൽ ടി കാലയളവിലേക്ക് 5000/- രൂപ വാടകയിനത്തിൽ ഗ്രാമ പഞ്ചായത്തിൽ ഒടുക്കാൻ നിർദ്ദേശം നൽകാനും ഭരണസമിതി യോഗത്തിൽ തീരുമാനം കൈകൊണ്ടിരുന്നു. പ്രസ്തുത തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഈ സാഹചര്യത്തിൽ മേൽ വിഷയങ്ങളിൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ രേഖാ മൂലം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-15 വാണിജ്യ വ്യവസായ ലൈസൻസ് അപാകതകൾ

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് അനുവദിച്ച ലൈസൻസുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ സംബന്ധിച്ച് അന്വേഷണ കുറിപ്പ് നൽകുകയും( ഓഡിറ്റ് എൻക്വയറി നം 7/ 2022-23, 26.09.2023) ആയതിന് മറുപടി ലഭ്യമാക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ ഗ്രാമ പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ മറുപടിയിൽ റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ലെന്നും ഗ്രാമ പഞ്ചായത്ത് പരിധിയിലെ റേഷൻ കട നടത്തുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ടുകൊണ്ട് താലൂക്ക് സപ്ലൈ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും വരും വർഷങ്ങളിൽ എല്ലാ റേഷൻ കടകളെയും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

2. ഇറച്ചിക്കട ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത്

പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ല് വച്ച് മറച്ചതും ഈച്ച, പ്രാണികൾ തുടങ്ങിയവ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നെണ്ടെന്ന് ഉറപ്പുവരുത്തി, ലൈസൻസ് നൽകേണ്ടതാണ്. പഞ്ചായത്ത് പരിധിയിലെ ആകെ ഇറച്ചിക്കടകളുടെ വിശദാംശം അവയ്ക്ക് ലൈസൻസ് നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു ഇറച്ചി വിൽപന കേന്ദ്രം പ്രവർത്തിക്കുന്നുണ്ടെന്നും ആയതിന് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും, വരും വർഷങ്ങളിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപന കേന്ദ്രങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതുമാണ്.

3.വാണിജ്യാടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണവും ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 909 വാണിജ്യാടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങൾ ഉണ്ട് . കെട്ടിടങ്ങളുടെ എണ്ണത്തിനാനുപാതികമല്ല ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം 188 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ വിഷയത്തിന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനങ്ങൾ പലതും കൊവിഡ് 19 വ്യാപനം മൂലമുണ്ടായ പ്രതിസന്ധിയിൽ പ്രവർത്തന രഹിതമാണെന്നും ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലുള്ള എല്ലാ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിച്ച് ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പു വരുത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

4. സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു

സ്ഥാപനങ്ങളിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ 31.10.2017 ലെ ഭേദഗതി ചട്ടങ്ങളിലെ പട്ടിക II ൽ പറയുന്ന പ്രകാരമുള്ള പരമാവധി ഫീസ് ഈടാക്കിയില്ല. വിശദാശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് | കെട്ടിട നം/ഉടമയുടെ പേര്/സ്ഥാപനത്തിന്റെ പേര്/ | ഈടാക്കിയ ഫീസ് / രസീത് നമ്പർ/ തീയതി | ഈടാക്കേണ്ട ഫീസ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | NSC 5 | സ്റ്റേഷനറി കട,ദീപ.കെ.വി, മഠത്തിൽ വീട് , വാമനപുരം | 300/1210102530, 14.02.2022 | 500 | 200 |
| 2 | IV/476 | ഫോട്ടോസ്റ്റാറ്റ് കട, ജി.സുരേഷ്,ശാരദാ മന്ദിരം | 300/1210102776, 25.02.2022 | 500 | 200 |
| 3 | IV/336 | ഫ്രൂട്ട്സ് കച്ചവടം, രാജൻ എൻ, രാജേഷ് മന്ദിരം | 300/1210103109, 11.03.2022 | 500 | 200 |
| 4 | XIV/227.c | നെടുംപറമ്പിൽ ഗാർമെന്റ്സ് സരിത.എസ്.എസ്, കട്ടക്കാലിൽ വീട് ആനാകുടി പി.ഒ, വാമനപുരം | 375/1210102964, 05.03.2022 | 500 | 125 |
| 5 | XV/422.A | ലൈല സ്റ്റോർ & ബേക്കറി, ലൈല കെ, പ്രഭാതം,ആനച്ചൽ, | 300/1210103331, 18.03.2022 | 500 | 200 |

| | | | | | |
|---|---|---|---|---|---|
| | | കളമച്ചൽ പി.ഒ | | | |
| 6 | V/373 | ഫ്ലവേഴ്സ് ബേക്കറി<br>കുട്ടൻ ആചാരി.സി,<br>കീർത്തി ഭവൻ | 300/1220100069,11.04.2022 | 500 | 200 |
| 7 | III/246 A | പൂരാടം സ്റ്റോഴ്സ്,<br>ജയകുമാർ.എസ്<br>വാഴ്വേലിക്കോണം | 300/1220100159,<br>20.09.2022 | 500 | 200 |
| 8 | IV/519A | തിരുവാതിര കമ്പ്യൂട്ടേഴ്സ്,<br>ആർദ്രം കരുവയൽ | 300/1220100040,<br>07.04.2022 | 500 | 200 |
| 9 | IV/499 | ഉപാസ് സലൂൺഉണ്ണി.എസ്,<br>കെ.കെ. ഹൗസ് മലരുപാറ | 300/1220100164,20.04.2022 | 500 | 200 |
| 10 | III/84 | വിനിത സ്റ്റോർ,<br>വിജയകുമാർ | 300/1220100204,<br>25.04.2022 | 500 | 200 |
| 11 | IX/408 | ശ്രീമംഗലം സ്റ്റോർ, എസ്.<br>സുരേന്ദ്രൻ നായർ,<br>ശ്യാംജിത് ഭവൻ | 300/1220100213,<br>26.04.2022 | 500 | 200 |
| 12 | IV/545 | അശ്വതി ഫാൻസി<br>സുനിൻ എൽ.എസ്.<br>സുനിൻ നിവാസ്<br>വാമനപുരം | 300/1220100230,27.04.2022 | 500 | 200 |
| 13 | I/233 A | പ്രൊവിഷണൽ സ്റ്റോർ,<br>പുഷ്പ രാജൻ, വിജയ ഭവൻ | 200/1220100337, 06.05.2022 | 500 | 300 |
| 14 | IV/255 | കുറ്റൂർ കല്യാണ സ്റ്റോർ<br>വി. മുരളീധരൻ നായർ<br>വിപഞ്ചിക വാമനപുരം | 300/1220100417/13.05.2022 | 500 | 200 |
| 15 | IV/265 | രാജൻ സ്റ്റോർ, രാജൻ, ആർ.<br>എസ് ലാന്റ് | 300/1220100472,18.05.222 | 500 | 200 |

ലൈസൻസ് ഫീസ് കുറവായി ഈടാക്കിയിരിക്കുന്നത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-16 എൽ.എസ്.ജി.ഡി എ.ഇ യുടെ വാല്യുവേഷൻ തുകയെക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ഉപയോഗശൂന്യമായ സാധനങ്ങൾ കൈയൊഴിഞ്ഞു

ലേല രജിസ്റ്റർ, ലേല ഡയറി, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ എൽ.എസ്.ജി.ഡി എ.ഇ വാല്യുവേഷൻ നിശ്ചയിച്ചതിലും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ കൈയൊഴിയുന്നതായി ശ്രദ്ധയിൽ പെട്ടു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം 11 / 2022-23,27.09.2023) സ്ഥാപനം മറുപടി ലഭ്യമാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ആനാകുടി എഫ്.എച്ച്. സി യിൽ ഉപയോഗശൂന്യമായ ചുവടെ പറയുന്ന സാധനങ്ങളുടെ വില 8657/- രൂപ നിശ്ചയിച്ച് എൽ.എസ്.ജി.ഡി എ.ഇ വാല്യൂവേഷൻ നല്കിയിട്ടുണ്ട്(Lr No.38A1/AE/LID&EW/VPM/2022-23 Dtd 18.06.2022).(file No B1 3090/22)

| Article | Quantity | Unit | Assessed Value |
|---|---|---|---|
| Wood (Doors&windows)(MR10) | .345 | Cum | 4911.75 |
| Aluminium(7306) | 30 | Kg | 3246.02 |
| Ms Flat Fittings(1003) | 20 | Kg | 417.62 |
| Plane Glass(2406) | .56 | Sqm | 82 |
| | | Total | 8657.39 |

ലേലത്തിലും പുനർലേലത്തിലും ആരും പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻ ക്ഷണിക്കുന്നതിന് സെക്രട്ടറിയെ 01.12.2022 ലെ സാധാരണ മീറ്റിങ്ങിലെ 4(3) നം തീരുമാന പ്രകാരം ചുമതലപ്പെടുത്തി തീരുമാനിച്ചു. ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുകയായ 800/- രൂപ രേഖപ്പെടുത്തിയ അദ്വൈത് , അദ്വൈത് ഭവൻ ആൽത്തറമൂട് എന്നയാളുടെ ക്വട്ടേഷന് 30.12.2022 ലെ അടിയന്തിര

യോഗത്തിലെ 3/2 നം തീരുമാന പ്രകാരം അംഗീകാരം നൽകുകയും തുക അടവാക്കുകയും ചെയ്തു.(Rt No. 1220102917 Dtd 03.01.2023). 8657.39 രൂപ വാല്യുവേഷൻ ലഭിച്ച സാധനങ്ങൾക്ക് 800/- രൂപയുടെ ക്വട്ടേഷൻ അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് പല പ്രാവശ്യം ലേലം നടത്തിയിട്ടും ആരും ലേലം കൊള്ളാൻ തയ്യാറാകാത്തതിനാൽ സാധനങ്ങൾ നനഞ്ഞ് ചിതൽ കയറുകയും നശിച്ച് തുടങ്ങുകയും ചെയ്തതിനാൽ തടി ഉരുപ്പടികൾ കൂട്ടി ഇട്ടിരിക്കുന്നത് ആശുപത്രിയിൽ എത്തിച്ചേരുന്ന രോഗികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി HMC അറിയിച്ചതിനെ തുടർന്നാണ് ക്വട്ടേഷനിൽ ക്വാട്ട് ചെയ്ത കൂടിയ തുകയ്ക്ക് സാധനങ്ങൾ വിറ്റത് എന്നാണ് മറുപടി ലഭ്യമാക്കിയത്.

2)വാമനപുരം ഗ്രാമപഞ്ചായത്തിലെ ആനച്ചൽ സ്കൂളിൽ പൊളിച്ചുമാറ്റിയ സ്റ്റയർ അനുബന്ധ സാധനങ്ങളുടെ വില ചുവടെ പറയും പ്രകാരം 13618/- രൂപ നിശ്ചയിച്ച് എൽ.എസ്.ജി.ഡി എ.ഇ നല്കിയിട്ടുണ്ട് (Lr No.40A1/AE/LID&EW/VPM/2022-23 Dtd 18.06.2022). (File No B1 3094/22)

| Article | Quantity | Unit | Assessed Value |
|---|---|---|---|
| GI(1550) | 325.44 | Kg | 13238.90 |
| Mild Steel(1006) | 12.812 | Kg | 379.13 |
| | | Total | 13618.03 |

ലേലത്തിലും പുനർലേലത്തിലും ആരും പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻ ക്ഷണിക്കുന്നതിന് സെക്രട്ടറിയെ 01.12.2022 ലെ സാധാരണ മീറ്റിങ്ങിലെ 4(1) നം തീരുമാന പ്രകാരം ചുമതലപ്പെടുത്തി തീരുമാനിച്ചു. ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുകയായ 1200/- രൂപ രേഖപ്പെടുത്തിയ അദ്വൈത് , അദ്വൈത് ഭവൻ ആൽത്തറമൂട് എന്നയാളുടെ ക്വട്ടേഷന് 30.12.2022 ലെ അടിയന്തിര യോഗത്തിലെ 3/1 നം തീരുമാന പ്രകാരം അംഗീകാരം നൽകുകയും തുക അടവാക്കുകയും ചെയ്തു.(Rt No. 1220102916 Dtd 03.01.2023). 13618.03 രൂപ വാല്യുവേഷൻ ലഭിച്ച സാധനങ്ങൾക്ക് 1200/- രൂപയുടെ ക്വട്ടേഷൻ അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് പല പ്രാവശ്യം ലേലം നടത്തിയിട്ടും ആരും ലേലം കൊള്ളാൻ തയ്യാറാകാത്തതിനാൽ മെറ്റൽ ഉരുപ്പടികൾ മഴയെ തുടർന്ന് തുരുമ്പെടുത്തു തുടങ്ങിയതായും വിദ്യാർഥികളുടെ സുരക്ഷക്കായി സാധനങ്ങൾ സ്കൂൾ പരിസരത്ത് നിന്ന് നീക്കം ചെയ്യണമെന്ന് സ്കൂൾ അധികൃതർ അറിയിച്ചതിനെ തുടർന്നാണ് സാധനങ്ങൾ വിറ്റഴിച്ചിട്ടുള്ളത് എന്നാണ് അറിയിച്ചത്.

സാധനങ്ങളുടെ വില നിശ്ചയിച്ച് എൽ.എസ്.ജി.ഡി എ.ഇ വാല്യുവേഷൻ നടത്തിയശേഷം ഇപ്രകാരം കുറഞ്ഞ തുകയ്ക്ക് ക്വട്ടേഷനിലൂടെ നൽകിയത് ഉചിതമായ നടപടിയല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-17 പെർമിറ്റ് അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിലെ പെർമിറ്റ് ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയില്ല. ( ഓഡിറ്റ് എൻക്വയറി നം57/ 2022-23, തീയതി, 04.10.2023)

1. കാലപരിധി പിന്നിട്ട പെർമിറ്റുകളെ സംബന്ധിച്ച വിവരശേഖരണം - മറുപടി ലഭ്യമാക്കിയില്ല

കാലപരിധി പിന്നിട്ടതും നിർമ്മാണം പൂർത്തീകരിച്ചതും എന്നാൽ പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കാത്തതുമായ കെട്ടിട ഉടമകളെ കണ്ടെത്തുന്നതിന് സ്ഥാപനം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, മൂന്ന്/അഞ്ച് മുതൽ പത്ത് വർഷം വരെ കാലപരിധി പിന്നിട്ട പെർമിറ്റുകളെ യഥാസമയം തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സഹായകമാകുന്ന വിധം അതത് വർഷങ്ങളിലെ പെർമിറ്റ് രജിസ്റ്ററുകളിൽ നിന്നും കാലപരിധി പിന്നിട്ട പെർമിറ്റുകളെ സംബന്ധിച്ച വിവരശേഖരണം നടത്തി ഫീൽഡ് തല പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ചത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

2. കെട്ടിട നിർമ്മാണ പെർമിറ്റ് , നമ്പറിംഗ് എന്നിവ വ്യത്യസ്ത ഫയലുകളായിട്ട് ്കൈകാര്യം ചെയ്യുന്നു .

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2/12/15ൽ പുറപ്പെടുവിച്ച സർക്കുലർ നം.12900/ആർ/2015/ത.സ്വ.ഭ.വ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിററ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ കെട്ടിട നിർമ്മാണ പെർമിറ്റ്, നമ്പറിംഗ് എന്നിവ വ്യത്യസ്ത ഫയലുകളായിട്ടാണ് കൈകാര്യം ചെയ്തിട്ടുള്ളത്.

3.പെർമിറ്റ് രജിസ്റ്ററുകൾ യഥാവിധം പരിപാലിക്കുന്നില്ല .

പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2022-23 ധനകാര്യ വർഷം 2022 ഡിസംബർ വരെയുള്ള കാലയളവിലെ ഫയലുകൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ മാത്രമാണ് ഉള്ളതെന്ന് കാണുന്നു. 29.01.2020 ലെ 1/1444/2019 ത.സ്വ.ഭ.വ. പരിപത്രത്തിൽ പെർമിറ്റ് രജിസ്റ്റർ പരിപാലിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശമുണ്ടെങ്കിലും പെർമിറ്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

മേൽ പരാമർശിത വിഷയങ്ങളിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ/ മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-18 സോളാർ ഫെൻസിങ് - തുടർ പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്

പദ്ധതി നമ്പർ : 33/23
പദ്ധതിയുടെ പേര് : സോളാർ ഫെൻസിങ് (സ്പിൽ ഓവർ)
അടങ്കൽ തുക : 3,.00,000
ചെലവ് തുക : 1,50,000
ഫണ്ടിനം : വികസന ഫണ്ട് ജനറൽ
ബിൽ നമ്പർ തീയതി : 249/12.12.2022
നിർവഹണം : കൃഷി ഓഫീസർ

കാർഷിക വിളകളുടെ സംരക്ഷണം എന്ന ഉദ്ദേശ്യത്തോടെ വിഭാവനം ചെയ്ത മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് സൗരോർജ്ജ വേലി സ്ഥാപിച്ചതിന് ശേഷം അതിന്റെ പരിപാലനത്തിന് ഗ്രാമ പഞ്ചായത്ത് തന്നെ ഒരു നിരീക്ഷണ സമിതി രൂപീകരിച്ച് ദിവസേനയുള്ള പരിപാലനം നടപ്പിലാക്കുന്നതിന് സ.ഉ. (സാധാ) നം.1530/2022/ത.സ്വ.ഭ.വ. തീയതി 25.06.2022 ഖണ്ഡിക 3 പ്രകാരം നിർദ്ദേശിച്ചിരുന്നു. സൗരോർജ്ജ വേലിയുടെ പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ തുടർ വിവരങ്ങൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം - 05/23, തീയതി: 25.09.2023) തുടർ പ്രവർത്തനങ്ങൾക്ക് വർക്കിങ് ഗ്രൂപ്പ് അംഗങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ അതിന്റെ പ്രവർത്തനങ്ങളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവഹണത്തിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-19 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - കാലഹരണ തീയതിക്ക് ശേഷവും മരുന്നുകൾ വിതരണം ചെയ്തു

പദ്ധതി നമ്പർ: 39/23
പദ്ധതിയുടെ പേര്: മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക : 2,00,000
ചെലവ് തുക : 2,00,000
ഫണ്ടിനം : മെയിന്റനൻസ് ഫണ്ട് (റോഡിതരം)
ബിൽ നമ്പർ തീയതി : 196/14.11.2022 (എ.സി.ആർ)
നിർവഹണം : വെറ്ററിനറി സർജൻ

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ വിവരിക്കുന്ന മരുന്ന് കാലഹരണ തീയതിക്ക് ശേഷവും വിതരണം ചെയ്തിട്ടുണ്ട്.

| ബിൽ നമ്പർ, തീയതി | മരുന്നിന്റെ പേര് | കാലഹരണ തീയതി | അവസാനം മരുന്ന് വിതരണം ചെയ്ത തീയതി |
|---|---|---|---|
| 960/20.10.2022 | GROWVITA 100 ML | 06/2023 | 10.08.2023 |

കാലഹരണ തീയതിക്ക് ശേഷവും മരുന്നുകൾ വിതരണം ചെയ്യാനുണ്ടായ സാഹചര്യം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 03/23, തീയതി: 23.09.2023) സ്റ്റോക്ക് രജിസ്റ്ററിൽ എഴുതിയപ്പോൾ തെറ്റ് പറ്റിയതെന്നാണ് മറുപടി നൽകിയത്. ഈ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. കാലഹരണപ്പെട്ട മരുന്നുകൾ വിതരണം ചെയ്ത് ഉപയോഗിക്കുന്നത് ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കും എന്നതിനാൽ മരുന്നുകൾ കാലഹരണ തീയതിക്ക് മുൻപ് തന്നെ വിതരണം ചെയ്യേണ്ടതും ഭാവിയിൽ ഇത്തരത്തിലുള്ള അപാകം സംഭവിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 പേ വിഷ പ്രതിരോധം, എ.ബി.സി. പ്രോഗ്രാം പദ്ധതികൾ നടപ്പിലാക്കിയില്ല

1.പദ്ധതി നമ്പർ: 232/23
പദ്ധതിയുടെ പേര്: പേവിഷ പ്രതിരോധം
അടങ്കൽ തുക:70,000
ചെലവ് തുക: 0
ഫണ്ടിനം: വികസന ഫണ്ട് പൊതു വിഭാഗം
നിർവഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ
2.പദ്ധതി നമ്പർ: 233
പദ്ധതിയുടെ പേര്: എ.ബി.സി. പ്രോഗ്രാം
അടങ്കൽ തുക:1,05,000
ചെലവ് തുക: 0
ഫണ്ടിനം: വികസന ഫണ്ട് പൊതു വിഭാഗം
നിർവഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

മേൽ വിവരിച്ച രണ്ട് പദ്ധതികൾക്കും യഥാക്രമം 70,000, 1,05,000 തുകകൾ വകയിരുത്തിയിരുന്നുവെങ്കിലും രണ്ട് പദ്ധതികളും 2022-'23 വർഷത്തിൽ നടപ്പിലാക്കിയിട്ടില്ല. തുകകൾ വകയിരുത്തിയിട്ടും പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാതിരുന്നതിന്റെ സാഹചര്യം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ - 34/23, തീയതി: 03.10.2023) പ്ലാൻ ഫണ്ടില്ലാതിരുന്നതിനാലാണ് പേവിഷ പ്രതിരോധ പദ്ധതി നടപ്പിലാക്കാതിരുന്നതെന്നും, ആനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ച എ.ബി.സി.പ്രോഗ്രാം നടപ്പിലാക്കുന്ന ഏജൻസി ഇല്ലാത്തതിനാലാണ് എ.ബി.സി.

പ്രോഗ്രാം നടപ്പിലാക്കാത്തതെന്നും മറുപടി നൽകി. സമൂഹത്തിൽ അടിയന്തിരമായി ഇടപെടൽ നടത്തേണ്ടുന്ന ഇത്തരം പദ്ധതികൾ അതാത് വർഷം നടപ്പിൽ വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഹോമിയോ ഡിസ്പെൻസറിക്ക് ഔഷധം വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല

പദ്ധതി നമ്പർ: 22/23
പദ്ധതിയുടെ പേര്: ഹോമിയോ ഡിസ്പെൻസറിക്ക് ഔഷധം വാങ്ങൽ
അടങ്കൽ തുക:2,00,000
ചെലവ് തുക:2,00,000
ഫണ്ടിനം: മെയിന്റനൻസ് ഫണ്ട് (റോഡിതരം)
ബിൽ നമ്പർ തീയതി : 369/27.01.2023
നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ആയുർവേദം

മേൽ വിവരിച്ച പദ്ധതിയിൽ 27.01.2023 ൽ മരുന്നുകളുടെ വിലയായ 2,00,000 രൂപ മരുന്ന് വിതരണക്കാരായ കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട്.(പി.എഫ്.436 /27.09.2022 തുക 2,00,000/-). എന്നാൽ ഓഡിറ്റ് തീയതി വരെയും മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകളുടെ വില പൂർണ്ണമായും നൽകിയതിന് ശേഷവും മരുന്നുകൾ ലഭ്യമാക്കാത്തതിന് ന്യായീകരണമില്ല. മരുന്നുകളുടെ വില പൂർണ്ണമായും നൽകിയിട്ടും മരുന്നുകൾ ലഭ്യമാകാതിരിക്കുന്നതിന്റെ സാഹചര്യം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം – 09/23, തീയതി: 26.09.2023) മറുപടി നൽകിയില്ല. ആരോഗ്യ സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-22 കമ്മിറ്റി തീരുമാനം - തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്

1. പഞ്ചായത്ത് കമ്മിറ്റിയുടെ 10-5-22 തീയതിയിലെ തീരുമാനം നം-12 പ്രകാരം Special Officer(KKS&ASC) &CEO,KSAMM,Agricultural Research Station.Mannuthy,Thrissur 23/04/2022 ൽ നൽകിയ SPOASC/056/2022-ാം നമ്പർ കത്ത് കമ്മിറ്റി പരിശോധിച്ചതായും വാമനപുരം ഗ്രാമപഞ്ചായത്തിലെ വാർഡ് 15 ൽ കളമച്ചൽ അംഗൻവാടിയുടെ മുൻവശത്ത് ഉപയോഗ ശൂന്യമായ കൊയ്ത്ത് യന്ത്രം (ജില്ലാ പഞ്ചായത്ത് വാങ്ങി നൽകിയത്), ഗ്രാമ പഞ്ചായത്ത് ആഫീസിന് സമീപം ഉപയോഗശൂന്യമായ ഒരു ട്രാക്ടർ എന്നിവ പരിശോധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിക്കാൻ അന്വേഷണ സംഘത്തോട് അഭ്യർത്ഥിക്കാൻ യോഗം ഐകകണ്ഠേനെ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെ തുടർ നടപടി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിൽ ജില്ലാ പഞ്ചായത്തിന്റെ 12-1-23 ലെ 5(22) നം തീരുമാന പ്രകാരം പ്രസ്തുത കൊയ്ത്ത് യന്ത്രം ലേലം ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്തിന് അനുമതി നൽകിയിട്ടുണ്ടെന്നും ആയതു പ്രകാരം കൊയ്ത്ത് യന്ത്രം ലേലം ചെയ്യുന്നതിനാവശ്യമായ വാല്യുവേഷൻ ലഭ്യമാക്കുന്നതിന് കൃഷി, അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയതായും ഉപയോഗശൂനമായ ട്രാക്ടർ ലേലം ചെയ്യുന്നതിനാവശ്യമായ വാല്യുവേഷൻ ലഭ്യമാക്കുന്നതിന് മെക്കാനിക്കൽ വിംഗിന് കത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

വാമനപുരം ഗ്രാമപഞ്ചായത്തിൽ നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ച ലൈറ്റുകൾ പലതും പ്രകാശിക്കാത്തത് സംബന്ധിച്ച് നിരവധി തവണ കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ടെങ്കിലും നാളിതു വരെ ഒരു ലൈറ്റും മെയിൻറൻസ് ചെയ്ത് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ചതിൽ പ്രവർത്തനക്ഷമമല്ലാത്ത എല്ലാ ലൈറ്റുകളും അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കെ.എസ്.ഇ.ബി വാമനപുരം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റൻറ് എഞ്ചിനീയറോട് അഭ്യർത്ഥിക്കാൻ 28-4-22 ലെ തീരുമാനം -17 പ്രകാരം ഭരണസമിതി യോഗം തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റ് എൻക്വയറി നം-56/4-10-23 പ്രകാരം ആവശ്യപ്പെട്ടതിന് പ്രവർത്തിക്കാത്ത ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിനായി 5-5-22 ലെ എ-1-705/22 നം കത്ത് 23-8-22 തീയതിയിലെ എ-1-3554/22 നം കത്ത് പ്രകാരം ആവശ്യപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. എന്നാൽ അപാകം പരിഹരിക്കപ്പെട്ടതിന്റെ വിവരം ലഭ്യമാക്കിയില്ല. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 പാഥേയം 2022-23 - ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പദ്ധതി നമ്പർ : 73/23
പദ്ധതിയുടെ പേര് : പാഥേയം 2022-23
അടങ്കൽ തുക : 1,22,304/-
ചെലവ് തുക : 1,22,304/-
ഫണ്ടിനം : വികസന ഫണ്ട് പൊതുവിഭാഗം
ബിൽ നമ്പർ തീയതി : 222/30.11.2022 (എ.സി.ആർ) തുക 1,22,304/-
നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

മേൽ പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിലെ അഗതികളും 60 വയസ്സിനു മുകളിലുള്ളവരും ഒരു നേരത്തെ ആഹാരത്തിനു പോലും പൈസ ലഭ്യമാകാത്തവരുമായ തെരഞ്ഞെടുക്കപ്പെട്ട 21 ഗുണഭോക്താക്കൾക്ക് ഒരു നേരത്തെ പാകം ചെയ്ത ആഹാരം കുടുംബശ്രീ വഴി ലഭ്യമാക്കുന്നതിനായി ഒരാൾക്ക് 16/- രൂപ നിരക്കിൽ 364 ദിവസത്തേക്ക് 1,22,304/- രൂപ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ഇതിന്റെ ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (59/23, തീയതി : 04.10.2023) മറുപടി നൽകിയില്ല. ചെലവ് തുകയ്ക്കുള്ള ധന

വിനിയോഗ സാക്ഷ്യപത്രം ജില്ലാ പഞ്ചായത്തിൽ നിന്നും വാങ്ങി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-24 വാതിൽപ്പടി സേവനം - പദ്ധതി നടപ്പിലായില്ല

പദ്ധതി നമ്പർ: 202/23
പദ്ധതിയുടെ പേര്: വാതിൽപ്പടി സേവനം
അടങ്കൽ തുക:50,000
ചെലവ് തുക: 0
ഫണ്ടിനം: വികസന ഫണ്ട്
നിർവഹണം : അസിസ്റ്റന്റ് സെക്രട്ടറി

പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള 'വാതിൽപ്പടി സേവനം' എന്ന പദ്ധതിക്ക് 2022-'23 വർഷം 50,000 രൂപ വകയിരുത്തിയിരുന്നുവെങ്കിലും പ്രസ്തുത പദ്ധതി നടപ്പിലായില്ല. തുക വകയിരുത്തിയിട്ടും പ്രസ്തുത പദ്ധതി നടപ്പിലാക്കാതിരുന്നതിന്റെ സാഹചര്യം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 55/23, തീയതി: 04.10.2023) ലഭ്യമാക്കിയ മറുപടിയിൽ ഒരു ലക്ഷം രൂപ ആദ്യം വകയിരുത്തിയ ടി പദ്ധതിയിൽ വാതിൽ പടി സേവനം നടത്തുന്നതിനാവശ്യമായ വോളന്റിയർമാരുടെ ലിസ്റ്റ് തയ്യാറാക്കി വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനിൽ ഹൗസിംഗ് ഓഫീസർക്ക് നൽകിയിട്ടുള്ളതാണെന്നും വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ പദ്ധതി അടങ്കൽ 50000 രൂപയാക്കി കുറവ് ചെയ്യുകയും ലാപ് ടോപ്പ് , ബയോ മെട്രിക്ക് മെഷീൻ എന്നിവ വാങ്ങുന്നതിനായി പ്രോജക്റ്റ് ഭേദഗതി ചെയ്യുകയും കെൽട്രോണിന് പർച്ചേയ്സ് ഓർഡർ നൽകിയെങ്കിലും ഉപകരണങ്ങൾ ലഭ്യമാകാത്തതു കാരണം പെയ്മെന്റ് നടത്തിയില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. 2023-24 വർഷത്തിൽ പദ്ധതി ഉൾപ്പെടുത്തിയതായും അറിയിച്ചിട്ടുണ്ട്.

### 1-25 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്-പദ്ധതികളിലെ അപാകത

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | S0127/23 | SO 128/23 |
| പ്രോജക്ടിന്റെ പേര് | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | 552000 വികസനഫണ്ട് പൊതു വിഭാഗം<br>276000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>276000 ജില്ലാ പഞ്ചായത്ത് വിഹിതം | 135000 വികസനഫണ്ട് പൊതു വിഭാഗം |
| ചെലവ് | 1061725 | 83600 |
| ബിൽ നമ്പർ/ ബിൽ റഫറൻസ് നമ്പർ | 176/05.11.2022-300000<br>473/15.03.23-24525<br>474/15.03.23-26310<br>555/28.03.2023-6090<br>333/06.01.23-195075<br>22010852064000821002/25.11.22-195000<br>22010852064000913649/09.12.2022-195000<br>22010852064001275262/02.03.23-13745<br>22010852064001275330/02.03.23-13730<br>22010852064001275515/02.03.23-47048<br>22010852064001275607/02.03.23-23792<br>22010852064001451577/21.03.23-9927<br>22010852064001381826/15.03.23-4758<br>22010852064001499762/27.03.23-1280<br>22010852064001516907/28.03.23-5445 | 177/05.11.22-45000<br>554/28.03.2023-34200<br>492/17.03.2023-4400 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

2022-23 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ മേൽ പദ്ധതികളുടെ പരിശോധനയിൽ ഒരേ

ഗുണഭോക്താവിന് മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും ഉള്ള പദ്ധതികൾ പ്രകാരം ആനുകൂല്യം നൽകിയതായും പദ്ധതികളുടെ ഗ്രാമസഭ അംഗീകരിച്ച് സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റിൽ അപാകങ്ങൾ കടന്നു കൂടിയിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടു. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( ഓഡിറ്റ് എൻക്വയറി നം 20/2022-23, 30.09.2023) 03.10.2023 ലെ വാമനപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ3/4724/2023 നം കത്ത് പ്രകാരം നിർവഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഒരേ ഗുണഭോക്താവിന് മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും ഉള്ള പദ്ധതികൾ പ്രകാരം ആനുകൂല്യം നൽകി

ശ്രീ. ശ്രീരാഗ്. R എന്ന ഗുണഭോക്താവിന് S0127/23 സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, SO 128/23 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്നീ രണ്ട് പദ്ധതികൾ പ്രകാരവും ആനുകൂല്യം വിതരണം ചെയ്തു. S0127/23 നം പദ്ധതി പ്രകാരം 21900 രൂപയും, SO 128/23 നം പദ്ധതി പ്രകാരം 5600 രൂപയുമാണ് സ്കോളർഷിപ്പ് തുക ആയി നൽകിയത്. എന്നാൽ ടിയാൾ അപേക്ഷ സമർപ്പിച്ചത് ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതിന് വേണ്ടിയാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് അപേക്ഷകന്റെ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് പരിശോധിച്ചപ്പോൾ അപേക്ഷകൻ സെറിബ്രൽ പൾസി വിഭാഗത്തിൽ ഉൾപ്പെട്ടതായി ബോധ്യപ്പെട്ടതായും സമൂഹത്തിൽ അവശത അനുഭവിക്കുന്ന ഈ വിഭാഗത്തിന് അർഹതപ്പെട്ട ആനുകൂല്യം വിതരണം ചെയ്യേണ്ടതിനാലും രണ്ട് പദ്ധതികളുടെയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതിനാലും കൂടുതൽ വൈകല്യമുള്ള വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകേണ്ടി വന്നതായി അറിയിച്ചു.

ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതും അപേക്ഷകളും രേഖകളും പരിശോധിച്ച് അർഹത ഉറപ്പ് വരുത്തിയതിനു ശേഷം മാത്രം ആനുകൂല്യം വിതരണം ചെയ്യേണ്ടതുമാണ്.

ഗുണഭോക്തൃ ലിസ്റ്റുകൾ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കുന്നില്ല .

സ.ഉ (കൈ) നം 115/2022/LSGD തീയതി 28.05.2022 നം സബ്സിഡി മാർഗരേഖ ഖണ്ഡിക 7.1.1 ക്രമ നം 2 പ്രകാരം ഭിന്ന ശേഷിക്കാരുടെ ഡേറ്റാ ബേസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കണം. എന്നാൽ മേൽ പദ്ധതികളുടെ ഗ്രാമസഭ അംഗീകരിച്ച് സൂക്ഷിച്ചിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഒട്ടേറെ അപാകങ്ങൾ കടന്നു കൂടിയിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ ഗുണഭോക്താക്കളുടെ പേര് ആവർത്തിച്ച് വരുന്നതായും മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിലും ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിലും ഒരേ ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുള്ളതായും ശ്രദ്ധയിൽ പെട്ടു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് ഗ്രാമപഞ്ചായത്താണ് ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയതെന്നും അപേക്ഷ പരിശോധിച്ച് ഉറപ്പ് വരുത്തിയാണ് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നതുമെന്നുമാണ് നിർവഹണോദ്യോഗസ്ഥ മറുപടി നൽകിയത്.

ഗുണഭോക്തൃ ലിസ്റ്റുകൾ തയ്യാറാക്കുമ്പോൾ അതീവ ജാഗ്രത പുലർത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ ഉത്തരവ് പ്രകാരം ഭിന്ന ശേഷിക്കാരുടെ ഡേറ്റാ ബേസ് തയ്യാറാക്കി നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-26 മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ഹെൽത്ത് ഗ്രാന്റ് പദ്ധതികളിലെ അപാകതകൾ

| പദ്ധതിയുടെ നമ്പർ, പേര് | 209/23 -FHC യിലും സബ്സെന്ററിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 208/23- രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
|---|---|---|
| അടങ്കൽ തുക | 135000/-(ഹെൽത്ത് ഗ്രാന്റ് ) | 264733/-(ഹെൽത്ത് ഗ്രാന്റ് ) |
| ആകെ ചെലവ് തുക | 64119/- | 119014 |
| ബിൽ നമ്പർ | 276/21.12.2022-27600<br>400/08.02.2023-23439<br>580/29.03.2023-13080 | 275/21.12.2022-25500<br>413/14.02.2023-89514<br>570/28.03.2023-4000 |
| നിർവഹണം | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി |

2022-23 സാമ്പത്തിക വർഷം ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് മെഡിക്കൽ ഓഫീസർ 2 പദ്ധതികളാണ് നടപ്പിലാക്കിയത് . പദ്ധതികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 209/23 FHC യിലും സബ്സെന്ററിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽഎന്ന പദ്ധതി പ്രകാരം 27600 രൂപയ്ക്കും 208/23 രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്ന പദ്ധതി പ്രകാരം 25500 രൂപയ്ക്കും ആനാകുടി കുടുംബാരോഗ്യ കേന്ദ്രത്തിൽ അലൂമിനിയം ഫാബ്രിക്കേഷൻ വർക്കുകൾ ചെയ്തിട്ടുണ്ട്. 2 പദ്ധതി പ്രകാരവും ഒരേ സ്ഥാപനങ്ങൾ തന്നെയാണ് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളതും ടി സ്ഥാപനത്തിന്റെ ക്വട്ടേഷൻ തന്നെയാണ് അംഗീകരിച്ചിട്ടുള്ളതും(ആര്യ അലൂമിനിയം). ക്വട്ടേഷനു

പരസ്യം നൽകിയതിന്റെയോ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായുള്ള നടപടിക്രമങ്ങൾ പാലിച്ചതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം 44/2022-23 ,തീയതി 04.10.2023). നടപടി ക്രമങ്ങൾ പാലിക്കാത്തതിനുള്ള കാരണം വ്യക്തമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

2)208/23 രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്ന പദ്ധതി പ്രകാരം പരിശോധനക്ക് വേണ്ട ലാബ് റീഏജന്റുകൾ, പരിശോധന കിറ്റ് എന്നിവ ABC DIAGNOSTICS PVT Ltd എന്ന സ്ഥാപനത്തിൽ നിന്നും 89514/-രൂപക്ക് വാങ്ങിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചതായി കാണുന്നില്ല. പദ്ധതിയിൽ ലോക്കൽ ക്വട്ടേഷൻ മുഖേനയാണ് ലാബ് റി ഏജന്റുകളും പരിശോധന കിറ്റുകളും വാങ്ങിയിട്ടുള്ളത്. മൂന്ന് സ്ഥാപനങ്ങളുടെ ക്വട്ടേഷൻ ഫയലിൽ ലഭ്യമാണ്. എന്നാൽ ആവശ്യമുള്ള സാധനങ്ങൾ ഒരു നിർദ്ദിഷ്ട കാലത്തേക്ക് സപ്ലൈ ചെയ്യുന്നതിനായി ക്വട്ടേഷനു പരസ്യം നൽകിയതായോ ഇത്തരത്തിൽ വാങ്ങുന്ന ലാബ് റീ ഏജന്റുകളുടെയും ഉപകരണങ്ങളുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി വാങ്ങുന്ന സ്ഥാപനവുമായി കരാർ വച്ചതായോ കാണുന്നില്ല. സർക്കാർ ഉത്തരവ് നം 1/2019/എസ് പി ഡി തീയതി 2.1.2019 പ്രകാരം ലാബ് റീ ഏജന്റുകൾ റെന്റൽ കോൺട്രാക്റ്റ് എന്ന രീതിയിൽ വാങ്ങുന്നതിനായാണ് സ്റ്റോർ പർച്ചേസ് മാന്വലിൽ ഖണ്ഡിക 7.51-ൽ പറഞ്ഞിരിക്കുന്നത്. രോഗനിർണ്ണയത്തിനും ലാബോറട്ടറി പരിശോധനക്കും ആവശ്യമായ ഉപകരണങ്ങൾ വിതരണക്കാരന്റെ ഉടമസ്ഥതയിൽ നിലനിർത്തിയും, ആവശ്യമായ റീ ഏജന്റുകളുടെ വിതരണം , ഉപകരണങ്ങളുടെ സർവ്വീസ് എന്നിവ വിതരണക്കാരൻ നടത്തേണ്ടതാണ് എന്നീ നിബന്ധനകൾ ഉൾപ്പെടുത്തിയും ടെണ്ടർ ക്ഷണിക്കണം എന്നാണ് ഉത്തരവിലുള്ളത് . ഓരോ പരിശോധനക്കും ആവശ്യമായ നിരക്ക് നിശ്ചയിക്കേണ്ടതും നടത്തുന്ന പരിശോധനക്ക് മാത്രം നിരക്ക് നൽകേണ്ടതുമാണ്. ഇപ്രകാരം പദ്ധതി നടപ്പിലാക്കുക വഴി മികച്ച സാങ്കേതിക വിദ്യ കുറഞ്ഞ നിരക്കിൽ ലഭ്യമാകുമ്പോൾ തന്നെ സപ്ലൈർക്ക് അപ്ഗ്രേഡ് ചെയ്യാനും കഴിയുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം 44/2022-23 ,04.10.2023). നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി നിർവഹണം നടത്തിയതിനുള്ള കാരണം വ്യക്തമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-27 മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ക്യാൻസർ നിയന്ത്രണ പദ്ധതി നിർവഹണത്തിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | 109/23 -ക്യാൻസർ നിയന്ത്രണ പദ്ധതി |
| അടങ്കൽ തുക | 20000 വികസനഫണ്ട് പൊതു വിഭാഗം |
| ആകെ ചെലവ് തുക | 19985 |
| ബിൽ നമ്പർ | 267/19.12.2022 – 1500/-<br>569/28.03.2023 – 18485/ |
| നിർവഹണം | മെഡിക്കൽ ഓഫീസർ FHC |

പദ്ധതി പ്രകാരം 18485/- രൂപക്ക് ട്രാവൻകൂർ മെഡിക്കൽസ് & സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ കൂടാതെയാണ് ലാബ് റീ ഏജന്റുകളും ഉപകരണങ്ങളും വാങ്ങിയിട്ടുള്ളത് . ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റും ലഭിച്ചതായി കാണുന്നില്ല. പ്രൊക്വർമെന്റ് മാന്വൽ (സർക്കാർ ഉത്തരവ് നം (അച്ചടി) 259/2010 തീയതി 8.11.2010) ഖണ്ഡിക 3 പ്രകാരം 5000/-രൂപക്ക് മുകളിലെ വാങ്ങലുകൾക്ക് ക്വട്ടേഷൻ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ( ഓഡിറ്റ് എൻക്വയറി നം 45/2022-23, തീയതി 04.10.2023).

വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാത്തതിനുള്ള കാരണം വ്യക്തമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-28 പാലിയേറ്റീവിൽ ഉൾപ്പെട്ട വൃദ്ധജനങ്ങൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങി നൽകൽ 57315/- രൂപയുടെ ടാക്സ് ഇൻവോയിസ് ലഭ്യമല്ല.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | 215/23 -പാലിയേറ്റീവിൽ ഉൾപ്പെട്ട വൃദ്ധജനങ്ങൾക്ക് മരുന്നും |

| | |
|---|---|
| | ഉപകരണങ്ങളും വാങ്ങി നൽകൽ |
| അടങ്കൽ തുക | 125000 വികസനഫണ്ട് പൊതു വിഭാഗം |
| ആകെ ചെലവ് തുക | 71352 |
| ബിൽ നമ്പർ | 336/07.01.2023 |
| നിർവഹണം | മെഡിക്കൽ ഓഫീസർ,FHC |

പാലിയേറ്റീവിൽ ഉൾപ്പെട്ട വൃദ്ധജനങ്ങൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങി നൽകൽ പദ്ധതി പ്രകാരം മാവേലി മെഡിക്കൽ സ്റ്റോർ കല്ലറയിൽ നിന്നും മരുന്ന വാങ്ങിയതുമായി ബന്ധപ്പെട്ട് 71352/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ 57315/-രൂപയുടെ മരുന്നുകൾ ലഭിച്ചതിന്റെ ടാക്സ് ഇൻവോയിസ് ഫയലിൽ ലഭ്യമല്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് ( നം. 46/2022-23, തീയതി 04.10.2023) മറുപടി ലഭ്യമാക്കിയില്ല. ആവശ്യമായ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 ദുരിതാശ്വാസ നിധി രൂപീകരണം മറുപടി ലഭ്യമാക്കിയില്ല

2003-ലെ കേരളപഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി,വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്. ദുരിതാശ്വാസ നിധി രൂപീകരിച്ചുകൊണ്ടുള്ള ഭരണ സമിതി തീരുമാനം ഉണ്ടെങ്കിൽആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് അന്വേഷണ കുറിപ്പ് (നം 53,തീയതി 04. 10.2023). നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

രേഖാമൂലം മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-30 സർക്കാർ അനുമതിയില്ലാതെ വാട്ടർ അതോറിറ്റിയുടെ ആസ്തിയിൽ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനായി തുക ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്റ്റ് നം | 101/23 |
| പ്രോജക്റ്റിന്റെ പേര് | പേഴം മൂട് പമ്പ് ഹൌസിൽ മോട്ടോർ പുനസ്ഥാപിക്കുന്നതിനുള്ള തുക കൈമാറൽ |
| അടങ്കൽ | 2379476 (തനത് ഫണ്ട്) |
| ചെലവ് | 1763000 |
| വൗച്ചർ നം / എ സി ആർ ബിൽ | 22200706/29-12-22 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പേഴംമൂട് പമ്പ് ഹൗസിൽ പുതിയ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനായാണ് മേൽ പ്രോജക്റ്റ് രൂപീകരിച്ചിരിക്കുന്നത്.

28-5-22 ലെ തീരുമാന പ്രകാരം 6(29) പ്രകാരം വാമനപുരം ഗ്രാമ പഞ്ചായത്തിന് സേവിംഗ്സ് ഇനത്തിൽ ലഭിച്ച തുക ഉപയോഗിച്ച് കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പേഴംമൂട് പമ്പ് ഹൌസിലെ പുതിയ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും ഇതിനാവശ്യമായ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടുകയും 16-12-22 തീയതിയിലെ വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ 452/DB3/2022 WSSD/A1-GL/IVPM കത്ത് പ്രകാരം വാമനപുരം കുടിവെള്ള പദ്ധതിയുടെ ആനാകുടി RAW വാട്ടർ പമ്പ് ഹൗസിൽ നിലവിൽ ഒരു സബ്മേഴ്സിബിൾ പമ്പ് സെറ്റാണ് സ്ഥാപിച്ചിരിക്കുന്നതെന്നും ടി പമ്പ് സെറ്റ് കാലപ്പഴക്കം മൂലം കേടാകുകയും കുടിവെള്ള വിതരണം മുടങ്ങുകയും ചെയ്തിട്ടുണ്ടെന്നും. ഈ സാഹചര്യത്തിൽ പുതിയ സ്റ്റാന്റ് ബൈ പമ്പ് സെറ്റ് ആനകുടി പമ്പ് ഹൌസിൽ സ്ഥാപിക്കേണ്ടതുണ്ടെന്നും കേരള ജല അതോറിറ്റിയുടെ നിലവിലുള്ള പദ്ധതികളിൽ പുതിയതായി പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതിയോ ഫണ്ടോ ലഭ്യമല്ലാത്തതിനാൽ ആനാംകുടി പമ്പ് ഹൌസിൽ വാമനപുരം ഗ്രാമ പഞ്ചായത്തിന്റെ ഫണ്ട് പ്രയോജന പ്പെടുത്തി സ്റ്റാന്റ് ബൈ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുകയും സൂചന കത്ത് പ്രകാരം 1763000/-രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും മേൽ വൗച്ചർ പ്രകാരം തനതു ഫണ്ടിൽ നിന്നും തുക അടവാക്കുകയും ചെയ്തിട്ടുണ്ട്. മേൽ പദ്ധതിയുടെ ഫയൽ

പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. സർക്കാർ ഉത്തരവ് 1785/2022/ തസ്വഭവ/ തിയ്യതി 25-7-22 പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ വിവിധ കുടിവെള്ള പദ്ധതികൾക്കായി തദ്ദേശ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുകയിൽ കുടിവെള്ള പ്രോജക്ടുകൾ പൂർത്തിയാക്കിയതിന്റെ ബാക്കി തുക ,ഫീസിബിൾ അല്ലാത്തതിനാൽ ഒഴിവാക്കിയ പദ്ധതികളുടെ തുക എന്നിവ തിരികെ ലഭിച്ചത്, ജലജീവൻ മിഷൻ പദ്ധതിക്കായി സ്ഥലം കണ്ടെത്തൽ , തദ്ദേശ സ്ഥാപനത്തിന്റെ വിഹിതം എന്നിവക്കായി ഉപയോഗിക്കുന്നതിന് അനുമതിയുണ്ട്. എന്നാൽ പഞ്ചായത്തിന്റെ പേരിൽ ആസ്തി ആർജ്ജിക്കുന്നതിനോ , പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ പരിപാലനത്തിനോ അല്ലാതെ കേരള വാട്ടർ അതോറിറ്റി പോലുള്ള അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ ആസ്തികളുടെ പുനരുദ്ധാരണം പോലുള്ള ചെലവുകൾക്കായി തുക ചെലവഴിക്കുന്നതിന് അനുമതിയില്ല. കേരള വാട്ടർ അതോറ്റിയുടെ ഉടമസ്ഥതയിലുള്ള ആസ്തിയിൽ മേൽ പ്രകാരം തുക ചെലവഴിച്ചതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം 22/30-9-23 പ്രകാരം ആവശ്യപ്പെട്ടതിന് സർക്കാർ തീരുമാനം ലഭ്യമായിട്ടില്ല എന്നും ഗ്രാമപഞ്ചായത്തിലെ ആനാകുടി, ദ്ധങ്ങയിൽ , കാഞ്ഞിരെ പാറ , കുറ്റിമൂട് , മേലാറ്റുമൂഴി എന്നീ വാർഡുകളിലെ ജല വിതരണം നടത്തുന്നത് പേഴം മൂട് പമ്പ് ഹൗസ് വഴിയായതിനാൽ ടി മോട്ടോറിന്റെ പ്രവർത്തനം സ്ഥിരമായി തകരാറിലാവുന്നതിനാൽ വളരെ അധികം പരാതികൾ ലഭിച്ച സാഹചര്യത്തിലാണ് പഞ്ചായത്ത് ഫണ്ട് മുടക്കി വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൌസിലെ പമ്പ് സെറ്റിനായി തുക ചെലവഴിക്കേണ്ടിവന്നത് എന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

2. വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെടാതെയാണ് പഞ്ചായത്ത് തുക കൈമാറിയിട്ടുള്ളത്.
3. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ വിവരം എന്നിവ ഫയലിലില്ല.
മേൽ പ്രകാരമുള്ള ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-31 വിനിയോഗ വിവരം ലഭ്യമല്ല- ചെലവു തുക 570000 രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല .

| ക്രമ നം | പദ്ധതി നമ്പർ | പദ്ധതി | സ്ഥാപനം | ഫണ്ടിനം | ബിൽ നമ്പർ/ | തുക |
|---|---|---|---|---|---|---|
| 1 | 116 /23 | ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റ് നിർമ്മാണം | ചെയർ പേഴ്സൺ & മെമ്പർ സെക്രട്ടറി ഡി.പി.സി | വികസന ഫണ്ട്( ജനറൽ) | 123/16-9-22 | 350000* |
| 2 | 79/23 | എസ് എസ് എ വിഹിതം നൽകൽ | ബ്ളോക്ക് പോജക്റ്റ് കോ ഓർഡിനേറ്റർ എസ്.എസ്.എ | വികസന ഫണ്ട് ( ജനറൽ)` | 130/26-9-22 | 100000** |
| 3 | 244/23 | ആശ്വാസ് ഡയാലിസിസ് രോഗികൾക്ക് ചികിൽസാ ധന സഹായം നൽകൽ | ജില്ലാ പഞ്ചായത്ത് | സി എഫ് സി അൺടൈഡ് | 545/28-3-23 | 120000 |

* ബ്ളോക്ക് കോ ഓർഡിനേറ്ററുടെ 16-7-22 തിയ്യതിയിലെ 92/BRC കത്തു പ്രകാരം A/C നം 110006744159 ലേക്ക് തുക കൈമാറുന്നതിനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ 0819101104302 എന്ന അക്കൌണ്ടിലേക്കാണ് തുക കൈമാറിയിരിക്കുന്നത്. അക്കൌണ്ട് മാറിപ്പോയ വിഷയത്തിൽ വ്യക്തത വരുത്തുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-13/27-9-23 ന് മറുപടിയായി 21-22 വർഷം ഈയാവശ്യത്തിനായി തുക കൈമാറിയ അക്കൌണ്ടിലേക്കാണ് തുക നൽകിയിരിക്കുന്നത് എന്നാണ്.

**സ ഉ (കൈ) 115/22 തസ്വഭവ തിയ്യതി-28-5-22 ഖണ്ഡിക .7.6.7-3 പ്രകാരം ഗ്രാമ പഞ്ചായത്തുകളും നഗര ഭരണ സ്ഥാപനങ്ങളുമാണ് പദ്ധതി നടപ്പാക്കേണ്ടതെന്നും ഗ്രാമ പ്രദേശങ്ങളിൽ ബ്ളോക്ക് /ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സംയുക്തമായും പദ്ധതി ഏറ്റെടുക്കാവുന്നതാണ് എന്നും നിഷ്കർഷിക്കുന്നു. ഖണ്ഡിക- 7-6-7-1 പ്രകാരം എല്ലാ വിഭാഗം വൃക്ക രോഗികൾക്കും ഡയാലിസിസ് നടത്തുന്നതിനുള്ള സഹായം ആഴ്ചയിൽ 1000/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000/-രൂപ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകാവുന്നതാണ്.. 18-9-22 തിയ്യതിയിലെ ഡി എ/151/22 തസ്വഭവ സർക്കുലർ പ്രകാരം അതാതു തദ്ദേശ സ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസർമാരെയാണ് ഈ പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥൻമാരാക്കാവുന്നത് .ഗ്രാമ പഞ്ചായത്ത് നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കാർ ഉത്തരവ് പ്രകാരം സ്പഷ്ടമാക്കിയിട്ടും ആയതിനു വിരുദ്ധമായി ജില്ലാ പഞ്ചായത്തിന് പദ്ധതി നിർവ്വഹണത്തിനായി വിഹിതം കൈമാറിയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല .
കൈമാറിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കുന്നതു വരെ 570000/- രൂപയുടെ ചെലവു തടസ്സത്തിൽ വക്കുന്നു.

## 1-32 എസ്റ്റിമേറ്റില്ലാതെയും കരാറിലേർപ്പെടാതെയും ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക കൈമാറൽ-217532/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

എ.

| | |
|---|---|
| പ്രോജക്റ്റ് നം | 117/23 |
| പ്രോജക്റ്റിന്റെ പേര് | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 204400-സി എഫ് സി അൺടൈഡ് |
| ചെലവ് | 198532 |
| ബിൽ നമ്പർ/തീയതി | 298/30-12-22 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമ പഞ്ചായത്തിൽ വിവിധ വാർഡുകളിൽ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റുന്നതിനായി കല്ലറ കെ എസ് ഇ ബി ക്ക് 81875/- രൂപയും വാമനപുരം കെ എസ് ഇ ബിക്ക് 116657/- രൂപയും നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു

1. വാമനപുരം കെ എസ് ഇ ബി ക്ക് തുക കൈമാറിയത് വിശദമായ എസ്റ്റിമേറ്റിന്റെ അഭാവത്തിലാണെന്ന കാണുന്നു. സ്ഥാപനം നൽകിയ ഡിമാന്റ് ലെറ്ററാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(13/29-9-23) മറുപടിയായി കെ എസ് ഇ ബി എസ്റ്റിമേറ്റ് ലഭ്യമാക്കുന്ന മുറക്ക് ഓഡിറ്റ് മുമ്പാകെ ഹാജരാക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.
2 സർക്കാർ ഉത്തരവ് നം /84/2022/തസ്വഭവ തിയ്യതി -19-4-22 അധ്യായം 12 ഖണ്ഡിക (ഡി) (ii)പ്രകാരം തുക കൈമാറുന്നതിന് മുമ്പായി കരാറിലേർപ്പെടേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ടി വ്യവസ്ഥ പാലിക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്.

3. കൈമാറിയ തുകകളുടെ വിനിയോഗ വിവരം, പ്രവർത്തി പൂർത്തീകരണ സാക്ഷ്യ പത്രം , ഫൈനൽ ബില്ലിന്റെ പകർപ്പ്, പെർഫോർമൻസ് റിപ്പോർട്ട് എന്നിവ ഫയലിലില്ല.
മേൽ പ്രകാരമുള്ള രേഖകളുടെ അഭാവത്തിൽ 198532 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി.

| | |
|---|---|
| പ്രോജക്റ്റ് നം | 212/23 |
| പ്രോജക്റ്റിന്റെ പേര് | മിതൃമല ഫാമിലി സബ്സെന്റർ പൈപ്പ് ലൈൻ തുക കൈമാറൽ |
| അടങ്കൽ | 19000-വികസന ഫണ്ട്- ജനറൽ |
| ചെലവ് | 19000 |
| ബിൽ നമ്പർ/തീയതി | 232/6-12-22 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മിതൃമല ഫാമിലി സബ് സെന്ററിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനായി നിലവിലുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് മേൽ പദ്ധതി പ്രകാരം തുക കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കരാറിലേർപ്പെടാതെയാണ് തുക നൽകിയതെന്ന് കാണുന്നു. നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം , പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം എന്നിവ ലഭ്യമല്ല. രേഖകളുടെ അഭാവത്തിൽ 19000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 പൊതു ടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യുന്നതിന് തുക അടവാക്കൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല- ചെലവു തുക 260000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 250/23 |
| പ്രോജക്റ്റിന്റെ പേര് | പൊതു ടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയിൽ തുക അടവാക്കൽ |

| | |
|---|---|
| അടങ്കൽ | ആകെ -260000<br>202595 (സി.എസ്.സി അൺടൈഡ്)<br>57405 (തനത് ഫണ്ട്) |
| ചെലവ് | 260000 |
| വൌച്ചർ നം | 544/28-3-23-202595<br>വൗച്ചർ നം-22300048/28-4-23 തുക-57405 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലെ പ്രവർത്തന രഹിതമായ പൊതുടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യുന്നതിനുള്ള തുക വാട്ടർ അതോറിറ്റിയിൽ ഡെപ്പൊസിറ്റ് ചെയ്യുന്നതിനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്.
15-9-22 തീയതിയിലെ 4( 24) തീരുമാന പ്രകാരം 15 വാർഡുകളിലായി 31 എണ്ണം പൊതു ടാപ്പുകൾ മാത്രം നിലനിർത്തുന്നതിനും ബാക്കിയുള്ളവ വിച്ഛേദിക്കുന്നതിനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് കത്തു നൽകുകയും 12-12-22 ന് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മേൽ ബിൽ പ്രകാരം തുക കൈമാറിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് പദ്ധതി പ്രകാരം കൈമാറിയ തുകക്കുള്ള വിനിയോഗ സാക്ഷ്യ പത്രമോ ആവശ്യപ്പെട്ട പൊതുടാപ്പുകൾ കണക്ഷൻ വിച്ഛേദിച്ചതിന്റെ വിശദാംശങ്ങളോ ലഭ്യമല്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 43/4-10-23 ന് ലഭ്യമാക്കിയ മറുപടിയിൽ പരാമർശ പ്രകാരമുള്ള രേഖകൾ ലഭ്യമല്ല എന്നറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 260000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 ലൈഫ് ഭവന നിർമ്മാണം - പൊതുവായ അപാകങ്ങൾ

ലൈഫ് ഭവന പദ്ധതി – പൊതുവായ അപാകങ്ങൾ

1. സ ഉ ( എം എസ് ) 34/18 ത സ്വ ഭ വ തിയ്യതി-16-3-18 പ്രകാരം ലൈഫ് ഭവനങ്ങളുടെ വിസ്തൃതി 400 ച.അടിയായും പിന്നീട് 600 ച അടിയായും നിശ്ചയിച്ചിട്ടുണ്ട്. സ ഉ ( ആർ ടി ) 2251/18 തസ്വ ഭ വ തിയ്യതി-16-8-18 പ്രകാരം ലൈഫ് പദ്ധതിക്ക് നിശ്ചയിച്ചിരിക്കുന്ന അളവുകളിൽ ഭവനം നിർമ്മിക്കുന്നതിന് കെ പി ബി ആർ പ്രകാരം അനുമതി നല്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയുടെ അപേക്ഷകൾ പരിശോധിച്ചതിൽ സെക്രട്ടറി ഒപ്പിട്ടു നൽകിയ നിരാക്ഷേപ സാക്ഷ്യ പത്രത്തിൽ 100 ച മീറ്റർ കവിയാത്ത ഭവനം നിർമ്മിക്കുന്നതിന് തടസ്സമില്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ നിന്നും വ്യതിചലിച്ച് Noc അനുവദിക്കാനിടയായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 35/3-10-23 ന് മാനദണ്ഡ പ്രകാരമുള്ള അളവ് പാലിച്ചുകൊണ്ടാണ് വീട് നിർമ്മിക്കുന്നതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.

2 . ഗുണഭോക്താക്കൾക്ക് നൽകുന്ന ഫണ്ടുകൾ അക്വിററൻസിൽ തെറ്റായി രേഖപ്പെടുത്തുന്നു. ഉദാ- തുക കൈപ്പറ്റിയ ശ്യാമള . എം. പുഷ്പ വിലാസിനി, രാജി എന്നിവർക്ക് വികസന ഫണ്ടിൽ നിന്നുമാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ ടിയാരുടെ അക്വിറ്റൻസ് പേജുകൾ പരിശോധിച്ചതിൽ ജില്ലാ പഞ്ചായത്ത് വിഹിതം എന്നാണ് ഫണ്ടിനം രേഖപ്പെടുത്തിയിട്ടുള്ളത്.ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അപാകം പരിഹരിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്

3 . അക്വിറ്റൻസ് പരിശോധിച്ചതിൽ ( 20-21 വർഷം) ഭൂരിഭാഗത്തിലും തുക കൈമാറിയ തിയ്യതി , ഫണ്ടിനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ 4 ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾക്കും സ്റ്റേജ് സർട്ടിഫിക്കറ്റ് വച്ചിട്ടില്ല. , കരാറിൽ വിവരങ്ങൾ പൂർണ്ണമായും ചേർത്തിട്ടില്ല., പ്രോജക്റ്റ് നം-102/23 ലെ ഗുണഭോക്താക്കളായ . ലീല . ജെ. മാജിദ ബീവി, രാമസ്വാമി. കെ എന്നിവരുടെ ഫയലിൽ Noc വച്ചിട്ടില്ല. അപാകങ്ങൾക്ക് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നം 35(3) ന് മറുപടി ലഭ്യമാക്കിയില്ല.
4. ഭവന നിർമ്മാണത്തിനായി ഗുണഭോക്താവിന് നൽകിയ തുക അക്വിറ്റൻസിൽ രേഖപ്പെടുത്തുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. പ്രോജക്റ്റ് നം 49/23 പ്രകാരം രാധ എന്ന ഗുണഭോക്താവിന് നൽകിയ വിഹിതം 120000/- രൂപ അക്വിറ്റൻസിൽ രേഖപ്പെടുത്തിയിട്ടില്ല.

പ്രോജക്റ്റ് നം 47/23 പ്രകാരം സുജിത. എസ് വൌച്ചർ നം 22201050/31-3-23 പ്രകാരം 100000/- രൂപ അനുവദിച്ചത് അക്വിറ്റൻസിൽ രേഖപ്പെടുത്തിയിട്ടില്ല.

പ്രോജക്റ്റ് നം 47/23 ൽ ഉൾപ്പെടുത്തി എ സി ആർ ബിൽ നം 217/28-11-22 പ്രകാരം 13000/- രൂപ സിമി . എസിന് നൽകിയിട്ടുണ്ട്. ആയത് അകിറ്റൻസിൽ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 51/23 ന തുകകൾ ചേർക്കാൻ വിട്ടുപോയതാണെന്നും ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് പദ്ധതി നടത്തിപ്പും ഫയൽ സൂക്ഷിപ്പും കൈകാര്യം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾക്ക് അധിക തുക നൽകി- 240000 രൂപ തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം | 48/23 |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് ഹൗസിംഗ് സ്കീം ( ജനറൽ) മൂന്നാം ഘട്ടത്തിൽ നിന്നും രണ്ടാം ഘട്ടത്തിലേക്ക് മാറ്റിയ ഗുണഭോക്താക്കൾക്കുള്ള ഭവനനിർമ്മാണം |
| അടങ്കൽ | 4240000<br>(വികസന ഫണ്ട് പൊതുവിഭാഗം - 320000/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട് -800000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം -480000/-<br>മറ്റുള്ളവ - 2640000/- |
| ചെലവ് | 2580000<br>വികസന ഫണ്ട് ജനറൽ - 320000/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട് -500000<br>മറ്റുള്ളവ - 1760000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ( സർക്കിൾ -2) |

ലൈഫ് മൂന്നാംഘട്ടത്തിൽ നിന്നും രണ്ടാം ഘട്ടത്തിലേക്ക് മാറിയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു

1.നബീസത്ത് ബീവി. ജെ ഷിഫാന മൻസിൽ ആനച്ചൽ എന്ന ഗുണഭോക്താവിന് അക്വിറ്റൻസ് പ്രകാരം 2021-22 വർഷം 360000/- രൂപയും അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| 2-5-21 | 40000 |
| 31-8-21 | 160000 |
| 29-9-21 | 60000 |
| 7-10-21 | 100000 |
| ആകെ | 360000 |

ലൈഫ് പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽ പെട്ട ഗുണഭോക്താവിന് അനുവദിക്കാവുന്നത് 400000/- രൂപയാണ്. മേൽ ബില്ലുകൾ പ്രകാരം അനുവദിച്ച 360000/- രൂപയ്ക്ക് പുറമെ 2022-23 വർഷം ACR Bill No. 43/07/06/2022 എസി ആർ ബിൽ നം 63/1-7-22 എന്നിവ പ്രകാരം ആകെ 80000/- രൂപ (40000/- രൂപ വീതം) കൂടി അനുവദിച്ച കാണുന്നു. ആയത് അക്വിറ്റൻസിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഗുണഭോക്താവിന് അധിക തുക അനുവദിച്ചത് എന്തുകൊണ്ടാണെന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 48(3) ന് മറുപടി ലഭ്യമാക്കിയില്ല.

2 . ലീല W/0 രാമസ്വാമി . കെ ,ചരുവിള വീട് , എലിക്കോട്ടുകോണം എന്ന വ്യക്തിക്ക് 2021-22, 2022-23 വർഷങ്ങളിൽ താഴെ ചേർക്കും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. അക്വിറ്റൻസ് പേജിൽ തുക നൽകിയ തിയ്യതികൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. ( A/c No-67200368796)

| | | |
|---|---|---|
| 1 | 5-3-22( Project-60/22 Bill Ref No-21010852063901254861) | 40000 |
| 2 | ബിൽ നം-480/16/3/23( Project No-102/23) | 40000 |
| 3 | വൗച്ചർ നം-22200120/9 /5/22( Project No-48/23) ചെക്ക് നം-76270/17-5-22 | 100000 |
| 4 | വൗച്ചർ നം-22200208/16 /6/22( Project No-48/23) ചെക്ക് നം-263657/3-6-22 | 100000 |
| 5 | വൗച്ചർ നം-22200357/6 /8/22( Project No-48/23) ചെക്ക് നം-263661/3-8-22 | 100000 |

| | | |
|---|---|---|
| 6 | വൗച്ചർ നം-22200483/6 /10/22( Project No-48/23) ചെക്ക് നം-263664/16-9-22 | 100000 |
| 7 | വൗച്ചർ നം-22200997/29 /3/23( Project No-48/23) ചെക്ക് നം-263675/24-3-23 | 20000 |
| | ആകെ | 500000 |

അധികമായി അനുവദിച്ച 100000 രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. മാജിദ ബീവി എന്ന വ്യക്തിക്ക് 21-22 , 22-23 വർഷങ്ങളിലായി താഴെ ചേർക്കും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| 2-3-22( Project-60/22 Bill Ref No-21010852063901230855) | 40000 |
| ബിൽ നം-480/16/3/23( Project No-102/23) | 40000 |
| വൌച്ചർ നം-22200307/12 /7/22( Project No-48/23) ചെക്ക് നം-263658/7-7-22 | 100000 |
| വൗച്ചർ നം-22200481/6 /10/22( Project No-48/23) ചെക്ക് നം-263664/16-9-22 | 120000 |
| വൗച്ചർ നം-22200668/7 /12/22( Project No-48/23) ചെക്ക് നം-263667/30-11-22 | 100000 |
| വൗച്ചർ നം-22200861/13 /2/23( Project No-48/23) ചെക്ക് -നം-263671/10-2-23 | 100000 |
| ആകെ | 500000 |

അധികമായി അനുവദിച്ച 100000/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആയതു വരെ ക്രമ നമ്പർ 1, 2, 3 എന്നിവ പ്രകാരം അധികമായി നൽകിയ 240000/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തടസ്സപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-36 ലൈഫ് ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

2020-21 , 2021-22 വർഷത്തെ ലൈഫ് അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | കരാർ വർഷം | അവസാനം തുക കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയത് |
|---|---|---|---|
| അശ്വതി.ഒ<br>പണയിൽ വീട്<br>കരിംകുറ്റിക്കര | 2020-21 | 22-7-20 | 200000 |
| അനീഷ്.എ<br>മുളവന വീട്<br>മേലാറ്റുമുറി | 2020-21 | 12-3-21 | 40000 |
| ദിനേശ് കുമാർ<br>കിഴക്കുംകര വീട്<br>കാഞ്ഞിരം പാറ | 2020-21 | തീയതി രേഖപ്പെടുത്തിയിട്ടില്ല | 80000 |
| മോളി.എൽ | 2020-21 | തീയതി | 140000 |

| | | | |
|---|---|---|---|
| മുളവന വീട്<br>മേലാറ്റു മൂഴി | | രേഖപ്പെടുത്തിയിട്ടില്ല | |
| വിമല.പി<br>ചിറത്തലക്കൽ വീട് | 2020-21 | 26-7-22 | 140000 |
| താഹിറ ബീവി<br>ലക്ഷം വീട്,ആനച്ചൽ | 2020-21 | തീയതി<br>രേഖപ്പെടുത്തിയിട്ടില്ല | 40000 |

ലൈഫ് ഗുണഭോക്താക്കളുമായി ഏർപ്പെടുന്ന കരാർ പ്രകാരം 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തികരിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ കരാർ വച്ച് രണ്ടു വർഷമായിട്ടും മേൽ പറഞ്ഞ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-37 വാല്യുവേഷന്റെ അഭാവത്തിൽ രണ്ടാം ഗഡു അനുവദിച്ചു- 50000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 17/23 |
| പ്രോജക്റ്റിന്റെ പേര് | പട്ടിക ജാതി വിദ്യാർഥികൾക്ക് പഠന മുറി |
| അടങ്കൽ | 358850 (എസ് സി പി) |
| ചെലവ് | 300000 (എസ് സി പി) |
| ബിൽ നം | 109/30-8-23-തുക 50000<br>259/15.12.22<br>തുക 100000<br>425/22.02.23<br>തുക 50000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ-1 |

പദ്ധതി പ്രകാരം 4 ഗുണഭോക്താക്കൾക്ക് പഠന മുറി നിർമ്മാണത്തിനായി തുക അനുവദിച്ചു നൽകിയിട്ടുണ്ട്. അശ്വതി മോൾ (ആതിര) ആതിര ഭവൻ, ആനാകുടി എന്ന ഗുണഭോക്താവ് 50000/- രൂപ തൻവർഷം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെ കുറിച്ച് ആരാഞ്ഞതിൽ ടിയാരിക്ക് രണ്ടു ഗഡുക്കളായി 50000/- രൂപ വീതം അനുവദിച്ചെങ്കിലും ടിയാരി യഥാസമയം നിർമ്മാണം പൂർത്തീകരിച്ചില്ലെന്നും നിരവധി തവണ കത്തുകൾ മുഖേനയും നേരിട്ടും അറിയിപ്പ് നൽകിയെങ്കിലും നിർമ്മാണ പുരോഗതി ഉണ്ടാവാത്ത സാഹചര്യത്തിൽ 8-3-23 ലെ 3(18) കമ്മറ്റി തീരുമാന പ്രകാരം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (54/4-10-23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാല്യൂവേഷന്റെ അഭാവത്തിൽ രണ്ടാം ഗഡുവായ 50000/- രൂപ അനുവദിച്ചതെങ്ങിനെയെന്ന് വ്യക്തമാക്കിയിട്ടില്ല. കമ്മറ്റി തീരുമാന പ്രകാരമുള്ള തുടർ നടപടിയുടെ വിശദാംശം ലഭ്യമാക്കിയില്ല. തുടർ നടപടി വിവരം രേഖകൾ സഹിതം ലഭ്യമാക്കുന്നതു വരെക്കും തൻവർഷം നൽകിയ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-38 വാട്ടർ ടാങ്ക് വിതരണം- അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 150/23 |
| പ്രോജക്റ്റിന്റെ പേര് | പട്ടിക ജാതി ഗുണഭോക്തക്കൾക്ക് പി വി സി വാട്ടർ ടാങ്ക് വിതരണം (Scp) |
| അടങ്കൽ | വികസനഫണ്ട്(scp) + ഗു വിഹിതം<br>238150+78625 |
| ചെലവ് | 216450+0 |
| ബിൽ നമ്പർ | 541/28.3.23 |
| നിർവഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ സർക്കിൾ-1 |

പദ്ധതി പ്രകാരം 78 ഗുണഭോക്താക്കൾക്ക് പി വി സി വാട്ടർ ടാങ്കുകൾ നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ടെണ്ടർ ക്ഷണിച്ചതിൽ 4 സ്ഥാപനങ്ങൾ പങ്കെടുത്തതിൽ സാമ്പിൾ പരിശോധിച്ചതിന്റെയും ഗുണമേന്മ ഉറപ്പ് വരുത്തിയ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനത്തിന്റേയും 16-2-23 ലെ കമ്മിറ്റി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ നിരക്ക് ക്വാട്ട് ചെയ്ത (3700/-രൂപ) ക്യാപിറ്റൽ പോളിമേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും 1-3-23 ൽ സപ്ലൈ ഓർഡർ നൽകുകയും താഴെ ചേർക്കുന്ന ഇൻവോയ്സുകൾ പ്രകാരം 78 ടാങ്കുകൾ സപ്ലൈ ചെയ്യുകയും ചെയ്തു.

| ഇൻവോയ്സ് നമ്പർ | തുക | എണ്ണം |
|---|---|---|

| | | |
|---|---|---|
| B2B/2005/15-3-23 | 3700 | 1 |
| B2B/1951/7-3-23 | 148000 | 40 |
| B2B/1992/14-3-23 | 55500 | 15 |
| B2B/2004/15-3-23 | 33300 | 9 |
| B2B/1993/14-3-23 | 48100 | 13 |
| ആകെ | 288600 | 78 |

പദ്ധതി പ്രകാരം ടാങ്കുകൾ വിതരണം ചെയ്യുന്നതിനായി രസീത് നം-122010453/10-3-23- പ്രകാരം 41625 രൂപയും, രസീത് നം-122010109/29-3-23 പ്രകാരം-23125/-രൂപയും അടക്കം 70 ഗുണഭോക്താക്കളിൽ നിന്ന് 64750/-രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ വിതരണം ചെയ്ത 78 ടാങ്കുകളുടെ എണ്ണത്തിന്റെ സബ്സിഡി ഇനത്തിലെ തുക മാത്രമാണ് (78*2775) നൽകിയിരിക്കുന്നത്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് ചെലവഴിച്ചിട്ടുമില്ല. ആകെ 70 ഗുണഭോക്താക്കളുടെ വിഹിതം മാത്രമാണ് തൻ വർഷം പിരിച്ചെടുത്തിരിക്കുന്നത്. ഇക്കാര്യത്തിൽ നല്കിയ ഓഡിററ് എൻക്വയറിക്ക് മറുപടിയായി 69 ടാങ്കുകളാണ് ആദ്യം ലഭിച്ചതെന്നും 9 ടാങ്കുകൾ പിന്നീടാണ് ലഭിച്ചതെന്നുമാണ്. 8 ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനു മുൻപുതന്നെ 8 പേരുടെയും സബ്സിഡി ഇനത്തിലെ തുക കൈമാറിയത് ക്രമ പ്രകാരമല്ല. ഗുണഭോക്തൃ വിഹിതമിനത്തിൽ തനത് ഫണ്ടിൽ അടവാക്കിയിട്ടുള്ള ബാക്കി തുക കൂടി സ്ഥാപനത്തിന് നൽകി വാങ്ങൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-39 ആസ്തി സംരക്ഷണം, ആസ്തി രജിസ്റ്റർ കാലികമാക്കൽ എന്നിവ പൂർണ്ണമായും നടപ്പിലായില്ല

എ) ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കി പുതുക്കി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്.

ബി)പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെ വിശദാംശങ്ങളും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (42/4-10-23) തദ്ദേശ സ്ഥാപനങ്ങളിലെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിലേക്കായി റോഡ് കണക്ടിവിറ്റി മാപ്പിംഗ് തയ്യാറാക്കുന്നതിലേക്കായി KSREC തയ്യാറാക്കിയ ഓൺലൈൻ പ്ളാററ്ഫോമായ ആർ ട്രാക്ക് വഴി ഫേസ് 1 ൽ 2020-21 വർഷം എൽ എസ് ജി ഡി എഞ്ചിനീയർ വിവരശേഖരണം നടത്തിയിരുന്നു. ടി പ്രവർത്തിയുടെ ഫേസ്-1 വെരിഫിക്കേഷൻ സംബന്ധിച്ച് 2021-22 ൽ പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

ഫേസ് 1 നടപ്പിലായതിന്റെ അടിസ്ഥാനത്തിൽ കണക്ററിവിറ്റി പ്ളാൻ , റോഡ് ലിസ്റ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വെരിഫിക്കേഷൻ ( ഫേസ്-2) അപ്രൂവൽ ഫേസ് ( ഫേസ് -3) കഴിയുന്നതോടെ മാത്രമെ ആസ്തി രജിസ്റ്റർ കുറ്റമറ്റതും ആധികാരികവും ആവുകയുള്ളൂ എന്നും നിലവിൽ ഫെയ്സ് -2 വെരിഫിക്കേഷൻ നടന്നു വരികയാണെന്നും ആർട്രാക്കുമായി ബന്ധപ്പെട്ട് നടത്തുന്ന നടപടികൾക്കുശേഷം പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ , ജി പി എസ് അടിസ്ഥാനമാക്കിയ കണക്ടിവിറ്റി പ്ളാൻ തയാറാക്കി എല്ലാ നോൺ മൂവബിൾ ആസ്തികളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതിയുടെ പേര് | സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അടങ്കൽ | സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | സോളാർ ഫെൻസിംഗ് 176/23 | 100000 | 100000 |
| | സ്നേഹ സ്പർശം സ്കോളർഷിപ്പ് -127/23 | 267000 | 267000 |
| | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി 110/23 | 3,00,000 | 3,00,000 |
| ആകെ | | | 667000 |
| ജില്ലാ പഞ്ചായത്ത് | കേദാരം 126/23 | 210000 | 72250 |
| | ലൈഫ് ഭവനപദ്ധതി 112/23 | 760000 | 760000 |
| | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 127/23 | 2,76,000 | 2,42725 |
| | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി 110/23 | 1,00,000 | 49823 |
| ആകെ | | | 1124798 |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് വിവരങ്ങൾ

| | (B4 ഷെഡ്യൂൾ) (2021-22) | വരവ് | ആകെ | ചെലവ് (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (2022-23) (B4 ഷെഡ്യൂൾ ) |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 53,382 | 667000 | 720382 | 667000 | 53,382 | 53,382 |
| ജില്ലാ പഞ്ചായത്ത് | 18,31,894 | 1124798 | 2956692 | 1124798 | 18,31,894 | 1493237 |

ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ നീക്കിയിരിപ്പിൽ വ്യത്യാസം ഉണ്ട്. അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | KWA | 212/23 മിതൃമല ഫാമിലി സബ്സെന്റർ പൈപ്പ് ലൈൻ തുക കൈമാറൽ | 19000 | 0 | 19000 |
| | | 101/23 പേഴുമൂട് പമ്പ് ഹൗസിൽ പമ്പ് സ്ഥാപിക്കുന്നതിനായുള്ള തുക കൈമാറൽ | 1763000 | 0 | 1763000 |
| | | 250/23 പൊതുടാപ്പുകൾ ഡിസ്കണക്ട് ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയിൽ തുക അടവാക്കൽ | 260000 | 0 | 260000 |
| 2 | KSEB | 117/23 ഇലക്ട്രിക് പോസ്റ്റ് മാറ്റിവെക്കൽ | 198532 | 0 | 198532 |
| 3 | Ground Water Authority | 225/23 വിവിധ അംഗനവാടികളിൽ കുഴൽ കിണർ നിർമ്മാണം | 203233 | 0 | 203233 |

2022-23 ലെ ഡെപ്പോസിറ്റ് വർക്കിനത്തിലെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | മുന്നിരിപ്പ് | തൻവർഷം | ആകെ | വിനിയോഗസാക്ഷ്യപത്രം | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | നൽകിയ തുക സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം | | ലഭിച്ചത്/തിരികെ അടവാക്കിയ തുക | | (AFS പ്രകാരം) |
| വാട്ടർ അതോറിറ്റി | 14167179 | 2042000 | 16209179 | 3124257 | 13084922 | 1,3008517* |
| KSEB | 339560 | 198532 | 538092 | Nil | 538092 | 339560* |
| ANERT | 505000 | 0 | 505000 | Nil | 505000 | 505000 |
| Ground Water | 72099 | 203233 | 275332 | Nil | 275332 | 275332 |

* വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വാർഷിക ധനകാര്യ പത്രിക പ്രകാരം

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷ വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക (തൻവർഷ ബി5 പ്രകാരം) |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | 36152154 | 9360000 | 3513487 | | 41998667 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ലഭ്യമാക്കിയില്ല

## 4-8 ചാർജ് സർചാർജ് നടപടി വിവരം

ലഭ്യമാക്കിയില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 10946544 |
| ഓഡിറ്റ് വർഷത്തെ വരവ് | 47483803 |
| ആകെ | 58430347 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 42257995 |
| നീക്കിയിരിപ്പ് | 16172352 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1097532 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 450000 | ശ്രീ. മനോജ് എസ്, സെക്രട്ടറി |
| 1-31 | 120000 | ശ്രീമതി. ഓമന ദേവദാസ്, സെക്രട്ടറി |
| 1-32-എ | 198532 | ശ്രീമതി. ഓമന ദേവദാസ്, സെക്രട്ടറി |
| 1-32-ബി | 19000 | ശ്രീമതി. ഓമന ദേവദാസ്, സെക്രട്ടറി |
| 1-33 | 260000 | ശ്രീമതി. ഓമന ദേവദാസ്, സെക്രട്ടറി |
| 1-37 | 50000 | ശ്രീമതി. ശാരിക. ജെ.എസ് (വി ഇ ഒ സർക്കിൾ -1) |
| ആകെ | 1097532 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മനോജ്. എസ്. സെക്രട്ടറി | ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം | മാനസ സരസ്, ഇടവക്കോട്, ശ്രീകാര്യം.പി.ഒ |
| ശ്രീമതി. ഓമന ദേവദാസ് | ജോയിന്റ് ഡയറക്ടർ ഓഫീസ് | ARRA-32<br>അവിട്ടം റോഡ്<br>മെഡിക്കൽ കോളേജ്. പി ഒ<br>തിരുവനന്തപുരം |
| ശ്രീമതി.ശാരിക. ജെ.എസ് | വർക്കല ബ്ളോക്ക് | ജെ.എസ് ഭവൻ<br>മാവേലി നഗർ<br>വാമനപുരം പി.ഒ, വാമനപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| | | |
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 7 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 12 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 15 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 7 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 4 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 17 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 9 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 6 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 7 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/1976 /2022 തീയതി: 25/10/22 | 7 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജിപി.10/522/2018 തീയതി: 17.04.2018 | 9 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജി.പി.10/2589/2018 തീയതി : .10/19 | 6 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1061/2020 തീയതി 17/02/21 | 36 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജിപി.10/1576/2021 തീയതി : 07/12/21 | 41 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജിപി.10/746/2022 തീയതി : 11/06/22 | 41 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജിപി.13/261/2022 തീയതി : 20/03/23 | 29 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 25-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vamanapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vamanapuram Grama Panchayat for the year 2022-2023

Date: 16/11/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Vamanapuram Grama Panchayat for the Year 2022-2023

.

**1.Major Observations**

1. The amount for which utilization certificate received from Water Authority (Rs. 2981710 /- deposited with water authority for various projects for Drinking water sources) has not been transferred into asset.

2. As per RP(40b) of this year, there is a balance of Rs.13924 in Nationalized bank account of Own revenue fund. It is not actually an existing account.

3. Non-disclosure of assets

The following amounts remaining to be collected are not included in B-15 (Sundry Debtors Receivables) schedule.

a) Profession Tax Institutions/Traders -Rs. 58740
b) Sale of usufructs of trees -Rs.400

4. Deficit account for the institution. Expenditure( 176410994) exceeds Income( 176410305) as per Income & Expenditure Statement.

**2.Other Observations**

1. The following mandatory functional statements prescribed in acoounting rules are not submitted for audit.
eg. Notes to accounts, ratios.
2. Statement related to B-1 Shedule (Adjusted performance for the current year) has not been submitted with the annual financial statement.

3. Assets/liabilities as per previous year's general ledger trial balance have not been matched with current year's opening balance of general ledger trial balance.
But current year's general ledger trial balance is consistent with the previous year's balance sheet.
4. Cashflow statement-Net increase/decrease in cashflow (Rs. 5225808) does not match with the difference between the opening balance and closing balance (5938105) of cash and cash equivalance

5. Cheques of Rs.45167 deposited but not credited into SBI own fund account No. 7056735744 till date.
6. Cheques issued to State bank of India(life) (A/C No. 38065025350- Cheque No. 69369 dtd 02.07.2019 amount 60000/-) and to SBI Own Fund (A/C No. 7056735744, No of Cheques 32, Amount 200580/-) uncashed for more than three months were not transferred to Stale Cheque Account.
7. Lapses of authenticated journal vouchers for supporting the adjustment entries recorded in prior period items

8. The amount returned from Kerala Water Authority on completion of Deposit Works (Rs. 3124257/-, CFC grant) has not been adjusted in the corresponing liability head in B- 4 Schedule.
9. The following registers are not maintained.
eg. Appropriation control register of state share and central share, loan register, advance register, deposit register
10. The Closing Balnace of Sub Treasury Joint Venture Account No.799011400001344 and Sub Treasury Kilimanoor (LGTSB) Bankbook shows negative balance (-)90903 , (-)340022 respectively.
12. Amounts are withdrawn by cheque before being recorded in the bank book.

Eg-

| Voucher No/Date | Item | Amount | Cheque No/Date | Withdrawal Date |
|---|---|---|---|---|
| 22200366/10.08.22 | Subhiksha Hotel Inauguration Sound system | 10000 | 152507/01.07.22 | 01.07.2022 |
| 22200134/23.05.22 | Purchasing Vehicle Accessories | 11950 | 076248/27.04.22 | 27.04.22 |

13. Demand register does not match with annual financial statements.
eg. building tax(current), building tax (arrear), proffession tax (institutions), rent of shopping complex, auction, licence.
14. Lapses in making timely and accurate demand entries in respect of tax and non tax revenue.
15. No provision has been recorded in Schedule B9 of the balance sheet for any expenditure that may not be met within the financial year (eg salaries for March 2023, honorarium of representatives, fuel expenses.
16. The amount spent (Rs. 204846) for Complimentary Nutrition Programme using own fund is journalized in ICDS central Share head. Hence there is a difference in the closing balance of ICDS central Share head in B-4 Schedule.

17. Grant liabilty amount shown as liabilty in balancesheet does not match with treasury account opened for the specified grant account ( Sub Treasury Joint Venture Account No.799011400001344, Balance as per B4 Schedule is 1546619, Balance as per B 17 Schedule - (-)90903).

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്